# അറബ്ദേശം ഒരഗ്നിപർവ്വതം:

## (കെ. ഹംസത്ത്)

(ജനറൽ സിക്രട്ടരി)

**ലോ**ക രാഷ്ട്രീയരംഗത്ത് മദ്ധ്യപൌരസ്ത്യദേശം ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കയാണ്. സൌഹാർദ്ദത്തിൻെറയും സഹിഷ്ണുതയുടെയും സന്ദേശം ആദ്യമായി മുഴങ്ങിക്കേട്ട അറബ്ദേശത്തിൻെറ അന്തരീക്ഷത്തിൽ പടഹദ്ധ്വനിയാണു നാം ഇന്നു കേൾക്കുന്നത്. മദ്ധ്യപൌരസ്ത്യദേശത്തിൻെറ അന്തരീക്ഷം വിഷകലുഷിതമാണ്. ജിഹാദ്‌വിളി മുറുകുകയും, അതിർത്തിലംഘനങ്ങൾ തുടരുകയുംചെയ്താൽ അവിടത്തെ മരുന്നറക്ക് തീപ്പിടിക്കും. സമാധാനദൂതന്മാരുടെ പുണ്യാവതാരംകൊണ്ടു് പരിപാവനമായ ആ ഭൂമി മരുന്നറയാക്കിമാററിയത് സാമ്രാജ്യശക്തികളാണ്. ആ മരുന്നറക്ക് ച്ചുററും തീക്ഷ്ണവികാരങ്ങളുടെ ഉഗ്രമായ സംഘട്ടനം നടന്നുകൊണ്ടിരിക്കയാണ്. നാലായിരം കൊല്ലങ്ങളോളം ലോകത്തിൽ ഒരുസ്ഥലത്തും സങ്കേതമില്ലാതെ അലഞ്ഞുനടന്നിരുന്ന യഹൂദികളെ അറബ്‌രാഷ്ട്രത്തിൻെറ ഹൃദയത്തിൽ സാമ്രാജ്യശക്തികളുടെ ബയനററിൻെറ തണലിൽ ഒരു കൃത്രിമസങ്കേതം സൃഷ്ടിച്ച് അതിൽ അവരെ കുടിയിരുത്തിയതോടുകൂടിയാണ് ഇന്ന്കാണുന്ന അസ്വാസ്ഥ്യങ്ങൾ അറബ്ദേശത്ത് പൊട്ടിപ്പുറപ്പെട്ടത്. അറബ്—ഇസ്രായീൽ തക്കത്തിന്നു് പരിഹാരം കാണാത്തകാലത്തോളം അറേബ്യയുടെ ചുട്ടുപഴുത്തഅന്തരീക്ഷത്തിന്നു് മാററമുണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നതു്അവിവേകമാണ്.



1918ൽ ഓട്ടോമൻ ഭരണത്തിൽനിന്നു് മോചിപ്പിക്കപ്പെട്ട ഫലസ്തീൻ പ്രദേശത്ത് 12 ലക്ഷം അറബികളും 8 ലക്ഷം യഹൂദന്മാരുമാണുണ്ടായിരുന്നത്. ഫലസ്തീനിൽ പരമാധികാരമുള്ള ഒരു ജൂതരാഷ്ട്രം സ്ഥാപിക്കുവാൻ യഹൂദികളും, അതിന്നനുവദിക്കയില്ലെന്ന് അറബികളും വാദിച്ചുപോന്നു. 1947ലെ ഫലസ്തീൻകമ്മീഷൻെറ റിപ്പോർട്ട്ചിലഭേദഗതികൾ വരുത്തിക്കൊണ്ട് ഐക്യരാഷ്ട്രജനറൽ അസംബ്ലി അംഗീകരിച്ചു.യഹൂദികൾ സന്തോഷപൂർവ്വം ആ റിപ്പോർട്ട്സ്വീകരിച്ചു. സാമ്രാജ്യശക്തികൾ അറബ്ദേശീയതത്വത്തിന്നെതിരിൽ നടത്തിയ പരോക്ഷമായ യുദ്ധപ്രഖ്യാപനമായിരുന്ന അതു്. അറബികൾ തങ്ങളുടെ അവസാനത്തെ തുള്ളി രക്തംചിന്തിയും കൃത്രിമരാഷ്ട്രത്തിൻെറ നിർമ്മാണത്തെ തടയണമെന്നു് ബൈറൂത്തിൽചേർന്ന അറബ്‌രാഷ്ട്രങ്ങളുടെ വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ പ്രഖ്യാപിച്ചു. അടുത്തദിവസം അറബ്‌രാഷ്ട്രങ്ങളുടെ സൈന്യങ്ങൾ ഫലസ്തീനിൽ പ്രവേശിച്ചു യുദ്ധംതുടങ്ങി. തുടർന്നുണ്ടായ അനുരഞ്ജനശ്രമങ്ങളുടെ ഫലമായി 1947 ജ

നവരി 14ന് അറബ്‌രാഷ്ട്രങ്ങളും ഇസ്രായിലും ഒരു യുദ്ധവിരാമസന്ധിയിൽ ഒപ്പ് വെച്ചു.

ഈ കൃത്രിമരാഷ്ട്രത്തെക്കുറിച്ചു മഹാനായ ഗാന്ധിജിയുടെഅഭിപ്രായം ശ്രദ്ധേയമാണ്. "ഇംഗ്ലണ്ട് ഏതുപോലെ ഇംഗ്ലീഷുകാരുടെതാണൊ, ഫ്രാൻസ് ഏതുപോലെ ഫ്രഞ്ചുകാരുടെതാണൊ അതുപോലെത്തന്നെ ഫലസ്തീൻ അറബികളുടേതാണ്. ജൂതന്മാരെ അറബികളുടെമേൽ വെച്ചുകെട്ടുന്നതുതെററാണ്. ഫലസ്തീനെ ഭാഗികമായൊ, പൂർണ്ണമായോ ജൂതന്മാർക്ക് ദേശീയ ഗേഹമാക്കി കൊടുത്ത്, അഭിമാനികളായ അറബികളെ ഇടിച്ച്താഴ്ത്തുന്നതു തീച്ച്യായും മനുഷ്യത്വത്തിന്നെതിരായ ഒരു പാതകമാണ്."

ഇസ്രായിൽരാഷ്ട്രം പ്രഖ്യാപിച്ച 10ാമത്തെ മിനുട്ടിൽ അമേരിക്ക അതിനെ അംഗീകരിച്ചു. യുദ്ധവിരാമകാലത്ത് പാശ്ചാത്യ ശക്തികൾ ഇസ്രായിലിനെ മുക്കററം ആയുധമണിയിച്ചു. അക്കാലത്ത് അറബ്‌രാഷ്ട്രങ്ങൾക്ക് ഒരു തോക്കുപോലും പാശ്ചാത്യർ നല്കിയില്ല. ഇസ്രായിൽ ഈജിപ്തിനെ അക്രമിച്ചപ്പോൾ ബ്രിട്ടനും, ഫ്രാൻസും ഇസ്രായിലിനെ സഹായിച്ചു. ഇസ്രായിലിൻെറ നിലനില്പിൽ അമേരിക്കക്ക് ആകാംക്ഷയുണ്ട്. അതിൻെറ ദേശീയവരുമാനത്തിൽ മൂന്നിൽ ഒന്ന് അമേരിക്ക കൊടുക്കുന്നതാണ് അറബികളുടെ തീഷ്ണവികാരത്തിൽ പശ്ചാത്യരുടെ എണ്ണക്കുത്തക ആവിയായിപ്പോകുമോ എന്ന ഭയം അവരെ അലട്ടിക്കൊണ്ടിരിക്കുന്നു. മദ്ധ്യപൌരസ്ത്യദേശത്ത് അമേരിക്കയുടെ കാലുറപ്പിക്കുവാൻപാററിയ ഏററവുംനല്ല സ്ഥലം ഫലസ്തീനാണെന്നവർ കരുതുന്നു.

ഒരു ജൂതൻ അഞ്ചാറ് അഭിമാനികളായ അറബികളെ ഒതുക്കിനിർത്തുന്നതായിട്ടാണ് നാം കാണുന്നത്. യഹൂദരുടെ മനസ്സിൽ അവരുടെ പുണ്യഭൂമി യൂഫ്രട്ടീസ് മുതൽ നൈൽവരെ വ്യാപിച്ചുകിടക്കുന്നു. തൽഫലമായിട്ടാണ് പലപ്പോഴും അതൃത്തികൾ ലംഘിക്കപ്പെടുന്നത്. ഇസ്രായിലിൻെറയും സിറിയയുടെയും, ഇസ്രായിലിൻെറയും ജോർഡാൻെറയും, ഇസ്രായിലിന്റെയും ഈജിപ്തിൻെറയും അതിർത്തികളിൽ വെടിമരുന്നിൻെറ പുക കൂടക്കൂടെ കാണപ്പെടുന്നതു്. ഗാസയുടെയും, നിസായുടെയും നേർക്കുള്ള ഇസ്രായിലിൻെറ ഇരമ്പിക്കയററം ലോകം മറന്നിട്ടില്ല. ഇസ്രായിലിന്ന് ചുററുമുള്ളത് അതിനെ അംഗീകരിക്കാത്ത രാഷ്ട്രങ്ങളാണ്. യഹൂദരാഷ്ട്രം തങ്ങളുടെ മാറിടത്തിലേക്കു കുത്തിയിറക്കുവാൻ പാശ്ചാത്യശക്തികളുടെ പിടിയിലുള്ള കഠാരിയാണെന്നു അറബിരാഷ്ട്രങ്ങൾ കരുതുന്നു. പാശ്ചാത്യരുടെ കൃത്രിമസൃഷ്ടിയായ ഇസ്രായിലിനെ ഭൂപടത്തിൽനിന്നു മാച്ചുകളയണമെന്നതാണ് അറബികളുടെനില. ചുരുക്കത്തിൽ മദ്ധ്യപൌരസ്ത്യദേശം പൊട്ടിത്തെറിക്കാനടുത്ത ഒരു അഗ്നിപർവ്വതമായി രൂപാന്തരപ്പെട്ടിരിക്കയാണ്. അതൃത്തി വികസിപ്പിക്കാനുള്ള യഹൂദരുടെ സംരംഭത്തിന്ന് പാശ്ചാത്യശക്തികളുടെ കണ്ണടച്ച സഹായം ലഭിക്കുമ്പോൾ ആ നാശകാരിയായ അഗ്നിപർവ്വതം പൊട്ടിത്തെറിച്ചേക്കും.

സാമ്രാജ്യശക്തികൾ സംശയത്തോടും ഭീതിയോടുംകൂടി ഉററുനോക്കുന്ന ഒരു രാജ്യമാണ് ഈജിപ്ത്. പാശ്ചാത്യസാമ്രാജ്യശക്തി മദ്ധ്യപൌരസ്ത്യദേശത്തേക്ക് വ്യാപിപ്പിക്കുവാൻ ശ്രമിച്ച സിംഹപരാക്രമിയായ റിച്ചാർഡിനെ അറേബ്യയുടെ മണ്ണിൽ മുട്ടുകുത്തിക്കുവാൻ അറബിജനത സലാഹുദ്ദീൻെറ നേതൃത്വത്തിൽ അണിനിരന്നപോലെ സാമ്രാജ്യശക്തികളെ അറേബ്യൻ മണ്ണിൽനിന്ന് തുരത്തുവാൻ നാസിറിൻെറ

നേതൃത്വത്തിൽ അറേബ്യൻജനത ഒരിക്കൽ കൂടി ആവേശപൂർവ്വം അണിനിരന്നിരിക്കയാണ്. അറബികളുടെ അസൂയാവഹമായ ഐക്യച്ചങ്ങല പൊട്ടിക്കുവാൻ സാമ്രാജ്യദ്രോഹികൾ സർവ്വ കുതന്ത്രങ്ങളും പ്രയോഗിച്ചുവരുന്നുണ്ട്.

ഹൃദയമുള്ളവരെ ഇരുത്തിച്ചിന്തിപ്പിക്കുന്ന വേദനാജനകമായ ഒരു ചരിത്രമാണ് മദ്ധ്യപൌരസ്ത്യദേശത്തിന്നുള്ളത്. സാമ്രാജ്യശക്തികളുടെ ഭീമമായ ചൂഷണത്തിന്നും, വാഗ്ദാനലംഘനങ്ങൾക്കും വിധേയമാവാത്ത ഒരൊററ രാഷ്ട്രവും മദ്ധ്യപൌരസ്ത്യദേശത്തില്ല. അറബിദേശീയബോധം തുർക്കികൾക്കെതിരായി പാശ്ചാത്യശക്തികൾ തട്ടിയുണർത്തി. ആ ദേശീയബോധം ഇന്നു് സർവ്വസാമ്രാജ്യശക്തികൾക്കുമെതിരായി ഒരു കൊടുങ്കാററ്പോലെ തിരിഞ്ഞു വീശിയിരിക്കയാണ്.

സൂയസ്സ് ദേശസാൽകരിച്ചതിന്നുശേഷം നാസിർചെയ്ത പ്രഖ്യാപനത്തിൽ അറബികൾ ഉണരണമെന്നും മൊറോക്കോ മുതൽ ബഗ്ദാദ്വരെ മോചിപ്പിക്കുവാൻ അറബികൾ ഒരുങ്ങിയിരിക്കണമെന്നും ആഹ്വാനംചെയ്യുകയുണ്ടായി. ഈ ആഹ്വാനംകേട്ട അറബികൾ ഉണർന്നിരിക്കയാണ്. നഷ്ടപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാൻ അവർ വെമ്പൽകൊള്ളുന്നു. സ്വാതന്ത്ര്യം അടിയറവെക്കുവാൻ ഇനി അറബിജനത തയ്യാറില്ല. പക്ഷെ സാമ്രാജ്യശക്തികളുടെ നുഴഞ്ഞുകയററവും, കുത്തിത്തിരിപ്പുംകാരണം അറബിരാഷ്ട്രങ്ങൾക്കിടയിൽ നേരിയ വിടവുകൾ സൃഷ്ടിക്കപ്പെടുന്നു. എന്നാൽ അറബ്ജനതയുടെ ഐക്യം വൈകാരികമാണ്. പൊതുഭാഷയും, സംസ്കാരവും, പാരമ്പര്യവും സർവ്വോപരി ഇസ്ലാംമതവും, അതിൻെറ പ്രധാനഘടകങ്ങളാണ്. സൂയസ്സ് സംഭവകാലത്ത് അറബികളുടെ ഐക്യം ലോകത്തിന്നു് മനസ്സിലാക്കിക്കൊടുത്തു.

ഈജിപ്തിന്നു്നേരെ ഒരാക്രമണമുണ്ടായപ്പോൾ അഞ്ച് അറബ് രാഷ്ട്രങ്ങൾ ഫ്രാൻസുമായും, മൂന്നു അറബ് രാഷ്ട്രങ്ങൾ ബ്രിട്ടനുമായും തന്ത്രബന്ധം ഉപേക്ഷിച്ചു. സിറിയയും ഇറാഖും ജോർഡാനും ഈജിപ്തിന്നുവേണ്ടി സൈന്യങ്ങളെ രൂപീകരിച്ചു. സാധാരണ പാശ്ചാത്യച്ചേരിയിൽ നില്ക്കുന്ന ഇറാഖ് പോലും അന്നു് ഈജിപ്തിൻെറ കൂടെയായിരുന്നതാനും. തനിക്കുള്ളതും ഈജിപ്തിന്നുള്ളതാണെന്നു് സഊദ്രാജാവ് പ്രഖ്യാപിച്ചു. 'അൽവൊദ്' പോലെയുള്ള പത്രങ്ങൾ അറബ് ജനതക്ക് അന്നു് ആവേശം നല്കി. അതോടുകൂടി ബാഗ്ദാദ് മുതൽ ബൈറൂത്ത്വരേയും, മക്കമുതൽ പേർഷ്യൻഉൾക്കടൽവരേയും എണ്ണയെ സംബന്ധിച്ച മുറവിളി ഉയർന്നു ആ മുറവിളി സാമ്രാജ്യശക്തികളെ പിടിച്ചുകലുക്കുകതന്നെ ചെയ്തു.

പാശ്ചാത്യരുടെ മറെറാരു ആശാകേന്ദ്രമായിരുന്നു ലബനാൻ. ബൈറൂത്ത് അമേരിക്കയുടെ രാഷ്ട്രീയത്താവളം തന്നെയായിരുന്നു. അറബ് ദേശീയബോധത്തിന്നെതിരായി അമേരിക്ക പ്രത്യക്ഷമായും, പരോക്ഷമായും പ്രവർത്തിക്കുന്നത് മനസ്സിലാക്കിയ ലബനാൻ ജനത അമേരിക്കയെ പഠിപ്പിക്കുകതന്നെ ചെയ്തു. കെട്ടുകഥകളെ വലിച്ചെറിഞ്ഞ് അറബി ജനത യാഥാർത്ഥലോകത്തിലേക്കു് തിരിച്ചുവരികയാണ്. നാസറുടെ ഉദയം, സൂയസ്സ് സംഭവം, ഐസൽഹോവർപദ്ധതി, മുതലായവ അറബികളുടെ വളർന്നുവരുന്ന ദേശീയബോധത്തിന്നു് വളമായിത്തീർന്നിരിക്കയാണ്. സ്വാതന്ത്ര്യദാഹം മദ്ധ്യപൌരസ്ത്യദേശത്ത് വർദ്ധിച്ചുവരികയാണ്. അവിടുത്തെ ജനങ്ങളിൽ പാശ്ചാത്യസാമ്രാജ്യത്വ

വിരുദ്ധവികാരത്തിന്ന് തീഷ്ണത കൂടിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ കാഹളം അവിടെ ഊതുമ്പോൾ അടിമത്തനുകംപൊട്ടിത്തെറിക്കും അതോടൊപ്പം തന്നെ സാമ്രാജ്യത്വതാല്പര്യങ്ങൾ ആവിയായിപ്പോകും.

ജോർഡാനിലേയും, സഊദിഅറേബ്യയിലേയും രാജാക്കന്മാരെ പാട്ടിലാക്കാൻ അമേരിക്കക്കും, എണ്ണശേഖരന്മാരെ അധികാരത്തിൽവാഴിക്കാൻ ബ്രിട്ടനുംസാധിച്ചിട്ടുണ്ട്. രാജാക്കന്മാരോട് സന്ധിയും, ജനങ്ങളോട് സമരവും നടത്തുകയാണ് സാമ്രാജ്യശക്തികൾ. അറബ് ദേശീയബോധം കമ്മ്യൂണിസമായി ചിത്രീകരിക്കുവാനുള്ള ഒരു വാസനയാണ് അമേരിക്കക്കുള്ളത്. ദേശീയത പരസ്യമായ പ്രസ്ഥാനമാണെന്നും, കമ്യൂണിസം അണ്ടർഗ്രൗണ്ട് പ്രസ്ഥാനമാണെന്നും നാസിർ ഒരിക്കൽ അമേരിക്കയെ ഓർമ്മപ്പെടുത്തുകയുണ്ടായി. മദ്ധ്യധരണ്യാഴിമുതൽ പേർഷ്യൻഉൾക്കടൽവരെയുള്ള ജനത ഒരേ തരത്തിൽ ചിന്തിക്കുവാൻ തുടങ്ങീട്ടുണ്ടെന്നു അമേരിക്കൻ സാമ്രാജ്യമേധാവികൾക്കിനിയും മനസ്സിലായിട്ടില്ല. ആട്ടിനെ പട്ടിയാക്കുന്ന പ്രചാരവേല അമേരിക്ക ഉപേക്ഷിക്കാൻ തെയ്യാറില്ലെങ്കിൽ അറബ്‌ലോകത്തിലെ അർദ്ധചന്ദ്രനിൽനിന്ന് ഒരു പക്ഷെ ചുകന്ന നിലാവ് വീശിയേക്കാം. അതിന്നുള്ള മുഴുവൻ ഉത്തരവാദിത്വവും അമേരിക്ക ഏറെറടുക്കേണ്ടിവരും.

ഇസ്രായിലിന്റെ സ്ഥാപനം മാത്രമല്ല, റഷ്യയുടെ നുഴഞ്ഞുകയററവും ബ്രിട്ടീഷ്–അമേരിക്കൻ സാമ്രാജ ശക്തികളുടെ പ്രവർത്തനവും ഇന്നു അറബ്‌ദേശത്ത് നില്ക്കുന്ന കാലത്തോളം അറബ്‌ദേശത്ത് സമാധാനം സ്ഥാപിക്കുവാൻ സാദ്ധ്യമല്ല. റഷ്യൻ വലയിൽ വലുന്ന രണ്ടു രാഷ്ട്രങ്ങൾ കുടുങ്ങിക്കഴിഞ്ഞു. സിറിയ, ഈജിപ്ത് തുടങ്ങിയ രാഷ്ട്രങ്ങളിലെ ഗവർമ്മെണ്ടിനെ മറിച്ചിടാൻ ബ്രിട്ടീഷ്–അമേരിക്കൻ ശക്തികളും, ഇറാഖ്, ലബനാൻ തുർക്കി മുതലായരാഷ്ട്രങ്ങളിലെ ഗവർമ്മേണ്ടിനെ തകിടം മറിക്കാൻ റഷ്യൻ ചേരികളും, ഉററു ശ്രമിക്കുന്നുണ്ട്. സിറിയ റഷ്യൻ ആയുധവും തുർക്കി അമേരിക്കൻ ആയുധവും ലോഭമന്യെ വാങ്ങി അണിഞ്ഞൊരുങ്ങുന്നു. പക്ഷെ, അറബ് ജനതയുടെ ദേശീയബോധം സാമ്രാജ്യത്വത്തിന്നെതിരായി ആഞ്ഞിരമ്പുകയാണ്. സാമ്രാജ്യത്വത്തിന്റെ നിഷ്ഠുരമായ മർദ്ദനമേല്ക്കാത്ത ഒരൊററ രാഷ്ട്രംപോലും മദ്ധ്യപൌരസ്ത്യദേശത്തില്ല. 41 കൊല്ലം മുമ്പാണ് സഊദി അറേബ്യക്ക് സ്വാതന്ത്ര്യം ലഭിച്ചത്. 24 രാഷ്ട്രങ്ങളുള്ള അറബിദേശത്ത് പല രാഷ്ട്രങ്ങൾക്കും സ്വാതന്ത്ര്യം ലഭിക്കേണ്ടതുണ്ട്. ടുണീഷ്യ, മൊറോക്കോ മുതലായ രാഷ്ട്രങ്ങൾക്ക് ഇയ്യിടെമാത്രമാണു സ്വാതന്ത്ര്യം ലഭിച്ചത്. 12 രാഷ്ട്രങ്ങൾക്ക് ഇനിയും അവിടെ സ്വാതന്ത്ര്യം ലഭിക്കേണ്ടതുണ്ട്. അൾജീരിയയിൽ നടക്കുന്ന നരനായാട്ടിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ മനുഷ്യഹൃദയത്തെ മരവിപ്പിക്കുവാൻ പര്യാപ്തങ്ങളാണ്.

റഷ്യയും, അമേരിക്കയും സൃഷ്ടിച്ച സാമ്രാജ്യത്വ ശാക്തികച്ചേരികളുടെ പ്രവർത്തനഫലമായി അറബ്‌ദേശം ഇന്നൊരു പൊട്ടിത്തെറിക്കാനടുത്ത അഗ്നിപർവ്വതമായി രൂപാന്തരപ്പെട്ടിരിക്കയാണ്. സാമ്രാജ്യശക്തികളുടെ ആയുധങ്ങളുടെ മൂർച്ച പരിശോധിക്കുവാൻപററിയ സ്ഥലം അറേബ്യയുടെ മാറിടമാണെന്നവർ കരുതുന്നു. സാമ്രാജ ശക്തികൾ കെട്ടിപ്പടുത്ത ആയുധപ്പുരക്ക് ചുററും എണ്ണപ്പാടങ്ങളാണെന്നു അവർ മനസ്സിലാക്കുന്നില്ല. പുകഞ്ഞുകൊണ്ടിരിക്കുന്ന ആയുധപ്പുരക്ക് ചുററുമുള്ള എണ്ണപ്പാടങ്ങൾക്ക് തീപ്പിടിച്ചുകഴിഞ്ഞാൽ അതു കെടുത്തുക സാദ്ധ്യമല്ല. മനുഷ്യൻ നാളിതുവരെ നേടിവെച്ച

വൻ സമ്പത്തും പരിഷ്കാരവും ആ തീയിൽ പെട്ട് ചാമ്പലായിപ്പോകും ലോകത്തിന്ന് വമ്പിച്ച വിപത്തുകൂടാതെ കഴിക്കുവാനും ലോകത്ത് സമാധാനം സ്ഥാപിക്കുവാനും സാമ്രാജ്യശക്തികൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവിടുത്തെ കോളനികൾക്കും, ആശ്രിത കോളനികൾക്കും പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ച്, മദ്ധ്യപൌരസ്ത്യദേശത്ത് പരസ്യവും, പരോക്ഷവുമായ ഇടപെടലുകളിൽനിന്ന് സാമ്രാജ്യശക്തികൾ പിന്തിരിയേണ്ടിയിരിക്കുന്നു. അതോടൊപ്പം അറബ് ദേശീയതം ഒരു ഫെഡറൻ രൂപം പ്രാപിക്കുകയും ചെയ്യട്ടെ.

---

"എത്തേണ്ടതാമിടത്തെത്തിയാലും ശരി
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നെ കുതിക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവിട്ടിമെതിച്ചുഞാൻ"

—വള്ളത്തോൾ

"ഉടലോർക്കുക ബാഹ്യ,മായതിൻ
തടവും ലോകമതീവബാഹ്യമാം
സ്ഫുടസൌഹൃദമാന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി, ദേഹികൾ"

—ആശാൻ

# ഐക്യരാഷ്ട്രസഭയും

# ലോകസമാധാനവും

(വി. ഹസ്സൻകോയ, സീനിയർ ബി. കോം.)

**ലോ**കമാസകലമുള്ള ജനതക്കു ആശ്വാസം നല്കുന്നതായിരുന്ന 1945ലെ ആ സുസ്മരണീയവസന്തകാലം. അന്നായിരുന്ന ലോകരാഷ്ട്രങ്ങൾ സമാധാനമാർഗ്ഗത്തിലൂടെ ചരിക്കുമെന്നു പ്രതിജ്ഞ ചെയ്തത്. മനുഷ്യവംശത്തിന്നു രണ്ടു തവണ അതിരില്ലാത്ത യാതനകളും, കെടുതികളും വരുത്തിത്തീർത്ത യുദ്ധബാധയിൽനിന്നു വരുന്ന തലമുറയെ ഞങ്ങൾ രക്ഷിക്കും എന്ന ദൃഢപ്രതിജ്ഞയോടുകൂടിയായിരുന്നു, സാൻഫ്രാൻസിസ്കോവിൽ സമ്മേളിച്ച ലോകനേതാക്കന്മാർ 1945 ഒക്ടോബർ 24–ാംനു ഐക്യരാഷ്ട്രശാസനപത്രികയിൽ ഒപ്പുവെച്ചത്.

ഒന്നാംലോകമഹായുദ്ധത്തിൻെറ തിക്താനുഭവമാണ് ലോകത്തെ ഒരു സമാധാനസംഘടനയുടെ ആവശ്യകതയെ കുറിച്ചു ചിന്തിക്കുവാൻ പ്രേരിപ്പിച്ചത്. യാതനയനുഭവിക്കുന്ന ലോകത്തെ രക്ഷിപ്പാൻ അന്നു അമേരിക്കൻ പ്രസിഡണ്ടായിരുന്ന വുഡ്റോ വിൽസൺ ഉന്നയിച്ച 14 പോയിൻറുകളിലൊന്നായിരുന്നു സർവ്വരാഷ്ട്രസമിതി. പക്ഷെ തൻെറ സ്വന്തം രാജ്യംതന്നെ താൻ സ്വീകരിച്ച നയത്തെ നിരസിക്കുകയും, സഖ്യത്തിൽനിന്നു പിൻമാറുകയും ചെയ്തതോടുകൂടി ആ സമാധാനസംഘടന അസ്തമിച്ചു. അങ്ങിനെ, ലോകം വീണ്ടും അസമാധാനത്തിലേക്കു കാൽവഴുതി വീണു. രണ്ടാംലോകമഹായുദ്ധത്തിൻെറ കരിനിഴൽപാടുകൾ അന്തരീക്ഷത്തിലാകമാനം വ്യാപിച്ചു. ഭയങ്കരമായ ആ യുദ്ധത്തിൻെറ കഠോരചെയ്തികളാണ് യു. എൻ. ഒ. വിൻെറ പിറവിയെ അനിവാര്യമാക്കിത്തീർത്തത്.

ആധുനികമനുഷ്യൻെറ സുപ്രധാനലക്ഷ്യമായ സമാധാനത്തെ പ്രവർത്തനരൂപത്തിലാക്കുക, രാഷ്ട്രാന്തരീയ സഹകരണത്തോടെ ലോകപ്രശ്നങ്ങൾക്കു പരിഹാരം നേടുക, ജനതയുടെ സമാവകാശം, സ്വയം നിർണ്ണയാവകാശം എന്നീ പ്രമാണങ്ങൾ ആദരിച്ചുകൊണ്ടു ലോകരാഷ്ട്രങ്ങൾക്കിടയിൽ സൗഹാർദ്ദബന്ധം പുലർത്തുക, വർഗ്ഗം, മതം, ലിംഗം, ഭാഷ എന്നിവയെ ഗണിക്കാതെ സർവ്വർക്കുമുള്ള മൗലികസ്വാതന്ത്ര്യങ്ങളേയും മനുഷ്യാവകാശങ്ങളേയും ആദരിക്കുക എന്നിവയാണ് യു. എൻ. ഒ. വിൻെറ ലക്ഷ്യങ്ങളും പ്രമാണങ്ങളും. ഇത്തരം ലക്ഷ്യങ്ങളിലേക്കുള്ള യു. എൻ. ഒ. വിൻെറ പ്രയാണം വിവിധശാഖാസംഘടനകളിലൂടെയാണ്. അതിൻെറ പ്രധാന ഘടകമായ ജനറലസംബ്ലി കൊല്ലത്തിലൊരിക്കൽ പാരീസ്സിലോ ന്യൂയോർക്കിലോ സമ്മേളിച്ച് അന്തരാഷ്ട്രീയതർക്കങ്ങളെ കുറിച്ചു വാദപ്രതിവാദം നടത്തുന്നു. ലോകരാഷ്ട്രങ്ങൾക്കു അന്യോന്യം പരിചയപ്പെടുവാനുള്ള ഒരു രംഗംകൂടിയാണിത്. സാർവ്വലൗകികസമാധാനങ്ങൾക്കു ഏററവും ചുമതലപ്പെട്ട യു. എൻ. ഒ. വിൻെറ ഘടകം രക്ഷാസമിതിയാണ്. ഇത് രാഷ്ട്രാന്തരീയ തർക്കങ്ങൾക്കു സമാധാനപരമായ പോംവഴികൾ നിർദ്ദേശിക്കുന്നു. അതിൻെറ മൂന്നാമത്തൊരു ഘട

കം ഹേഗിലെ നീതിന്യായക്കോടതിയാകു ന്നു. ഇത് ലോകതർക്കങ്ങളെകുറിച്ച്‌ തീർപ്പ് കല്പിക്കുന്നു. പതിനഞ്ചു ജഡ്ജിമാരടങ്ങിയ ഈ കോടതിയുടെ തീരുമാനമംഗീകരിക്കാൻ രാഷ്ട്രങ്ങളെല്ലാം ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

ലോകത്ത് സമ്പൽസമൃദ്ധമായ ഒരു മനുഷ്യസമുദായം കെട്ടിപ്പടുക്കുവാൻ ചുമതലപ്പെട്ട ഐക്യരാഷ്ട്രഘടകം സാമ്പത്തിക–സാമൂഹ്യകൗൺസിലാകുന്നു. ഈ സമിതി സാമുദായികവും, വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ കാര്യങ്ങളെകുറിച്ച്‌ ചർച്ച നടത്തി തീരുമാനമെടുക്കുകയും, വമ്പിച്ച തോതിൽ ദുരിതനിവാരണശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. ഐക്യരാഷ്ട്രസഭയുടെ ഹൃദയസ്ഥാനമായ സിക്രട്ടരിയേററിൽ അംഗരാഷ്ട്രങ്ങളിൽനിന്നുള്ള 4000ത്തിൽ പരം സേവകന്മാർ പ്രവർത്തിയെടുക്കുന്നുണ്ട്. യു. എൻ. ഒ. വിന്റെ കീഴിലുള്ള സ്വയംഭരണമില്ലാത്ത പ്രദേശങ്ങളുടെ സംരക്ഷണം ട്രസ്റ്റീഷിപ്പ് കമ്മററിയാണ് നിർവ്വഹിക്കുന്നത്. ഐക്യരാഷ്ട്രപ്രമാണങ്ങൾക്കനുസരിച്ച്‌ അവർ കൂടക്കൂടെ അത്തരം പ്രദേശങ്ങൾ സന്ദർശിക്കുകയും, സഭക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. ഈ ആറ് പ്രധാന ശാഖകൾ കൂടാതെ വേറെയും ഉപശാഖകളും ഏജൻസികളും യു. എൻ. ഒ. വിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

യു. എൻ. ഒ. വിന്നു എന്തെല്ലാം നേട്ടങ്ങളാണ് കൈവന്നിട്ടുള്ളതെന്നു ചിന്തിക്കുമ്പോൾ സർവ്വരാഷ്ട്രലീഗിന്റെ ഉന്മൂലനാശത്തിന്നുത്തരവാദിയായ ഭീഷണി നിറഞ്ഞ അന്തരീക്ഷത്തിലൂടെ ഈ സംഘടനക്കും ചലിക്കേണ്ടതായി വന്നിട്ടുണ്ട് എന്ന വസ്തുത നമുക്ക് വിസ്മരിക്കവയ്യ. പക്ഷെ ഈ ഘട്ടത്തിന്നിടക്ക് അത് സുപ്രധാനങ്ങളും അഭിനന്ദനാർഹങ്ങളുമായ പല തീരുമാനങ്ങളുമെടുക്കുകയുണ്ടായിട്ടുണ്ട്. ഫലസ്തീനിൽ അറബികളും ജൂതന്മാരും ഏററുമുട്ടിയപ്പോൾ അതിന്നു പരിഹാരം യു. എൻ. ഒ. ആണ് നിർദ്ദേശിച്ചത്. സിറിയ, ലെബനോൺ മുതലായ രാഷ്ട്രങ്ങൾക്കു സ്വാതന്ത്ര്യം വാങ്ങികൊടുക്കുവാൻ അതിന്നു കഴിഞ്ഞു. കാശ്മീരിൽ വെടിനിർത്തൽ ഏർപ്പെടുത്തി. ഐക്യരാഷ്ട്രസേന തെ. കൊറിയയിൽ വീരസമരം നടത്തി. ഈജിപ്തിനും ഇസ്രായിലിന്നുമിടക്കുള്ള ഗാസാപ്രദേശം ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിലാണ്.

ആധുനികലോകത്ത് മനുഷ്യന്നുള്ള സ്ഥാനം മാനിക്കപ്പെടാതെ പോകുന്നത് മൂലമാണ് സമാധാനത്തിന്നുള്ള മിക്ക പ്രതിബന്ധങ്ങളും സംജാതമാകുന്നത്. ലോകമെങ്ങുമുള്ള ജനതയുടെ മനുഷ്യാവകാശങ്ങൾ സാർവ്വത്രികമായി ആദരിക്കപ്പെടണമെന്നു നിർദ്ദേശിക്കുന്ന ഒരു പ്രഖ്യാപനം ചെയ്യാൻ യു. എൻ. ഒ. ബാദ്ധ്യതപ്പെട്ടത് തന്മൂലമാണ്. അനേകകാലത്തെ ചിന്തയുടെയും കൂടിയാലോചനകളുടെയും ഫലമായി 1948 ഡിസമ്പ്ര്മാസത്തിൽ ലോകപ്രസിദ്ധമായ മനുഷ്യാവകാശപ്രഖ്യാപനം ഒപ്പുവെച്ചു.

ഇത്തരം മഹത്തരമായ പല കാര്യങ്ങളും നിർവ്വഹിച്ച യു. എൻ. ഒ.വിന്നു പ്രസ്താവിക്കത്തക്കതായ പല ന്യൂനതകളുമുണ്ടെന്ന പരമാർത്ഥം വിസ്മരിക്കാവതല്ല. സമാധാനമാഗ്രഹിക്കുന്ന ഏതൊരു രാഷ്ട്രത്തിന്നും പ്രവേശിക്കുവാൻ യു. എൻ. ഒ.വിന്റെ കവാടം തുറന്നിട്ടിരിക്കുന്നു എന്ന പ്രമാണത്തെ അതെത്രമാത്രം വിലമതിക്കുന്നുണ്ടെന്ന വസ്തുത ഈയിടത്തെ ജനറലസംബ്ളി യോഗനടപടികൾ വ്യക്തമാക്കുന്നുണ്ട്. ലോകത്തിന്റെ അഞ്ചിലൊരു ഭാഗം ജനത നിവസിക്കുന്ന ജനകീയചൈനക്കു യു. എൻ. ഒ. വിൽ ഒരു

പ്രതിനിധിയില്ലെന്നതുപരിതാപകരമാണ്. പ്രത്യക്ഷത്തിൽ ഉണർന്നുകഴിഞ്ഞ ഏഷ്യയെ അവഗണിക്കലൊണതു്.

സമാധാനം ഇന്നും ഒരവിശ്വസനീയ വസ്തുതയായിത്തന്നെ സ്ഥിതിചെയ്യുകയാണു്. ലോകം സമാധാനത്തിന്നായി മുറവിളി കൂട്ടുമ്പോൾ വൻകോയ്മകൾ പടക്കോപ്പണിയുകയാണ്. നശീകരണായുധങ്ങളുടെ നിർമ്മാണത്തെ തടഞ്ഞു്, ശാസ്ത്രീയകഴിവുകൾ ലോകനന്മക്കായി വിനിയോഗിക്കുവാൻ യു. എൻ. ഒ. വിന്നു ഇതേവരെ കഴിഞ്ഞിട്ടില്ല. തെക്കെ ആഫ്രിക്കയുടെ വർഗ്ഗീയവിവേചനനയം, ആൾജീരിയയിലെ നരനായാട്ടു് തുടങ്ങിയവ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പരസ്യമായ ലംഘനമത്രെ. ചൈന, ആൾജീരിയ മുതലായവ എനിയും വായിക്കപ്പെടേണ്ട അദ്ധ്യായങ്ങളായിട്ടാണ് അവശേഷിക്കുന്നതു്. വൻശക്തികളുടെ സ്വാർത്ഥലാഭത്തിന്നു വേണ്ടിയുള്ള സ്വാധീനം ചെലുത്തലിന്റെ നഗ്നമായ രൂപങ്ങളാണ് ഇവയിൽ പ്രതിബിംബിക്കുന്നതു്.

ലോകസമാധാനത്തിന്നു വേണ്ടിയും രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്നുവേണ്ടിയും സർവ്വരാഷ്ട്രലീഗ് സ്ഥാപിതമായപ്പോളുണ്ടായിരുന്ന ചിന്താഗതിയിൽ നിന്നു ആധുനികലോകം അതിദൂരം മുന്നിട്ടുപോയിരിക്കുന്നു. യു. എൻ. ഒ. പ്രബലമായ ലോകഗവമ്മെണ്ടായി വളർന്നു, മനുഷ്യനു ജീവിക്കുവാനും വികസിക്കുവാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചാൽ മാത്രമെ ലോകത്തു് ശാശ്വതസമാധാനം സംജാതമാകുകയുള്ളൂ. ലോകത്തിലെ തല്ക്കാലസ്ഥിതികൾ എത്രമേൽ ഉൽകണ്ഠാകുലമായിരുന്നാലും, അടുത്ത ഭാവിയിൽതന്നെ ഈ ലക്ഷ്യത്തെ പ്രാപിക്കുവാൻ ഐക്യരാഷ്ട്രസഭക്കു് കഴിയുമെന്നു നമുക്കാശിക്കാം.

# "Census in India"

(M. K. Vijayan, B. Sc. Sr.)

THE benefits of having a record containing the facts and figures of each and every individual were known in ancient India and under the Mauryas there was a special department to look after this work.

The word Census has its origin in the Latin word 'CENSERE' which means a registered statement of particulars of property, income, slaves, children and so on. This was then prepared by 'Censors' for fixing taxes, but later they found it beneficial in keeping a detailed record of the entire population. The Mauryas in 17th Century B. C. introduced it for the first time in India. The method employed was almost similar to the modern statistical way.

Servius Teltius, the Roman Administrator of VIth Century B. C. is believed to be the first individual to organize a statistical enumeration in the history of the world. Julius Ceasar seems to have organised these operations practically, during the first Century B. C. In great Britain, the first Official census was recorded in 1801. Sweeden for the first time did it in 1749 but France had her's recorded in 1700. United States of America took the first record of her population in 1790 on British model. France and Germany are carrying out these operations once in every five yeas; on the other hand the rest are doing this once in every ten years.

In all these countries, there are temporary departments to look after the affairs of census operations. In India, we took the first census, on British model, in 1884 under the guidance of Lord Ripon. Now we are repeating the same once in every ten years starting from 1881. Under the Census Act of 1900, England started keeping records of population with the details of age, sex, name, rank and profession, marriage etc. They also recorded the physical conditions of individuals, namely height, weight, etc; and whether the persons were blind, dumb, deaf, insane and so on and so forth.

Muslim in India seem to have started counting big buildings and bungalows or khanne, during their reign, from which formed the word 'KHAANESHUMAAR'. This is a word in Urdu meaning Census. A more clear picture of these operations which existed in ancient India can be had from Kautilya's Arthasastra. From this we are able to note that in IIIrd Century B. C. Census operations were recorded almost daily. The principal aim of these was to control population movements. This book of Kautilya indicates that the Indians, in those times, took great interest in knowing all about their Mother Country. The object of those records were, in Kautilya's words, purely political and economic. They fixed the taxes on the basi

of this Census result. The village offlcials made records consisting the required details of every person in a village. They also recorded the income and expense of each individual. They also noted the movements of people, especially merchants into and out of the town. They enumerated domestic animals also and made arrangements for their treatment in case of disease (under Asoka's reign). Toll charges were also levied from merchants, when they moved out with the goods. Megasthenes also has given us a clear view of the State of affairs, in those days, in his book which he wrote after his visit to India.

As Fer as population control is concerned there were no fixed regulations. A buddhist record informs us that Bindusara, the Emperor, has 101 sons by 16 wives and Asoka became Emperor after killing 99 of his brothers. A Burmese king who died in 1819 had 122 children and 208 grand-children. But our Dharmasastras clearly abhore over indulgence in sex relations and advise us to have only one son to ensure spiritual redemption.

The present day Indian Census supplies us with more details of a statistical investigation. The various stages in any investigations, namely, planning the enquiry, preparation of questionaries, collection of information and diagramatic representation are well implied in the Indian Census, which is an investigation on a continued scale. The preliminary arrangements of the Census begin about a year in advance of the exact date of census. The census commissioner is the head of the Administrative machinery. There are a number of Superintendants under the Commissioner who are assisted by many Government servants, employees of local bodies, teachers etc. The last andimportant person in this Department is the enumerator on whom rests the entire burden and character of the whole investigation. In India the enumerators work on an honorary basis and this makes the Indian Census unique. Other countries are paying enumerators for their work.

Mere counting of heads is not the only purpose of enquiry. Many other aspects of human life can also be brought within the domain of census. The schedule, used in 1931 Census in India, contained 18 columns. It gave space to the information like religion, sex, economic status, literacy, etc. of the people. The column headings are self-explanatory and further instructions were also supplied wherever necessary. A practical training was given to the enumerators in filling the schedule correctly. Before the commencement of actual Census a preliminary survey is conducted. And these data are checked on the date of census, which is usually declared a public holiday to enable all citizens to take their respective part in this important affair.

The Census of 1941 was met with several and important changes. The schedules were abolished and the enumeration was conducted on slips. Prior to 1941 the informations used to be copiedout from schedules on to slips and then the tabulation was done. By this change the task of copying almost came to an end and also the printing fares diminished. Another change was made by introducing a preliminary survey and in this the total number of people in each house, along with age and sex is noted. It helped to correct to some extent the wrong enumeration.

In 1951 Census, there was a complete centralisation of printing and mechanical

tabulation was done. This proved to be a great advantage in the census enumeration in India. Information was collected on new items. 1951 Census has a special significance, for it was the first Census conducted after India got her freedom.

Reports of Census have been issued in 17 volumes which are divided into five parts. The rest sixteen volumes, consisting of 58 parts contain the state census reports. 307 district census hand books are also available. The National Register of Citizens has been prepared, which can supply information about individuals. Every village and ward of the town has a register of its own and this serves as a frame work for surveys conducted on the random sample basis.

The last census has shown that the population of India is 35 crores. The most populous city is Calcutta; second is Bombay and Delhi stands the third. In Deccan, women are in a majority but the total number of women in India is one crore less than men. The heavy increase in the population has troubled the Government and it is trying to control through Family planning. Thus, the Census figures, when closely studied, bring to light many of the interesting but difficult problems which are yet to be solved so as to raise the status of our Motherland.



# ചങ്ങമ്പുഴ—പ്രേമഗാനം പൊഴിച്ച പൂങ്കുയിൽ

(പി. കുഞ്ഞിരാമൻ Final B. Com.)

"ഭാവി ഭൂതകാലത്തെ വിസ്മരിക്കാൻ ധൈര്യപ്പെട്ടുന്നതുവരെ അദ്ദേഹത്തിൻെറ ചരിത്രം മാറെറാലികൊള്ളും; കീത്തി അനന്തമായ കാലത്തിലൂടെ അലയടിക്കും;" എന്നു് 'കിററ്സി'നെക്കുറിച്ച് 'ഷെല്ലി' പറഞ്ഞ അഭിപ്രായമാണ്, സവ്വസാഹോദയ്യ സമത്വത്തിന്നുവേണ്ടി ഹൃദയ വിപഞ്ചികമീട്ടി അതിൻെറ ഗാനമധുരിയിൽ നിസ്സീമമായ ഒരു വികാരമണ്ഡലത്തിൻെറ ആവിഷ്കരണം നിവ്വഹിച്ച ചങ്ങമ്പുഴയെപ്പററിയും പറയാനുള്ളതു്.

കൈരളി, നാളിതുവരെ കണ്ടിട്ടില്ലാത്ത ഒരു കാവ്യപ്രവാഹമാണ്, വെറും പതിമൂന്നു കൊല്ലങ്ങളിലായി ചങ്ങമ്പുഴയിൽനിന്നും ഉണ്ടായതു്. വിശേഷാത്തരകാവ്യങ്ങളിലൊന്നായിഗണിക്കപ്പെട്ട 'രമണ'നെഴുതാൻ 22 വയസ്സായ ആ ഗാനലോലന്നു് രണ്ടു മാസമെ വേണ്ടിവന്നുള്ളു. * കേരളപ്പൂവാടിയിൽ സുഗന്ധം പരത്തിയ ആ സുന്ദരസുമം അധികകാലം നിന്നില്ല.

"ലോകമറിയുമോ രാഗം തുളുമ്പുമെ—
ന്നേകാന്തതതൻ പരിശുദ്ധ സേവനം"
[നിവ്വാണമണ്ഡലം]

എന്നു് കാമിനിയുടെ കടക്കൺകോണിൽ കവിതദശിച്ച ആ വാനമ്പാടി, തൻെറ പ്രേമസായൂജ്യസാന്ദ്രമായ സങ്കല്പങ്ങളെങ്കിലും ശാശ്വതമായാൽ കൃതകൃത്യനായിഎന്നാശിച്ചു. വിരിയാൻ വെമ്പിയ ആ പനിനീരിൻെറ ദുരന്തത്തിൽ നാമറിയാതെ തന്നെ പാടിപ്പോകുന്നു—



"കായായിത്തീരാൻ തുടങ്ങിയപ്പോൾ
പോയല്ലോ! പോയല്ലോ! പുഷ്പമേ നീ:
[സങ്കല്പകാന്തി]

മലയാള മലത്തോപ്പിൽ ആ കുയിലിൻെറ നേത്ത നേത്ത കളകളങ്ങൾ ഇനി നാം കേൾക്കുകയില്ല. എങ്കിലും ലോലലോലമായ ആ കവിഹൃദയത്തിൽനിന്നൂറിവന്ന രാഗസുധയിൽ അദ്ദേഹമിന്നും ഉജ്ജ്വലപ്രഭാവനായി ജീവിക്കുന്നു. വിസ്മരിക്കാൻ കഴിയാത്തവണ്ണം ആ വീണക്കമ്പിയിൽനിന്നും പുറപ്പെട്ട മധുരരാഗം നമ്മെ ആനന്ദത്തിൻെറ അനുഭൂതിയിൽ അജ്ഞാതലോകത്തേക്കുയത്തുന്നു,

ഷെല്ലി പറഞ്ഞപോലെ 'പരമാനന്ദതുന്ദിലവും പരമോത്തമവുമായ നിമിഷങ്ങൾ വികാരസമ്പൂണ്ണമായ സംഗീതത്തിൻെറ അലയടിയോട്ടുകൂടി' തൻെറ കാവ്യതല്ലജങ്ങളിൽ രേഖപ്പെട്ടുത്തിയപ്പോൾ, അന്നുവരെ കേരളത്തിൽ യാതൊരു കവിക്കും കഴിഞ്ഞിട്ടില്ലാത്തവണ്ണം അത്ര്യധികം ആസ്വാദകരെ നേടാൻ കഴിഞ്ഞു അദ്ദേഹത്തിൻെറ കവിതാകാമിനിക്കു്. അതുകൊണ്ടുതന്നെയാണ് 'രമണന്നു്' നാല്പതിനായിരം പ്രതികൾ പകത്തേണ്ടിവന്നതു്.

"പ്രേമസുരഭില ചിന്തകൾകൊണ്ടു് പൂമാലകെട്ടുകയായിരുന്ന" കവി

---

*ഉള്ളൂർ, കേരള സാഹിത്യചരിത്രം Vol. V

ചുംബനംകൊണ്ടൊരു പൂംപട്ടുനെയ്തിട്ട—
ത്തൻപിലെൻ മെയ്യിലണിഞ്ഞിതെങ്കിൽ
നമ്മസല്ലാപസുരഭിലമായൊരു
നന്മലർമെത്തയിലാത്തരാഗം.
സങ്കല്പനാ ധിക തന്മടിത്തട്ടിലി—
ന്നെൻതലചാച്ചൊന്നുറങ്ങിയെങ്കിൽ.

[അഭിലാഷം]

എന്നു്, തൻെറ ജീവിതമഞ്ജൂഷികയ്ക്കകത്തു് മൊട്ടിട്ട അനേകമായിരം അഭിലാഷപുഷ്പങ്ങളെ നമുക്കു് കാട്ടിത്തന്നു. 'പ്രപഞ്ചം നമ്മപൂത്ത പൂവാടിയാണെന്നു തെററിദ്ധരിച്ചു, 'മിസ്റ്റിസിസ'ത്തിൻെറ മഞ്ഞുതുള്ളിയിൽ തൻെറ ചുററുപാടിനെ പ്രതിഫലിപ്പിച്ച ആ യുവകലാകാരൻെറ ചുണ്ടിൽ,

"അന്തിമസന്ധ്യാനനം മ്ലാനമായ്
മാറുന്തോറും
ചന്ദ്രലേഖയിലോലും ചന്ദ്രികാലേശം
പോലെ"

[ഹേമന്തചന്ദ്രിക]

ആനന്ദത്തിൻെറ സുന്ദരമന്ദസ്മിതം വിരിഞ്ഞപ്പോൾ ആരും ഒരുപക്ഷെ ഓർത്തിരിക്കയില്ല,

അല്ലിനായംബരം, സന്ധ്യയെപ്പൂജിച്ചു്
അല്ലലിനായി ഞാനാനന്ദിച്ചു
അല്ലെങ്കിലെന്താണീയാനന്ദം—ആയതു
മല്ലലിൻമറെറാരുരൂപഭേദം.

[ദിവ്യരാഗം]

എന്നു് ആ പൂങ്കുയിൽ ഹൃദയഭേദകമായി വിലപിക്കുമെന്നു്. പ്രായോഗികജീവിതത്തിൻെറ വ്യക്തമായ ചില തിക്താനുഭവങ്ങളുമായേററുമുട്ടിയപ്പോൾ ആ കവിഹൃദയത്തിന്നു് ഒരു ശോകഗാനം പാടേണ്ടതായി വന്നു. അതിൽ നേരിയ നിരാശ നിഴലിച്ചിരുന്നു.

സ്നേഹത്തിനർത്ഥം വ്യസന
മെന്നാണെന്നു
സ്നേഹിച്ചുലോകത്തിൽനിന്നു
പഠിച്ചു ഞാൻ
ഞാനഭിമാനിച്ചു ജീവിതമാനന്ദ—
ഗാനസങ്കേതമാണെന്നു
വിഭ്രാന്തിയാൽ.

[ആ കാലങ്ങൾ]

ആ തെററിദ്ധാരണക്കു് വ്യക്തമായ ചില കാരണങ്ങളുണ്ടു്. ആദർശശുദ്ധിയിൽ വലന്നെങ്കിലും നിർദ്ധനനായ കവിയുടെ കാതിൽ പതിച്ചതെല്ലാം

"കരുണതൻ രോദനമായിരുന്നു;
എരിയുമെന്നാത്മാവിലേററതെല്ലാം
ചുട്ടനെടുവീർപ്പുകളായിരുന്നു."

[ബാഷ്പാഞ്ജലി]

ഓണേർസിന്നു പഠിക്കുന്നകാലത്തും ഞെരിച്ചമർത്തുന്നസാമ്പത്തികനിലയോട്ടു് ധീരധീരം പോരാടേണ്ടിവന്ന ആ യുവകവിഹൃദയത്തിന്നു് തൻെറ വിദ്യാർത്ഥിജീവിതം പോലും ദുഃഖാകുലമായിരുന്നു. കൂടാതെ അദ്ദേഹം സാഹിത്യാരാമത്തിൽ കാൽകുത്തിയ അന്നുതന്നെ തുടങ്ങിയതാണ് മാമൂലിൻെറ മാനദണ്ഡവുമായെത്തിയ സഞ്ജയപ്രഭൃതികളടക്കമുള്ള വിമർശകനിര. അവരുടെ കണ്ണിൽ പുരാണത്തിൻെറ മറയിൽ അഭിനയിക്കുന്ന ദേവഗന്ധർവ്വന്മാരുടെ വ്യഭിചാരകോലാഹലങ്ങളെല്ലാം ഉത്തമകലയായിരുന്നു. യുവത്വത്തിൻെറ സമ്മോഹനമായ രാജപാതയിൽ സോല്ലാസം സഞ്ചരിക്കുന്ന സൌന്ദര്യധാമത്തിന്നു് ഒരിക്കലും "പുഴിമണ്ണിലമരുന്ന പുല്ക്കൊടിയെ" പ്രണയിക്കാൻ പാടില്ലായിരുന്നു. എന്നാൽ ചങ്ങമ്പുഴ

"പണവും പ്രതാപവുമററിടത്തും
പ്രണയം മുളച്ചുകൂടായ്കയില്ല."

എന്നു് ലലിതലലിതമായ യുവത്വത്തിൻെറ പ്രേമാമൃത, പ്രാണവേണുവിലൂടെ പകന്നപ്പോൾ, ആ കവിതാസുമം നിശിതവിമർശനമേററു മുളയിൽത്തന്നെ വാടിപ്പോകുമോ, എന്നു് പലരും ശങ്കിച്ചുവെങ്കിലും ആ തളിർ

മേനി സുധീരം സാഹിത്യമലർവാടിയൽ പിച്ചവെച്ചുനടന്നു. ആ പിഞ്ചിളംപാദങ്ങൾ മുള്ളിൽച്ചവിട്ടാതെ മുന്നോട്ട് നീങ്ങിയപ്പോൾ അതിൽ ഒരു വിപ്ലവകാരിയുടെ നേരിയതെങ്കിലും ആത്മാവിൽ തട്ടിയ അലയടിയുണ്ടായിരുന്നു.

നിന്നപവാദശരങ്ങൾ കൊണ്ടെന്നെനീ
നിന്ദിതനാക്കുവാൻനോക്കു
നിന്നഖിലോല്ക്കടശക്തിയുമെ ഞ്ചിയൊ
ന്നെന്നെച്ചവിട്ടി നീ താഴ്ത്തു!
എങ്കിലും മേലോട്ടയന്നുഞാൻ താരക–
പ്പൊൻകതിർ പൂക്കളെപ്പുൽകും.

[ആരാമത്തിലെ ചിന്തകൾ]

എന്ന് ഭാവിയെ വ്യക്തമായി വിഭാവനം ചെയ്ത കവിതന്നെ

"കാലം ശരിക്കുള്ള ക്ലലിനല്ലും നിൻെറ
വേലയ്ക്കു", പക്ഷെ നിരാശ
നാണിന്നു നീ,"

എന്നു ഒരു ദുർബ്ബലനിമിഷത്തിൽ പറഞ്ഞുപോകുന്നു.

ആശാനാവിഷ്കരിച്ചപോലെ സമസ്തജീവിതവ്യാപ്തമായ ആത്മീയസ്നേഹത്തിൻെറ മന്ദമന്ദമായ അലയടി, ഒരു പക്ഷെ, ചങ്ങമ്പുഴയുടെ ശ്രുതിമധുരമായ മൃദുലരാഗത്തിന്നില്ലായിരിക്കാം, അതിന്നു കാരണം അദ്ദേഹം യുവത്വത്തിന്റെ ചൂട്പിടിച്ച വികാരാവേശത്തിൽ സാഹിത്യപ്രവർത്തനം തുടങ്ങിയെന്നുള്ളതാണ്.

ഉൽഫുല്ലയൌവ്വനേന്ദിമനസ്സാം
കൽപ്പകപ്പൂമൊട്ടൊരുദിവസം
നീതടഞ്ഞാലുംവിടന്നുപോകും
സ്മിതാനുരാഗവസന്തരാവിൽ—എന്നും
[കലാപ്രേമംമൂലം]

അംഗജോപമനാദരിയ്ക്കാത്തി,ലീ–
യംഗവിഭ്രമകാന്തിയെന്തിന്നുമേ?
[രാഗഭിക്ഷുണി]

എന്നും പാടിയ കവി തൻെറ ചുററും കണ്ട യുവചാപല്യങ്ങൾക്ക് ചിത്രംകൊട്ടുകക മാത്രമാണ് ചെയ്തത്.

ഒരു രാഗശൃംഖലനാമറിയാതെനമ്മെ
ബന്ധി–
ച്ചിരുന്നതുമിതാകഷ്ടംശിഥിലമായി:
..........................................
വാനിൽനിന്നെൻസ്നേഹമേംത്തു
ദിവസവും ഭവാനൊരു
ഗാനംചെയ്താൽമതി, പോട്ടെ
കൃതാർത്ഥയായ് ഞാൻ.
[രാഗഗീതി]

എന്ന് വെമ്പിവെമ്പിവിരിഞ്ഞു ചുററും സുഗന്ധംപരത്തി, സായങ്കാലത്ത് വാടിവീഴാൻ തുടങ്ങിയ പനിനീർപൂവ്, തൻെറ 'കൂട്ടുകാര'നായ 'വാനമ്പാടി'യോട്ട് അർത്ഥിക്കുന്ന അന്ത്യാമന്ത്രണത്തിൽ ശോകമധുരവും നിസർഗ്ഗസുന്ദരവുമായ നിർമ്മലസ്നേഹം അലയടിക്കുന്നു. ഇടറുന്ന രണ്ടാത്മാക്കളുടെ ഹൃദയസംവാദമാണ് അതിൽ പ്രതിഫലിക്കുന്നതു്.

പതറിപ്പോമെൻഗാനമാകമാനം
പരമനിരർത്ഥകമായിരിക്കാം
പരിചിലെന്നാലുമതിൻെറലക്ഷ്യം
പരമാർത്ഥസ്നേഹമൊന്നായിരിക്കും.
[അനുവാദം]

എന്ന്, ആത്മാർത്ഥതയുടെ ഈരടികൾ ശോകസുന്ദരമായി സമ്മാനിച്ച മററൊരു കവിയും മലയാളത്തിലുണ്ടായിട്ടില്ല, 'വാക്കുകൾ ആത്മാവിലേക്കു ചുഴിഞ്ഞിറങ്ങണമെങ്കിൽ അവ കലർപ്പററ ആത്മാർത്ഥതയിൽനിന്നായിരിക്കണം രൂപമെടുക്കുന്നത്.

കപടപതസ്ത്രേ കഴിഞ്ഞിട്ടുകാഞ്ചന
ജയപതാകയിവിടെപ്പറത്തുവാൻ
[രമണൻ]

എന്നു് വഞ്ചനയും ചതിയുംനിറഞ്ഞ തന്റെ ചുറ്റുപാടിനെ, വ്യക്തമായ ജീവിതാനുഭവങ്ങളിൽനിന്നു് ഏറെനാൾ കഴിയുന്നതിനുമുമ്പ് ആ പ്രേമഗായകനു് മനസ്സിലായി!

ചുററുപാടും നിസ്സഹായഹസ്തങ്ങൾ നീട്ടിയ, നീറുന്ന സാധാരണന്നുള്ളപ്പോൾ ഭാവനയുടെ പൊന്മേഘമാലകൾക്കിടയിൽ സ്വൈരസഞ്ചാരംചെയ്യാതെ, മാംസവും മജ്ജയുമുള്ള ആ കലാകാരൻ ജീവിതത്തിന്റെ സാധാരണ ഒഴുക്കിലേക്ക് കുതിച്ചുചാടി, അകൃത്രിമതത്ത്വത്തിൽ സ്ഥിതിചെയ്യുന്ന ഒരു സാധാരണനെ തന്റെ കവിതാവിഷയമാക്കി. അതുകൊണ്ടുതന്നെയാണ് തന്റെ കഥാപാത്രങ്ങളെ ജനകീയമാക്കാൻ ചങ്ങമ്പുഴക്ക് സാധിച്ചതുപോലെ മറെറാരു കവിക്കും സാധിക്കാതെപോയതു്. പരുപരുത്ത പരമാർത്ഥങ്ങൾനിറഞ്ഞ ലോകത്തിൽനിന്നു അദ്ദേഹം ഒരടിയെങ്കിലും മേല്പോട്ടുയന്നിട്ടില്ല.

"ജീവിതത്തിന്റെ നിലീനസൌന്ദര്യത്തെ അനാച്ഛാദനം ചെയ്യുന്നതാണ് കവിത" എന്ന 'ഷെല്ലി'യുടെ കവിതാതത്വസംഹിതയിൽ അടിയുറച്ച വിശ്വാസമർപ്പിച്ച കവി ജീവരക്തത്തിൽ മുക്കി ജീവിതം പകർത്തിക്കാട്ടിയപ്പോൾ നിരവധിവരുന്ന തപ്തഹൃദയങ്ങൾ അതു കാണുവാനുണ്ടു്. 'ത്യാഗതീക്ഷ്ണതയോട് സ്പന്ദിക്കുന്ന ഉത്തമഹൃദയങ്ങളിൽനിന്നു മാത്രമേ വികാരോജ്ജ്വലവും ആവേശകങ്ങളുമായ ആത്മസ്ഫുലിംഗങ്ങൾ' അനസ്യൂതമായി പ്രവഹിക്കൂ. 'പുണ്യപാപങ്ങളുടേയും സ്വർഗ്ഗനരകങ്ങളുടേയും 'ചിത്രപ്രശ്നം' പൂരിപ്പിക്കുവാനായി നീതിയുടേയും മതത്തിന്റേയും കനത്ത നിഘണ്ടുക്കളിൽ സമയം പാഴാക്കാതെ........

അവശന്മാരാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
ഇടതിങ്ങിനിറയുന്ന നിയമങ്ങൾ
നീതിക-
ളിടമില്ലവക്കൊന്നു കാലുകുത്താൻ!
ഇടറുന്ന കഴൽവെപ്പോട്ടുഴറിക്കുതി
ക്കയാ-
ണിടയില്ല, ലോകത്തിനവരെ-
നോക്കാൻ.
[വാഴക്കുല]

എന്ന് ദീനതപത്തിന്റെ ദയനീയരോദനങ്ങൾ, സ്പന്ദിക്കുന്ന മനുഷ്യരാശിയുടെ മുമ്പിൽ സുന്ദരപദങ്ങളിൽ സുരളിതമായി ചിത്രീകരിച്ചപ്പോൾ അനേകലക്ഷംവരുന്ന തപ്തഹൃദയങ്ങൾ ഗാനാത്മകമായി അതേററുപാടി. എന്തിനധികം, കവിയുടെ ഗുരുനാഥനായ "നാകവും തോളത്തേന്തി കാളസ്ക്കു പിൻപേപോകും, ദിവ്യതാപസ"ന്റെ നിസ്സഹായതയുടെ നിറഞ്ഞകണ്ണുകളും വിശപ്പിന്റെ വിവശതയും നിരാശയുടെ നെടുവീർപ്പുകളും എത്രതന്നെ വർണ്ണിച്ചാലും ആ ഗായകന്നു തൃപ്തിവരുന്നില്ല.

"കരയാതെമക്കളെ..........കല്പിച്ചു
തമ്പിരാൻ
ഒരു വാഴവേറെ നമുക്കുവെക്കാം."

എന്ന് ആശയോടെ നട്ടുവളർത്തിയെങ്കിലും ആസ്വദിക്കാൻ സാധിക്കാതെപോയ 'മലയപ്പുലയന്റെ' കണ്ഠമിടറിയ സാന്ത്വനോക്തിയെ സംഗീതത്തിന്റെ ലല്ലലല്ലലത്തോടുകൂടി വികാരസംക്രമണം നടത്തിയപ്പോൾ, സാധാരണക്കാരൻ വികാരഭരിതനായെങ്കിൽ "കലയുടെ ലക്ഷ്യം ദൈവങ്ങളല്ല; മാംസവും മജ്ജയുമുള്ള മനുഷ്യനാണു്;"* എന്നദ്ദേഹം തെളിയിക്കുകയാണ് ചെയ്തതു്. ഒമർഖയ്യാം പറഞ്ഞപോലെ (Unborn to-morrow and dead yesterday; why fret about them if today be sweet) അസ്തംഗതമായ ഇന്നലെയേയും അനാഗതമായ നാളെയേ

* ജി.

യുംപററി ആ കവിഹൃദയം വെമ്പൽകൊണ്ടില്ല. നിത്യദുഃഖത്തിൽ നിസ്സഹായരായ അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങൾ ചുററും യാതനയനുഭവിക്കുമ്പോൾ ആദ്ധ്യാത്മികസിദ്ധിക്കും പരലോകപ്രാപ്തിക്കുംവേണ്ടി ഒരുപക്ഷെ, ആ യുവഹൃദയം തൂലിക ചലിപ്പിച്ചിട്ടുണ്ടാവുകയില്ല. അതുകൊണ്ടദ്ദേഹം നിരീശ്വരവാദിയാണെന്നു പറയുന്നതിൽ അത്ഥലേശമില്ല.

വിത്തനാഥന്റെ 'ബേബി'ക്കുപാലും
നിർദ്ധന'ച്ചെറുക്ക'ന്നമിനീരും
ഈശ്വരേച്ഛയല്ലാകിലിമ്മട്ട-
ല്ലീശ്വരനെച്ചവിട്ടുകനമ്മൾ

[ഭാവത്രയം]

എന്നദ്ദേഹം ആഹ്വാനംചെയ്തിട്ടുണ്ടെങ്കിൽ അതു്, നീക്കുപോക്കില്ലാത്ത നിയതിയുടെ ദുരന്തത്തിൽ നിത്യനരകമനുഭവിക്കുന്ന സാധാരണൻ, കപടതയും ക്രൂരതയുംനിറഞ്ഞ കാലഘട്ടത്തിൽ, ആ ദിവ്യനാമത്തിനാൽത്തന്നെ വഞ്ചിതനായതുകൊണ്ടാണ്. അദ്ധ്വാനിക്കുന്നവന്റെ ജീവരക്തം ഊററിക്കുടിക്കുന്ന മുതലാളിത്തം നീതിയെപ്പററി നിരത്ഥകമായി പുലമ്പിയപ്പോൾ ആ കവിഹൃദയം

സ്വന്തംസിരകൾ തുടിപ്പാനവനന്യ-
ജന്തുവിൻചോര കുടിച്ചുവേണം

[ചിതറിയ ചിന്തകൾ]

എന്നു്, സാമ്പത്തികാസമത്വത്തിന്നെതിരായി വിപ്ലവത്തിന്റെ വെണ്മഴുവീശി, നിയതിയുടെ നിയമമില്ലാത്ത നഗ്നനൃത്തത്തെ വികാരനിർഭരമായി അദ്ദേഹം വരച്ചുകാട്ടി. അപ്പോഴെല്ലാം ആ പേനത്തുമ്പിന്നു് വാളിനേക്കാൾ മൂച്ചയേറിയിരുന്നു. നിത്യനൂതനവും നിസർഗ്ഗസുന്ദരവുമായ പ്രകൃതിയുടെ പ്രതിഭാവിശേഷത്തിൽ കവി ദൈവീകത്വം ദശിച്ചു.

"മഹിയിൽനീയക്കാമ്യമായൊരോമ-
ന്മഹിമതൻമുമ്പിൽ നമസ്കരി;"ക്കാൻ

ആവശ്യപ്പെട്ട കവിയുടെ ആദശ്ശുദ്ധിയിൽ നിരീശ്വരത്വം ദശിച്ച വിമശ്കനോട് ഒന്നുംപറയാൻ തോന്നുന്നില്ല.

സത്യസൌന്ദര്യമേനിൻഭക്തദാസൻ
ഞാൻ
യുക്തിതൻദൃഷ്ടിയിൽ ഭ്രാന്തനായി!
.................................................
ഈനിർവൃതിക്കൊള്ളലുന്മാദമാ
ണെങ്കിൽ
ഞാനെന്നുമുന്മാദിയായിടാവൂ!

[സങ്കല്പകാന്തി]

എന്നു് നീറുന്ന മനസ്സിൽ മാറിമാറി നിഴലിച്ച നൂതനാശയങ്ങളെ ആത്മാത്ഥതയോടുകൂടി ആവിഷ്കരിക്കാൻ വെമ്പിയ ആ സൌന്ദര്യദാസൻ, തന്റെ രാഗസുധയെ ലോകം കേവലം ഉന്മത്തപ്രലപനമായി എണ്ണുമെന്നു ശങ്കിക്കുന്നുവെങ്കിലും, ഒരിക്കൽ അവ യശശ്ചന്ദ്രികയിൽ കാന്തിപ്രസരം വീശുമെന്നു പ്രത്യാശിച്ചു.

"പുളകിതലജ്ജാവനമ്രമായി,
മരുവും നവോഢതന്നങ്കഭൂവിൽ.
തലചാച്ചുറങ്ങുന്ന കാമുകൻതൻ
നിരവദ്യനിമ്മലനിർവൃതി"യിലും
അരുമപ്പൂംപൈതലിൻപിഞ്ചുചുണ്ടിൽ
വഴിയുന്നലോലാജലാദ്രമാകും
തിരളൊളിപ്പൂംപുഞ്ചിരിപ്പുനിലാവിലും"
ആനന്ദം ദശിച്ചു്
"കനകപ്രഭാമയം! എത്രയെത്ര,
കമനീയമെന്റെയീസ്വഗ്ഗരംഗം"

[നിർവ്വാണമണ്ഡലം]

എന്ന അവാച്യമായ ആനന്ദാനുഭൂതിയിൽ നിർവൃതിയടഞ്ഞ ആ പ്രേമഗായകൻ,

"പ്രണയപരാജയം നിന്ദ്യമല്ല
പ്രണയവിജയം വിദഗ്ദ്ധതയും"

[മാപ്പുനൽകു]

എന്നു് ആനന്ദത്തിന്നു് ആസ്വാദ്യതവരുത്താൻ അല്ലലിന്റെ അലതല്ലലെന്നോണം, യൌവ്വനത്തിന്റെ വിജയവൈജയന്തിയായ പ്രേമത്തിന്റെ കൈപ്പും മധുരിമയും ആസ്വാദിച്ച്, അതിന്റെ ആരോഹാവരോഹങ്ങളെ നാദസൌകുമാര്യമൂറുന്ന സംഗീതത്തിന്റെ അലയടിയോടുകൂടി വികാരനിർഭരമായി പ്രതിപാദിച്ചപ്പോൾ, ആ ഗാനസുധാപ്രവാഹത്തിന്നു് ഒരു 'പ്രസ്ഥാന'ത്തിന്റെ പ്രാഭവമുണ്ടായി.

"കനകമയ കരലളിതലതികയുടെ—
സംഗമം
കയറിയൊരു നവ പുളകമേകിട്ടും—
മാതിരി
അഴകൊഴുകുമൊരു കവിതയവിടെ—
യത കാണ്മു,ഞാ—
നാടുന്ന തുഞ്ചാലിലാനന്ദലോലയായ്''
എന്നു് "ഉദ്യാനത്തിലെ ഊഞ്ഞാലാട്ട''

ത്തെ ആവിഷ്കരിച്ച ആ വേണുഗാനത്തിൽ ഏതൊരു വിമർശകഹൃദയവും സ്വപ്നസാമ്രാജ്യത്തിന്റെ അജ്ഞാതമേഖലയിൽ ഉയർന്നുപോകും. മുഗ്ദ്ധമധുരമായ സംഗീതമധു ഇത്രയധികം ഒഴിച്ചുതന്ന മറെറാരു കവിയും കേരളത്തിലുണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. ഇമ്പമേറിയ സുന്ദരപദങ്ങളുടെ സമ്മോഹനമായ സമ്മേളനം മാത്രമായിരുന്നില്ല ചങ്ങമ്പുഴയുടേതു്. സുലളിതപദങ്ങൾ നിഘണ്ടു സഹായേന നിരത്തിവെച്ച മററു പലരുമുണ്ടു്. എന്നാൽ ചങ്ങമ്പുഴയിൽനിന്നുതുവിച്ച ചൂടുപിടിച്ച വികാരപ്രവാഹം, ഹൃദയ വീണയുടെ തന്ത്രികളിൽ മന്ദമന്ദമായി ചലനം നടത്തുമ്പോൾ, അതിൽനിന്നും നിർഗ്ഗളിച്ച ഭാവഗാനപ്രവാഹമാകട്ടെ, ആസ്വാദകഹൃദയത്തെ സ്വർഗ്ഗീയാനുഭൂതിയിൽ നിർവൃതികൊള്ളിക്കുന്നു.

ഷെല്ലി, കീററ്സ് തുടങ്ങിയ പാശ്ചാത്യ **Romanticist** കവികളുടെ കലാസുമങ്ങളിൽ ഒളിചിന്നിയ കാന്തിപ്രഭ. സ്തുത്യർഹമാംവിധം മലയാളത്തിലേക്കാവിഷ്കരിക്കാൻ ഒരു പക്ഷെ ചങ്ങമ്പുഴയേക്കാളേറെ മറെറാരു കവിക്കും സാധിച്ചിട്ടില്ല. "താൻ ഏററവും വിലമതിക്കുന്ന ഒന്നിനെ മാത്രമേ ഒരാൾ അനുകരിക്കാൻ തുടങ്ങുകയുള്ളൂ. പ്രശംസയുടെ ഏററവും ആത്മാർത്ഥമായ രൂപമാണു് അനുകരണം.'' എന്ന "കുട്ടൻബ്രോക്കി''ന്റെ കലാവിമർശനത്തിൽനിന്നു്, ഒരു മഹാകവിയെ അതേപോലെ അനുകരിക്കാൻ മറെറാരു മഹാകവിക്കേ കഴിയൂ എന്നു തെളിയുന്നു.

**"Frailty, thy name is woman"**
എന്നു പാടിയ ഷേക്സ്പിയറിനെ

"അങ്കുശമില്ലാത്ത ചാപല്യമേ മന്നി—
ലംഗനയെന്നു വിളിക്കുന്നു—
നിന്നെഞാൻ''

എന്നനുകരിക്കാൻ കഴിഞ്ഞ ചങ്ങമ്പുഴക്കു് ഹൃദയ വ്യാപാരങ്ങളുടെ സാക്ഷാൽക്കരണം അനായാസേന സാധിച്ചു.

'സുലഭ വൈകൃതമായ ലോകത്തിന്റെ അസുലഭങ്ങളായ സൌന്ദര്യാംശങ്ങളെ ആവിഷ്കരണം ചെയ്തു്, മനുഷ്യമനസ്സിന്റെ അനിർവ്വാച്യമായ ആനന്ദാനുഭൂതിയിലേക്കുയർത്താൻ **Romanticist**-നു്, മനുഷ്യഹൃദയത്തിൽ മാറിമാറി വരുന്ന വിചാര വികാരങ്ങളുടെ അജ്ഞാതതലങ്ങളിൽ സ്വൈരസഞ്ചാരം ചെയ്യേണ്ടിവന്നു.

"ഓമനിച്ചുനിന്നെ മാറിൽകിടത്തിയി—
ന്നോളം തുളുമ്പുന്ന നീല നദീജലം
വെമ്പുന്ന ചുണ്ടുവിടർത്തി, നിന്നംശുക—
ത്തുമ്പുമ്മ വെയ്ക്കുവാൻ, പാതിര—
പ്പൂവുകൾ!
മന്ദം തലോടുന്ന നിന്നെ കരങ്ങളാൽ
മന്ദഹസിച്ചുകൊണ്ടോമനതാരകൾ

ഏതോ നവോഢതൻ സ്വപ്നം കണ്ട
ക്കത്രെ,
ശീതള''......മായ [പൂനിലാവ്]

പൂനിലാവിൻെറ ആശ്ലേഷധാരയിൽ സ്വർഗ്ഗീയസുഖമനുഭവിച്ച ആ ഗാനലോലൻ

കൊക്കുരുമ്മാനിണയടുക്കുമ്പോൾ
കൊഞ്ചിനീങ്ങും കുയിൽപേടപോലെ
പ്രേമസാന്ദ്രസാകൂത സ്മിതത്തോ–
ടാമനോഹര ഗാനങ്ങൾപാടി.

[യവനിക]

എന്ന്, കാമുകൻെറ ഗാനസുധയാസ്വാദിക്കുന്ന മദാലസയായ അജിതകുമാരിയെ, ആംഗലാലങ്കാരിക ചാതുരിയോടെ ആവിഷ്കരിച്ചപ്പോൾ, അന്തം വിട്ടിട്ടുണ്ടായിരിക്കണം ഭാരതീയാലങ്കാര ശാസ്ത്രജ്ഞന്മാർ. കാരണം അവരുടെയെല്ലാം ഇടുങ്ങിയ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങി അദ്ദേഹം ആശയാവിഷ്കരണം ചെയ്യിട്ടില്ലാത്തതുകൊണ്ടുതന്നെ. ''കമനീയമായൊരു കവിതപോലെ'' ഉറങ്ങിക്കിടന്നിരുന്ന 'രമണൻെറ' നെടുവീർപ്പിലും 'മലയപ്പുലയൻെറ' മനോവ്യഥയിലും, കാമുകിയുടെ രോമഹർഷത്തിലുമെല്ലാം നിത്യജീവിതയാഥാർത്ഥ്യങ്ങൾ നിഴലിച്ചിരുന്നു. കാലഘട്ടത്തിൻെറ ആശയും അഭിലാഷവും സമർത്ഥമായി പ്രതിപാദിക്കുന്ന കവിക്ക് മാത്രമേ കാലത്തിൻെറ കഠിനപരീക്ഷയിൽ വിജയം വരിക്കാൻ സാധിക്കുകയുള്ളു. **(The ages are all equal, but genius always above its age*)**

തപ്തഹൃദയങ്ങളുടെ ചേതനയിൽ ഏതോ ഒരവ്യക്ത സമാധാനത്തിൻെറ പൊൻദീപശിഖകൊളുത്തിയ, ആത്മാവിൻെറ അടിത്തട്ടിൽ നിന്നൂറിവന്ന ആ ഗാന സുധാവർഷം നിലച്ചു. കേരളപ്പൂവാടിയിൽ പ്രേമഗാനം പൊഴിച്ച ആ പൂങ്കുയിൽ കൂടുവിട്ടു. എങ്കിലും

''നീമറഞ്ഞാലും തിരയടിക്കും
നീലക്കുയിലേ നിൻഗാനമെന്നും''
''വിശ്രമത്തിനാവുകയില്ലനിന്നെ
വിസ്മരിച്ചിടുവാൻ വിസ്മയമേ.''

[തകർന്ന മുരളി]

* ബ്ലേക്ക്

---

## Annual Sports — Final Day →

1. The March Past
2. Rev. Fr. Theodosius giving the Presidential address
3. Tug of war—Staff Vs. Students "Winners of Victory stand"
4. Staff Javelin Throw
5. Clerks' race
6. Peons and attenders' race
7. Old Students' race
8. Hop-step and Jump

# എഴുത്തച്ഛൻെറ ഭാഷാസേവനത്തിലേക്ക് ഒരെത്തിനോട്ടം

(ഒ. കുമാരു, B. Sc. I)

കേരളം എത്രയോ മുമ്പെതന്നെ ഒരുയൎന്ന സംസ്കാരം പുലൎത്തിയിരുന്നു എന്ന ആദൎശത്തിൽ വിശ്വസിച്ചഭിമാനിക്കുന്ന ഏതൊരു കേരളീയനും തുഞ്ചത്തെഴുത്തച്ഛൻെറ നാമം വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ആ മഹത്തായ സംസ്കാരത്തെ അതിൻെറ ജീൎണ്ണാവസ്ഥയിൽനിന്നും പൊടിതട്ടി പുറത്തെടുത്തതു എഴുത്തച്ഛനാണെന്നുപറഞ്ഞാൽ അതിലധികം തെറ്റുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ അവിരാമപരിശ്രമത്തിൻെറ ഫലമായാണ് മലയാളത്തിന്നു അതിൻെറ ഇന്നത്തെ നിലയും വിലയും കൈവന്നതു്.

ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയതാണ് പാശ്ചാത്യഭാരതീയ സമ്പൎക്കത്തിന്നു സന്ദൎഭമുണ്ടാക്കിയ പ്രധാനകാരണം. അതു ഭാരതീയൎക്കു അവരുടെ സംസ്കാരത്തെയും ജീവിതരീതിയെയുംപററി മനസ്സിലാക്കുവാൻ സഹായിച്ചു. അങ്ങിനെ ക്രമേണ പാശ്ചാത്യസംസ്കാരത്തെയും മററും കണ്ണടച്ചനുകരിക്കാൻ ഭാരതീയർ തയ്യാറായി. അതിലുള്ള തെററുകളെത്തിരുത്തി നല്ലവയെമാത്രം സ്വീകരിക്കുവാൻതക്കവണ്ണം അന്നത്തെ ഭാരതീയരുടെ ബുദ്ധിശക്തി വളൎന്നിരുന്നില്ല. അങ്ങിനെയുള്ള അനുകരണത്തിൻെറ ഒരു നിഴൽ ഇന്നും കേരളീയസംസ്കാരത്തിലും, ഭാഷയിലും ജീവിതരീതിയിലും അങ്ങോളമിങ്ങോളം പ്രതിഫലിച്ചുകാണാം.

ഈ അനുകരണം സാരമായി ബാധിച്ചത് മലയാളഭാഷയെയാണ്. അന്നു മലയാളം തമിഴിൽനിന്നും വ്യത്യസ്തപ്പെട്ടുവരുന്ന അവസരമായിരുന്നു. അതുകാരണം മലയാളഭാഷക്കു തനിച്ചു നിവൎന്നുനില്ക്കാൻതക്ക കെല്പുണ്ടായിരുന്നില്ല. ഈ അവസരത്തിലാണ് എഴുത്തച്ഛൻെറ രംഗപ്രവേശമുണ്ടായതു. മലയാളഭാഷയുടെ ശൈശവത്തിൽ പാശ്ചാത്യ പരിചരണമേല്ക്കേണ്ടിവന്നതിനാൽ യൗവനത്തിലും അതിന്നു സ്വന്തം നിവൎന്നുനില്പാൻ ശേഷിയുണ്ടായിരുന്നില്ല. ഒരു കുട്ടിയുടെ സ്വഭാവത്തിൽ അവൻെറ അമ്മയുടെയൊ പരിചരിക്കുന്ന ആയയുടേയൊ സ്വഭാവം നിഴലിക്കുന്നത് സ്വാഭാവികമാണല്ലൊ. അതിനാൽ മലയാളഭാഷയുടേയും കാൎയ്യത്തിൽ അതിശയിക്കുവാനില്ല. ക്രമേണ പല പാശ്ചാത്യഭാഷകളുടെയും അനുകരണങ്ങൾ ധാരാളമായി മലയാളഭാഷയിൽ കടന്നുകൂടി. മിക്ക പാശ്ചാത്യഭാഷകളുടെയും ഉല്പത്തിസ്ഥാനമൎഹിക്കുന്ന സംസ്കൃതവുമായാണ് മലയാളത്തിന്നു കൂടുതൽ അടുക്കേണ്ടിവന്നത്. തന്നിമിത്തം സംസ്കൃതത്തിലെ അനവധി പദങ്ങൾ മലയാളഭാഷക്കു അതേപടി സ്വീകരിക്കേണ്ടിവന്നു. ഇത്തരത്തിലുള്ള അനുകരണങ്ങളാൽ വഞ്ചിതയായി ഒററക്ക് എഴുന്നേററുനില്പാൻ സാദ്ധ്യമല്ലാതിരുന്ന മലയാളഭാഷയെ കൈക്കുപിടിച്ചെഴുന്നേല്പിച്ചതും ഒററക്കു നില്പാൻ പഠിപ്പിച്ചതും എഴുത്തച്ഛനാണെന്നുള്ള സംഗതി സ്മൎത്തവ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ മലയാളഭാഷക്കു ഇന്നത്തെ അതിൻെറ വെണ്മകൊടുത്തു ഒരു സ്വതന്ത്രഭാഷയാക്കിത്തീൎത്തതും എഴുത്തച്ഛൻതന്നെയാണ്. അതുതന്നെയാണ്

അദ്ദേഹത്തിന്നു മലയാളത്തിൻെറ പിതാവ് എന്ന ബഹുമതി നേടിക്കൊടുത്തതും.

ഭക്തിയുടെ പ്രകാശനാളവുമേന്തിയാണ് എഴുത്തച്ഛൻ തൻെറ ഇരുളടഞ്ഞ പന്ഥാവിലേക്കിറങ്ങിയത്. ഭക്തിവിഷയത്തിൽ ഇത്രത്തോളം ശ്രദ്ധചെലുത്തിയ ഒരു കേരളീയ കവി ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം; അദ്ദേഹത്തിൻെറ കൃതികളിൽ അങ്ങോളമിങ്ങോളമലയടിച്ചുകാണുന്ന ഭക്തിയിൽനിന്നും ജീവിതത്തിലും അദ്ദേഹം ഒരു ഭക്തനായിരുന്നുവെന്നു കാണാവുന്നതാണ്. ഭക്തിവിഷയങ്ങളുമായി സാമീപ്യം പുലർത്തേണ്ട സന്ദർഭങ്ങളിൽ പരിസരങ്ങളെല്ലാംതന്നെ മറന്നു അതിൽതന്നെ വിലയിച്ചുചേർന്നു നിർവ്വാണമടയുകയാണോ അദ്ദേഹം ചെയ്യുന്നത് എന്നു തോന്നിപ്പോകും. അദ്ദേഹത്തിൻെറ ഏതൊരു കൃതിയുടേയും ഏതൊരുഭാഗം പരിശോധിക്കുമ്പോഴും ഈ വസ്തുത പൂർണ്ണമായി പരിലസിക്കുന്നതുകാണാം. ഹാസ്യസാഹിത്യവും ദൃശ്യകാവ്യങ്ങളും മററുമായി മുന്നേറിക്കൊണ്ടിരിക്കുന്ന ജനതക്കു ഭക്തിവിഷയങ്ങൾക്കു സാഹിത്യത്തിൽ ഒരുന്നതസ്ഥാനം ഉണ്ടെന്നുള്ള വസ്തുത അറിഞ്ഞിരിക്കാൻ വഴിയില്ല. എന്നാൽ ആ അബദ്ധധാരണ എഴുത്തച്ഛൻെറ രംഗപ്രവേശത്തോടുകൂടി പൊലിഞ്ഞുപോവുകയാണുണ്ടായത്.

എഴുത്തച്ഛൻ രംഗപ്രവേശംചെയ്ത അവസരത്തിൽ ജനങ്ങളുടെ ധാർമ്മികനിലവാരം പൊതുവെ മോശനിലയിലായിരുന്നു. അങ്ങിനെയുള്ള ആ താഴ്ന്ന ധാർമ്മികനിലവാരത്തിൽനിന്നും ഭക്തിമാർഗ്ഗത്തിൽക്കൂടെ ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു നയിക്കണം എന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. അതിൽ അദ്ദേഹം പരിപൂർണ്ണമായി വിജയിച്ചിട്ടുമുണ്ട്. ഹൈന്ദവസംസ്കാരം അധഃപതിക്കുവാൻ തുടങ്ങുന്നു.

നിർണ്ണായകനിമിഷത്തിൽ അദ്ദേഹത്തിൻെറ അവിശ്രാന്തപരിശ്രമമില്ലായിരുന്നുവെങ്കിൽ അതു എന്നോ മണ്ണടിഞ്ഞുപോയിരുന്നേനെ. മുഹമ്മദീയാക്രമണങ്ങളും അവരുടെ സാമ്രാജ്യവാഞ്ഛയും ഈ അവസരത്തിലാണതിൻെറ മൂർദ്ധന്യദശയിലെത്തിയത്. അങ്ങിനെ അനുക്രമമായി ഭാരതത്തെ ഒട്ടുമുക്കാലും അവരുടെ വെൺകൊററക്കുടക്കു കീഴിൽ അണിനിരത്തുന്നതിൽ അവർ വിജയിച്ചു. എന്നിരുന്നാലും ഭാരതീയഹൈന്ദവസംസ്കാരം അവരുടെ പാദസേവചെയ്യുവാൻ തയ്യാറായിരുന്നില്ല. ഭക്തിപ്രസ്ഥാനത്തിൽക്കൂടെയാണ് ഭാരതീയസംസ്കാരം ഉന്നതിപ്രാപിക്കുവാൻ വെമ്പിയതു് എന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. അതു ജനങ്ങളുടെ ഇടയിൽ ഒരു ആദ്ധ്യാത്മികമായ ഉത്തേജനത്തിന്നു കാരണമായി. എഴുത്തച്ഛൻെറ പ്രതിപാദനരീതി അതിന്നു സഹായമായി. ഇതരകവികളെ അപേക്ഷിച്ചു എഴുത്തച്ഛൻെറ പ്രതിപാദനരീതി പ്രത്യേകമൊന്നായിരുന്നു. ശാന്തരസത്തിന്നും ഭക്തിരസത്തിന്നും ഗണ്യസ്ഥാനമുള്ള ഇതിവൃത്തങ്ങളെ മാത്രമെ എഴുത്തച്ഛൻ തൻെറ പ്രതിപാദ്യവിഷയങ്ങളായി അംഗീകരിച്ചിട്ടുള്ളു; അദ്ദേഹത്തിൻെറ അദ്ധ്യാത്മരാമായണം അതിന്നൊരു മകുടോദാഹരണമാണ്. അദ്ദേഹത്തിൻെറ ഈ ശരണനാമപ്രകീർത്തനം ഒരു സ്തോത്രത്തിൻെറ പ്രതീതിയാണുളവാക്കുന്നത്. അത്രക്കാണദ്ദേഹത്തിൻെറ അദമ്യഭക്തി.

വിശാലവിശദത്തോളം ഗഹനമായ പശ്ചാത്തലവിഭാവനം അദ്ദേഹത്തിൻെറ ഒരു പ്രത്യേകതതന്നെയാണ്. എന്നിരുന്നാലും അവയെല്ലാം ക്രോഡീകരിച്ചു ഒന്നോരണ്ടോ വരികളിൽ ഒതുക്കിനിർത്തുന്നതിൽ അദ്ദേഹത്തിന്നുള്ള അപാരമായ കഴിവ് അനന്യസാധാരണമത്രെ. പുൽത്തുമ്പിലെ വെള്ളത്തുള്ളിയിൽ പരിസരങ്ങൾ മുഴുവൻ ചെറു

തായെങ്കിലും പ്രതിഫലിച്ചുകാണം. അതു പോലെ എത്ര വിശാലാശയങ്ങളെയാണദ്ദേഹം ഒന്നോരണ്ടോ ഈരടികളിൽ ഒതുക്കിനിർത്തിയിരിക്കുന്നത്! അദ്ദേഹത്തിൻെറ തർജ്ജമയും മൂലവുംതമ്മിലുള്ള ഒരപഗ്രഥനപഠനം ഈ വസ്തുത വെളിവാക്കാൻ സഹായിക്കും. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം ഒരു സാധാരണ തർജ്ജമക്കാരനല്ല. ഏതൊരു തർജ്ജമയിലും മൂലത്തെയപേക്ഷിച്ചുനോക്കുമ്പോൾ സാരാംശമൂല്യം തുലോം കുറയുകയാണ് ചെയ്യുന്നത്. എന്നാൽ പ്രത്യുത എഴുത്തച്ഛൻെറതൊ? ഒരുപക്ഷെ മൂലത്തിനെക്കാൾ ആസ്വാദ്യവും ലളിതകരവും ആയതു് എഴുത്തച്ഛൻെറ തർജ്ജമയായിരിക്കാം. രസഭാവാദികളെ അതേരസത്തിൽ തർജ്ജമയിലേക്കു പകർത്തുവാൻ മിക്കവർക്കും സാധിച്ചെന്നുവരില്ല. എല്ലാ രസഭാവങ്ങളും ഭക്തിമാർഗ്ഗത്തിൽകൂടിയാണദ്ദേഹം വീക്ഷിക്കുന്നതു്. ശൃംഗാരത്തിന്നും അദ്ദേഹം പ്രത്യേകതയൊന്നും നല്കിയിട്ടില്ല. രസാനുഗുണമായ ശബ്ദപ്രയോഗത്തിൽ അദ്ദേഹത്തിന്നുള്ള കഴിവ് മികവുററതാണ്. മലയാളസംസ്കൃതസമ്മിശ്രഫലമായുണ്ടായ മണിപ്രവാളരീതിയിൽ മാത്രം അടിയുറച്ചു വിശ്വസിച്ചിരുന്ന ചമ്പുകാരന്മാർക്കും മററും നല്ല മണിപ്രവാള പ്രയോഗം കാണിച്ചുകൊടുത്തതദ്ദേഹമാണ്. പക്ഷെ അദ്ദേഹം തനി മണിപ്രവാളരീതി ഉപയോഗിച്ചിട്ടില്ലെന്നും പറയാൻ വയ്യാ. മലയാളത്തിന്നു പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള നല്ല മണിപ്രവാളരീതിക്കാണദ്ദേഹം കൂടുതൽ വിലയിരുത്തിയത്. കൂടാതെ മലയാളമണിപ്രവാളത്തിന്നു ചില ലക്ഷണങ്ങൾ നിർദ്ദേശിച്ചതും സംസ്കൃതവൃത്തങ്ങളേക്കാൾ ദ്രാവിഡവൃത്തങ്ങളാണ് കൈരളിക്കു് യോജ്യം എന്നു നിർദ്ദേശിച്ചതും എഴുത്തച്ഛനാണ്. ചുരുക്കിപ്പറഞ്ഞാൽ എഴുത്തച്ഛൻെറ ഭാഷാശൈലി ലളിതമലയാളപദാവലികൊണ്ടലംകൃതവും സംസ്കൃത ബഹുലവും രണ്ടും കലർന്നുള്ളതും ആയ ഒന്നാണെന്നു പറയാതിരിക്കാൻ നിവ്വാഹമില്ല. "കിമപിരഘുകുലവരചരിത്രം ക്രമേണമേ......." "ഭഗവതി പരാത്മനിശ്രീനിധൌ രാഘവെ" എന്നും മററുമുള്ളതു് സംസ്കൃതജടിലങ്ങളായ പദങ്ങൾ അദ്ധ്യാത്മരാമായണത്തിൽ വിരളമല്ല.

കേരളജനതയുടെ ഹൃദയക്ഷേത്രങ്ങളിൽ ഭക്തിദീപം ജ്വലിപ്പിച്ചു അവരെ സദ്പാന്ഥാവിലേക്കു തിരിച്ചുവിടാൻ അദ്ദേഹം കിളിപ്പാട്ടുപ്രസ്ഥാനമാണ് സ്വീകരിച്ചതു്. അദ്ദേഹത്തിൻെറ ഈ കിളിപ്പാട്ടുവൃത്തങ്ങൾ അദ്ദേഹത്തിന്നെവിടെനിന്നാണ് ലഭിച്ചതെന്നറിഞ്ഞുകൂടാ. ഈ വൃത്തങ്ങളെക്കുറിച്ച് സൂക്ഷ്മനിരീക്ഷണം നടത്തുകയാണെങ്കിൽ അതു കേരളത്തിലെ പഴയ ഗാനരീതികളെ പരിഷ്കരിച്ചുണ്ടാക്കിയതാണ് എന്നു കാണ്മാൻ കഴിയും.

"ശ്രീരാമനാമം പാടിവന്ന
പൈങ്കിളിപ്പെണ്ണേ
ശ്രീരാമചരിതം നീ ചൊല്ലീടു
മടിയാതെ"

ഇങ്ങിനെയാണ് രാമായണം ആരംഭിക്കുന്നതുതന്നെ അദ്ദേഹം കഥപറയിക്കാൻ കിളിയെ നിയോഗിക്കുന്നതിൻെറ കാരണം വ്യക്തമായറിഞ്ഞുകൂടാ. തുഞ്ചൻെറ പൈങ്കിളിക്കാണ് പ്രാധാന്യമെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. പൊതുവെപ്പറഞ്ഞാൽ ഭാഷാരീതി, വർണ്ണനാചാതുര്യം, അലങ്കാരപ്രയോഗം, രസവൈചിത്ര്യം. ആശയഗതി, തന്മയത്വം, പ്രൌഢത മുതലായ ഗുണങ്ങൾക്കെല്ലാം വിളനിലമാണ് എഴുത്തച്ഛൻെറ കവിത.

അങ്ങിനെ കിളിപ്പാട്ടുപ്രസ്ഥാനവുമായി മലയാളസാഹിത്യത്തിൽ രംഗപ്രവേശം ചെ

സ്സ മലയാളത്തെ വെണ്മയുള്ള സ്വതന്ത്രഭാഷയാക്കിത്തീൎത്തു ക്രമേണ മലയാളത്തിന്റെ പിതാവ് എന്ന ബഹുമതികൂടി ആർജ്ജിച്ച അദ്ദേഹത്തിന്റെ യഥാൎത്ഥനാമത്തെയും ജീവചരിത്രത്തെയും ജീവിതകാലത്തെയും പററിയുള്ള വിശ്വാസപരമായ രേഖകൾ ലഭിച്ചിട്ടില്ലെന്നുതന്നെ പറയാം. കേരളീയർ ചരിത്രരേഖകൾ സൂക്ഷിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന അലസമനോഭാവമാണിതിന്നു കാരണം. രാമാനുജൻ എന്നാണ് അദ്ദേഹത്തിന്റെ പേർ എന്നാണ് മിക്കവരാലും സ്വീകരിച്ചുകഴിഞ്ഞ അഭിപ്രായം. അതു ശരിയല്ല എന്നു വാദിക്കുന്ന പ്രതിപക്ഷക്കാരും ദുർല്ലഭമല്ല.

മലയാളത്തെ വെണ്മയുററതാക്കി, അതിനെ മലയാളസംസ്കൃതസങ്കരത്തിൽനിന്നും അകററിനിൎത്തി തനിച്ചു സ്വതന്ത്രമാക്കിനിൎത്തിയതു് എഴുത്തച്ഛൻ ആണെന്നു മുകളിൽ പ്രസ്താവിച്ചുവല്ലൊ. പക്ഷെ ഇതിന്നെല്ലാമുണ്ട് ഒരു പ്രതിപക്ഷം. അവർ എഴുത്തച്ഛൻ ഒരു വെറും തർജ്ജമക്കാരനായിരുന്നുവെന്നും ആദ്യംതന്നെ സംസ്കൃത പുരാണേതിഹാസങ്ങൾ മലയാളത്തിലേക്കു തർജ്ജമ ചെയ്തതും നല്ല മണിപ്രവാളം നിൎമ്മിച്ചതും അദ്ദേഹമല്ലെന്നും വാദിക്കുന്നു. അവരുടെ വീക്ഷണകോണിൽക്കൂടെ നോക്കുമ്പോൾ അതൊട്ടുമുക്കാൽ ശരിയാണുതാനും. എഴുത്തച്ഛന്നു വളരെ മുമ്പുണ്ടായിരുന്ന ലീലാതിലകത്തിലും കൃഷ്ണഗാഥയിലും നല്ല മണിപ്രവാളരീതിയെ അതിന്റെ വെണ്മയോടെതന്നെ നമുക്ക് കാണ്മാൻ സാധിക്കുന്നുണ്ട്. അന്നത്തെ ചമ്പുകാരന്മാരും അല്ലാത്തവരുമെങ്കിലും ഈ രീതി പ്രായോഗികമാക്കിയിരുന്നു. പുരാണേതിഹാസങ്ങളായ രാമായണം, ഭാരതം, ഭഗവൽഗീത മുതലായ കൃതികൾ എഴുത്തച്ഛന്നു മുമ്പുതന്നെ കണ്ണശ്ശന്മാർ തർജ്ജമ ചെയ്തിരുന്നുവെന്ന വസ്തുതയും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. അദ്ദേഹത്തിന്റെ വൃത്തങ്ങളുടെ സംഗതിയും ഇതുപോലെത്തന്നെയാണ്. അദ്ദേഹം അദ്ധ്യാത്മരാമായണം, ഭാഗവതം, ദേവീമാഹാത്മ്യം, മഹാഭാരതം, ഹരിനാമകീൎത്തനം എന്നിങ്ങനെ അനവധി അമൂല്യരത്നങ്ങൾകൊണ്ടു് മലയാളസാഹിത്യഭണ്ഡാരത്തിന്നു മുതൽക്കൂട്ടിയിട്ടുണ്ട്. ഈ കൃതികളൊന്നുംതന്നെ എഴുത്തച്ഛന്റേതല്ലെന്നു വാദിക്കുന്ന മറെറാരു ഭാഗക്കാരും ഇല്ലെന്നില്ല. ഈ വിധത്തിൽ എഴുത്തച്ഛനെ സംബന്ധിച്ച എല്ലാ വസ്തുതകളും യാഥാൎത്ഥ്യങ്ങളല്ലെന്നു വാദിക്കുന്ന അവർ ഒരുപക്ഷെ എഴുത്തച്ഛൻതന്നെ ഉണ്ടായിട്ടില്ല എന്നു സ്ഥാപിക്കാൻ മുതിർന്നേക്കാം. ഇങ്ങിനെ വിമൎശകർ പലവിധത്തിൽ നിരൂപിച്ചാലും അദ്ദേഹത്തിന്റെ പ്രകാശധോരണിക്കു മങ്ങലുണ്ടാകുന്നില്ല,

അതിനാൽ ഇതുവരെയുണ്ടായിട്ടുള്ള എഴുത്തച്ഛന്റെ ജീവചരിത്രത്തെയും ജിവിതകാലത്തെയും മററും പററിയുള്ള വാദപ്രതിവാദങ്ങൾക്കു ഒരന്ത്യമുണ്ടാക്കുകയെന്നത് ഏതൊരു കേരളീയന്റെയും കൎത്തവ്യമാണ്. പഴയ താളിയോലഗ്രന്ഥങ്ങളുടെയും പുരാണങ്ങളുടെയും അതിസൂക്ഷ്മപഠനം മാത്രമെ നമുക്കതിന്നു വഴിതെളിയിക്കുകയുള്ളു.

# Family Planning

## *Is it a success?*

**A. M. Unnikrishnan, B. Com. III**

INDIA being one of the thickly populated countries of the world has to face many problems. Every hour 480 to 500 persons are added to the population of India. At this rate the total number of people inhabiting this sub-continent by the end of the current century will be well over 560 million, a rise of as much as 46% as compared with the present population of about 387 million. The country cannot afford to maintain such a vast population the implementation of the second and successive Five year plans notwithstanding. Indeed, the increase of population at the present rate is bound to retard the progress of the schemes of social, cultural and economic advancement. If the full fruits of these plans are to be enjoyed by the present and future generations, it is vitally essential that the rate of population growth is checked effectively. For the prosperity and happiness of a nation, intelligent adjustment of the family size and spacing of children to suit the psychological health and economic considerations must be ensured. "Voluntary planned parenthood" is an essential part of a democratic society.

Viewed thus it is encouraging to be told that the family planning programme is welcomed and supported by the general public, particulary by women. In India most of the State Governments have established Family planning Boards and have appointed wholetime and part-time officers to work under them. In the first as well as in the Second Five year plan Government have provided large amounts for family planning programmes. The progress of the programme is however, very slow as the work connected with them is hampered by the dearth of trained personnel and the difficulties in finding persons with suitable qualifications for training workers.

It may not be out of place in this connection to mention that the success of a social welfare programme like Family planning depends more on non-official than official efforts. If the programme is to be implemented successfully the co-operation of non-official organisations and workers must be forthcoming in large measure. Equally important is the dissemination of information on family planning, especially on simple methods of family limitations which do not require medical construction. The Family planning Board has done well, therefore, to launch an-intensive drive aimed at enclosing such co-operation. It is also proposed to publish a popular journal to educate the public on Family planning problems.

A most vital part of the Family planning programme is the collection of statistics of births, diseases etc, illustrating the social conditions of communities. Two demographic centres are being set up for this

purpose—one at the Delhi school of Economics and the other at the Indian Statistical Institute, Calcutta. Meanwhile a field study on foam tablets has been started at Ramanagaram, Mysore. Some people fear to use foam tablets, others oppose contraceptive. The data collected by the Government show the slowness in the acceptance of this type of contraceptive in the villages. An experimental distribution of these tablets in a village four miles from Vellore showed that these were acceptable only to 25% of the people.

Planned parenthood clinics such as those sponsored by some of the industrial undertakings in diflerent parts of India could probably be helpful in this country. It is mainly among labourers and poor sections of the community that population increases considerably and there clinics should be mainly opened to the use of these backward people. The Family planning Boards should provide adequate facilities to young generations to practise a life of "planned parenthood" and thus to achieve the aim of a happy and successful family life.

We can hope the system to be successful if the majority of the people realise the importance of "voluntary planned parenthood" and accept the procedure initiated by the Government. The people must themselves practise, then only the system can be a success.

"Defer no time, delays have dangerous ends"
—Shakespeare.

"Verily those who are patient in adversity
and forgive wrongs are the doers of good"
—Prophet

# Green Wealth:

## A Factor in the Production of Human Welfare

BY

H. M. A. Shukkoor,

FORESTS which I am inclined to call green wealth, are a gorgeous handiwork of nature bestowing glory, beauty and utility. The flora in India is rich and varied in composition. It holds in its bosom a variety of vegetation like the humble grasses, the magnificent and majestic trees like the wellknown teak, deodar, shisham, etc.. Our forests are the lurking spots of terrorising and ferocious animals, strange snakes, and a large number of insects and microbes.

The utility of the forests to mankind is indescribable and therefore a powerful factor in the economy. Their significant part can be better expressed in the words of late Theodare Roosevelt. "A nation without trees would face a future almost as hopeless as a nation without children".

In India, forests occupy an area of about 22 percent of the total geographical area and they are unequally distributed with about 33·4 percent in Kerala, 4·3 percent in Saurashtra and almost centpercent in the Andamans. But on an all India basis, they are less than the standard which is reckoned at ⅓ of the land surface. It is significant to note that less of forests necessitates the use of cow - dung as fuel and so causes a loss of very valuable manure.

Most of our forests are mixed forests. In the ever green and the monsoon forests as in Kerala, the growth of certain trees is up to a height of 200 ft. Their contribution to the welfare may be broadly divided into two kinds.

### 1. DIRECT BENEFIT OR PRODUCTIVE FACTORS

Forests constitute a vast inexhaustible national economic resource to about 300 species of timber of which only a few well known varieties are commercially exploited. Certain others serve as raw materials for the rapidly growing industries like paper, Rayon Silk, Plywood Matches, paints etc. The contribution from animals (hides, bones, etc.) and insects (honey, wax and lac),is considerable with vast scope for further exploitation.

Forests are a source of revenue to the goverment and with the adoption of an effecient and planned administration technology and researches, the yield in quality and quantity could be considerably increased. Further their conservation and exploitation provide employment opportunities to a large number of educated, technical, skilled and unskilled (most forest tribes) persons.

### 2. THE INDIRECT BENEFIT OR PROTECTIVE FACTOR.

Forests being gifts of nature bestow beautiful and thrilling scenery and proper climate and health. The indirect benefits accrue to mankind in the following way. Forests bring rainfall by attracting and by obstructing the passage of rain-laden clouds

## MINOR PRODUCTS OF THE FOREST

Our country is a veritable emporium of varied minor forest products, which together with the animals, besides the major products, undoubtedly play a very important role, particularly in the rural economy of the nation. An exhaustive enumeration of these is not necessary here and a few very important ones ought to be mentioned and they are medicinal plants and herbs, essential oils, resins, gums, fatty oils, carbohydrates, wax, dyes, tars, fibres, flosses, edible plants, canes, bamboos, grasses honey, lac, packing materials and beedi leaves. These products are the only source of incom to millions of forest tribes and others. Many of these serve as raw materials for many modern industries, some products enter even international market. There may be many more which may be potential raw materials. To mention a few examples; sarpaganda (Ranwolfia Serpentina), which featured in an article in illustrated weekly of India recently, after the discovery that it reduces high blood pressure and is a cure for certain forms of insanity, has now an international reputation with the result that there is large demand for it. The forest research institute at Dehra Durn has taken up work to enhance its yield.

On the whole, minor products of the forests are the much sought for foreign exchange earness. In 1953 — 54, they brought to India very nearly Rs. 50 crores worth of foreign exchange. Besides, India herself is a big consumer of such products.

There has not been a planned supervision, scientific control over the collection, grading and marketing except of a few products which serve as raw materials for certain established industries like, lac, turpentine, santorim etc. The methods of exploitation and harvesting methods are wasteful. The Quality is generally poor, adultrated and the best season for collection is not followed. To develop and fully utilise these products an integrated and organised planning is essential. The system of cultivation should follow a careful investigation, involving selection of the best strains, acclamatisation of foreign strains, and even hybridisation of best varieties, and a study of enviormental factors, and manurial practices.

Major products include Fire-wood, fodder and timber. The last one, namely timber has led to the organisation of modern industry. It is the largest constructional material. If is used largely for military, domestic and industrial purposes. Paper manufacture by using paper pulp extracted from bamboos and certain grasses is today a growing industry and similar is the position of art-silk industry. By the use of saw-dust and chips solid hard boards with floral design are made. Charcoal too is not an insignificant product. Raw materials for wood sugar, alcohol, certain chemicals and motor fuel are supplied by forest products. Other structural materials like iron, steel, and cement are universally in short supply. Timber is a fitting substitute and because of certain inherent qualities it is even better than these. For eg:— It has the quality of electric resistance and heat conduction.

The annual out put of timber, both hard and soft, is estimated at two million tons and per capita consumption at 0·3 cft. and of all wood (fuel) at 1·5 cft. This stands in thorough contrast with the per-capita

consumption of 8 cft. in Europe and 24 cft. in North America. In fact, the standard of civilisation is tested on the extent of the consumption of timber.

There are about 300 species of timber yielding trees and out of these only about a dozen are commercially important like teak, rose-wood, padauk, deodar etc. Special mention may be made of Malabar iron-wood for railway sleepers. All these make a class by themselves which may be called naturally durable class.

There are others, over 100. species, which vary in durability and are of a lower grade and include mango, mattu, vallapine, pali, chir, etc. But they could be upgraded by scientific methods and their serviceable life increased. Impregnation with preservative chemicals is being done.

Technical problems relate to the regeneration of forests and protection of young crops from external danger. Again, our forests, being mixed forests with a large number of species and only a few valuable and marketable species being extracted, their natural reproduction does not keep pace with exploitation and the result is natural impoverishment of crops. Such problems ought to be solved very effectively.

Administrative problems relate to the regulation of the use of forests, of the avoidance of over use and of the general policing of forests (an unpleasant task) involving control of grazing, prevention of forest fires, control of cultivation etc.

In conclusion it could be said that this green wealth enriches life, in a variety of ways. In fact, in the present times, one of the tests of civilisation is the quantity of timber per-capita consumption. In short, forests have very vast economic potentialities. It is no wonder, and on the other hand a happy feature, that great importance is attached to VANAMAHOLSAVA as a national venture. It may be wished and hoped that the area of forests grows up to the standard viz, one third of the total geographical area of the country with added beauty and variety.

# 'How' and 'Why' of Personality

(V. G. K. Nair)

Gopalakrishnan got a money purse on the way. There was Rs. 110 in it. Quite a lucky chap indeed! But he felt somebody from with in instructing him to keep it unobserved by others. He did accordingly. He planned to purchase alot of things. A pair of good sandals, a good poplain shirting and a few other items of necessities. But still a feeling of uneasiness crept into his mind. There he heard a mild voice whispering to him "Gopal, give the purse to the owner or if you don't know the owner, send it to the nearest police station. How much that unfortunate man will be feeling about the loss of that much amount, for suppose you lose such a thing, think what would be your state of mind—yes do not delay—or else how can you have peace of mind when you deliberatley cheat another man and thereby cause pain to him. Quick, return it."

Whatever it is, Gopalakrishnan did not part with the money. He spent it for his own needs. But he could not forget the incident and a feeling of guilt lingered in the mind. Why did Gopalakrishnan react like this, when he got the moneypurse? This is a difficult question, the answer of which psychology alone can explain.

## Born in Innocence

The baby is born from a womb, full of happiness and comfort to a world of strange and unpleasant experiences. Here begins the trouble. In this new world it feels the difference in breathing and as a consequence of this a sort of uneasiness follows. In the begining, the child finds it difficult to adjust itself to the new environment and therefore it cries. Thus the cry is the expression of uneasiness of the child. Actually this uneasiness springs from certain bodily needs of the child. The child feels hungry and hunger makes it uneasy and there fore it cries. If it does not get enough to eat, then also it cries. Slowly it grows and in course of time expresses the sensation of pleasure and pain. At first the child learns to recognise the person who feeds it and this recognition slowly gets associated with a feeling of affection which is just an aspect of the feeling of pleasure. This explenation helps us to draw one conclusion and it is that only from the background of the bodily necessities does the child's mind acquire the feelings of anger, affection etc. Thus due to the force of circumstances, feelings and emotions germinate in a crystal-clear mind.

## The crown of Creation

The tastes and tendencies of a small child are not fundamentally different from that of a four legged animal. 'Animal' and 'man' have feelings of affection and hate. But as far as human beings are concerned much of these tastes and tendencies are the result of environment while in other species these are the results of inborn instincts. Along with feelings, emotions and tenden-

cies, human beings also develop the faculty of nationality while other species totally lack this heavenly gift and hence man is considered the crown of creation. This faculty of reasoning power is what distinguishes man from other species on the face of the earth. It is this faculty of rationality that safeguards man from free outbursts of dangerous tendencies, immoral urges and rude behaviour. Before long, the child learns, due to this faculty to obey the moral codes of society. At times he feels the urge to pluck the beautiful flower, from the garden. He feels like smashing the man who *picks* a quarrel with him. But he does not give expression to such fundamental urges because he is learning to live in society by suppressing the indecent and anti-social tendencies.

## From cradle to the grave

The experience of the childhood-days are the root cause of the moulding of character of individuals in later life. This does not mean that the childhood experiences make the individuals' behaviour a 'constant one'. On the other hand, it only means that the effects of the childhood experiences control and influence the character formation of the later period to a great extent. Individuals may not be conscious of this influence since the influencing factor is in the unconscious realm of the mind. It is according to the nature of this influence that the royal road to character formation proceeds. Let us take an example.

A certain boy is brought up by his parents in a particular way. He is not overfondled and no unnecessary interference is made in his day-to-day affairs. He is asked to indulge in day-to-day activities befitting to his age. He is asked to wear his dresses by himself and is given a free choice of his own favourite games and sports. This kind of a habit develops in the boy a sort of character by which the boy is made capoble of carrying out his duties and responsibilities with out being helped by others. This gives confidence to the boy and he feels that he can manage his own affairs by himself. In course of time he becomes capable of facing difficulties, shouldering responsibilities and making decisions of his own. Compare this with the growth of another boy. His ignorant parents have already interfered in his life even while he was very small boy. He has been over fondled—and he is never left alone. He will be in the lap of some one or other and they have brought him up as something very precious. He will be always spoonfed, he will be dressed by others, amused by others without giving a chance for him to play with his toys. And he grows. He travels towards the road of dependency and takes shelter in the shadow of others. He becomes incapable of making decision and he cannot take initiative in any enterprise for he has no confidence in himself. In fact, he simply believes that his existence will be possible only under the control and direction of some body else. He can be happy only with parental assistance. The above cited boys take up from the very beginning two entirely different paths and they form quite different characters according to their childhood experiences. The fact is that the character from the craddle goes up to the coffin.

## Multiple personality

The child spends a part of his life at home. There the materials for character formation are of a special type and nature. The environments help the child to form

a peculiar type of character. Another part of his life is the period he spends in educational institutions. The circumstances and enviroments of these places will be of another type and quite different from the previous ones. This point will be better understood from the following instance—Look at the biwilderment of a boy who has been taught about the meaning of 'my head' by the teacher. Now obviously 'my head' means the teacher's head; at least this is how he understands the meaning of these words. At home—when he reaches—he repeats himself 'my head' means 'my teacher's head'. His father hears him and wants to correct him. He says—look here, my son—"my head" means "my head"—that is this (pointing at his own head) Now the boy is more confused. Some how he cncludes, "my head" at home—means my father's head—"My head" at school means "teacher's head".

Here the confusion is that when the boy was trying to learn something with a particular meaning, something else came to his brain with the result he got confused just as a single word carried different meanings, so also a single individual may develop different types of characters. When he is at home, he behaves as a very aggressive man and when he goes out he becomes an entirely different man. That is to say, in the same individual we find conflicting types of character formation. On a deeper analysis we find in most of us similar types of multiple personality. In fact a character free from conflicting tendencies, undesirable emotional tensions and evil desires is a rarity. Such a strong, normal, and balanced charactered persanality deserves to be called a perfect human being.

## Work of the Police Constable

We have seen that in every individuals different tendencies are working with the result there will be disharmonious desires existing. One aspect of character conflicts with another aspect and soon the sum total of all these is an internal warfare of different tendencies in the various chambers of the mind. In one corner of the mind there is the desire to live a happy and prosperous life and at the otherside there is another feeling of discontent and agony due to frustration of that hedonistic desire. The offspring of these two is the feeling of envity towards those who are better placed and enjoy life in an attractive manner. Thus the human mind is full with hundreds of similar traits and tendencies and all these will be stored in a disorderly and chiotic manner. Along with all these there is that conscious urge to lead a moral life according to the accepted customs and conventions of the society and this urge has a dominating influence on such unruly tendencies and wishes. This influence of the moral force as far as mental activities are concerned is some thing like "a police constable." In the absence of this constable or when the constable fails to perform his normal duties, individuals go astray and behave in an anti-social manner and involve themselves in undesirable activities. Some times tendencies which resemble thieves of a selfish and brutal nature get the upper hand or become stronger in force than the police constable. At times the constable may be induced to become inactive by evil forces. Here the instance of Gopalakrishnan is relevant.

## The effects of the civil war

The society we find is a homogeneous mixture of a lot of good and a great deal

of eivil. The peculiar tendencies of individual characters are found vividly reflected in the behavior of the society in general. The general nature and peculiar characteristics of the society influences and marks its stamp on the individual also. The fact that the society recognises the merits of individual talents and special abilities, induces individuals to aspire for that recognition. To be superior is the motive of every individual either directly or indirectly, consciously or unconsciously; and this urge to get recognition becomes more and more predominant as the individual grows. Since this urge is part and parcel of every one of us, perhaps we may not be consciously aware of this fact. On a deeper study, the fact that we are tempted to act as we do is motivated by the unconscious realm of the mind will be clearly seen. Unfortunatly things do not move according to our expectations. Here is the beginning of the later troubles. When the individual's efforts fail or when the society ridicules his endeavours or when he fails to attain his ideals for some reason or other, he realises his own inadequacy. This consicious feeling of one's own inability later transforms its shape and nature and goes deep in to the mind. This is known by the name of inferiority complex. Inferiority complex is concerned only with the unconssious mind, the reason being that the conscious mind will refuse to accept this failure of the self. The result is that the feeling of inferiority will be unknown to the person concerned.

It is this infiriority feeling that is responsible for the peculiarities in individuals. The individual who is suffering from this feeling tries to compensate this by certain activities, which he believes capable of bringing him recognition. Thus he tries to escape from this unwanted feeling, But some times the world refuses to believe this supposed-to be superior activities and finds him guilty of superiority complex. In fact superiority complex is just a weapon to compensate infiriority conflex. Thus the confiict between inferiority complex and superiority complex in individuals and the nature of the conflict, its failure and success, finally mould the individual whom we find.

Man tries to progress in every possible sphere. The society and the peculiar circumstances in which he lives influence and control him to a very great extent. Because scientific achievements and new inventions are multiplying every day, the life and activities of human beings are increasingly controlled by pressures from outside circumstances. This restricts the free and normal mental activities and man progresses in the direction of a mechanised being—as Aldus Huxley sees in his "Brave New World" we find progress towards a sort of artificial behaviour tinged with all sorts of supposedly progressive nations. Therefore, "how we became what we are" can be understood only in the light of a thousand facts. To understand how the individual reacted when he faced odd and strange realities, and how he emerged affected or unaffected out of such experiences and a lot of similar matters are to be examined if we are to get a clear idea about the person concerned. This means we have to vivisect the complicated mind of the individual and analyse it critically and scientifically to find the answer of the 'How' and 'why' of personality.

# കലയും ജീവിതവും

(എം. ഷൌക്കത്തലി P. I)

**ജീ**വിതത്തിൽ ഗണനീയമായ പങ്കുവഹിക്കുവാൻ കലാസൃഷ്ടികൾക്കു സാധിക്കുമെന്നത് നിസ്തർക്കമായ ഒരു യാഥാർത്ഥ്യമാണ്. വ്യക്തികളുടേയും, സമുദായത്തിൻേറയും, രാഷ്ട്രത്തിൻേറയും സ്വഭാവ രൂപീകരണത്തിൽ കലകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. വ്യക്തികളുടെ വികാര വിചാരമണ്ഡലങ്ങളിൽ ചലനങ്ങളുണ്ടാക്കാനും അതുമുഖേന അവരുടെ ചിന്താസ്വഭാവത്തെ മാററുവാനും ജീവിതരീതിയെത്തന്നെ രൂപപ്പെടുത്തുവാനും കലകൾക്കു സാദ്ധ്യമാണ്. വ്യക്തികളടങ്ങുന്ന സമുദായം ഇത്തരത്തിൽതന്നെ മാറാൻ ഇടവരുന്നു. സ്വാഭാവികമായും സമുദായത്തിൻെറ അഭിപ്രായം രാഷ്ട്രത്തിൻെറ ·രണസ്വഭാവത്തെ രൂപപ്പെടുത്തുമല്ലോ? ചരിത്രപരമായി പരിശോധിച്ചാൽ കലയുടെ ഈ സ്വാധീനം നമുക്ക് മനസ്സിലാക്കാം.

## എന്താണ് കല?

ജീവിതത്തിൻെറ പാത സുഖ ദുഃഖ സമ്മിശ്രമാണ്. നമുക്കുചുററും പലതരം ജീവിതങ്ങൾ കാണാം. ദുരിതപൂർണ്ണവും, സുഖപ്രദവുമായ പലതരം ജീവിതങ്ങൾ. വേദനനിറഞ്ഞ ജീവിതങ്ങൾ കാണുമ്പോൾ അതിനോടു സഹതാപം ജനിക്കുന്നതു് മനുഷ്യഹൃദയത്തിൻെറ മഹത്തായ ഒരു സ്വഭാവമാണ് സഹൃദയന്മാർ ആനന്ദിക്കുന്നവനിൽ. സുഖം ദർശിക്കുകയും ചെയ്യുന്നു. ഒരു യഥാർത്ഥകലാകാരൻ അന്യൻെറ ദുഃഖത്തിൽ മനസ്സലിയുന്നവനും സുഖത്തിൽ ആനന്ദിക്കുന്നവനുമായിരിക്കും.

പരിപൂർണ്ണമായ ഒരു ലോകത്തെ വിഭാവനം ചെയ്യുന്നവനാണ് കലാകാരൻ. മനുഷ്യർ തമ്മിൽ ഏററവും അധികം ഐക്യത്തോടുകൂടിയുള്ള സമത്വസുന്ദരവും, സ്വർഗ്ഗീയ പ്രമായ ഒരു പ്രപഞ്ചത്തെ അദ്ദേഹം സ്വപ്നം കാണുന്നു. ഈ ഭൂമുഖത്തുനിന്നു എത്രയോ വിദൂരമായ ആ ഭാവനാലോകത്തിലേക്കെത്താൻ അദ്ദേഹം പരിശ്രമിക്കുകയാണ്. ആ യാത്രയിൽ ഈ ലോകത്തിലുള്ള മനുഷ്യരെയെല്ലാം കൂടെ കൊണ്ടുപോകാൻ കലാകാരൻ ശ്രമിക്കുന്നു. അതിന്നെതിരായ ചുററുപാടുകൾ അദ്ദേഹത്തെ വേദനിപ്പിക്കും. അനുകൂലമായ സാഹചര്യങ്ങൾ അദ്ദേഹത്തെ ആനന്ദോന്മത്തനാക്കും.

ഒരു കലാകാരൻ മനുഷ്യൻെറ വൈകാരിക മണ്ഡലത്തെ പഠിച്ചവനായിരിക്കണം. മനുഷ്യൻെറ വികാരപരമായ ഒരു പഠനമാണ് കല. കലാകാരൻ താൻ സ്വപ്നം കാണുന്ന സ്വർഗ്ഗീയലോകത്തിലേക്കു മനുഷ്യനെ നയിക്കുവാൻ ആഗ്രഹിക്കുകയാണ്. അതിന്നു അദ്ദേഹം മനുഷ്യനിൽ ബുദ്ധിപൂർവ്വം വൈകാരിക ചലനങ്ങളുണ്ടാക്കണം. ഒരു സംഭവം ആവിഷ്കരിക്കുമ്പോൾ അതു മനുഷ്യഹൃദയത്തിൻെറ അത്യഗാധതയിലേക്കിറങ്ങിചെല്ലുകയും, ഹൃദയത്തിൽ വൈകാരികമാററങ്ങൾ ഉണ്ടാക്കുകയും ചെയ്യണമെന്ന നിർബ്ബന്ധബുദ്ധി കലാകാരനുണ്ടാകണം. അതിന്നു സുന്ദരമായ ആവിഷ്കരണം അനുപേക്ഷണീയമാണല്ലൊ. വികാരപരമായ മാററങ്ങൾ വൈചാരികമായ ചലനങ്ങൾക്കു കാരണമാക്കുന്നു. വിചാരപരമായ മാററങ്ങൾ മനുഷ്യൻെറ ചിന്താമണ്ഡലത്തെതന്നെ ബാധിക്കുന്നു. ചിന്തയിൽ മാററങ്ങളു

ണ്ടാകുമ്പോൾ അതു് ജീവിതപന്ഥാവിനെ തന്നെ വ്യത്യാസപ്പെടുത്തുമെന്നതു ഉറപ്പാണ ല്ലൊ. ഈ പരിവത്തനങ്ങൾ ഗുണാത്മക മായിരിക്കണം.

പരിപൂണ്ണതയാണ് ഉന്നം; മാർഗ്ഗം സുന്ദ രമായിരിയ്ക്കണം. ലക്ഷ്യത്തിന്നു അനുവാച കരുടെ അനുഭാവമാണാവശ്യം; അവരിൽ മാനസാന്തരം സൃഷ്ടിക്കണം. അപ്പോൾ സ ഹജീവികളുടെ വേദനയിൽനിന്നും, ആന ന്ദത്തിൽനിന്നും തൻെറ ഹൃദയത്തിൽ സം ജാതമാകുന്ന മഹത്തായ വികാരങ്ങളെ അ നുവാചക ഹൃദയങ്ങളിൽ ഗുണാത്മകമായ വൈകാരിക ചലനങ്ങളുണ്ടാക്കത്തക്കവിധം ബുദ്ധിപൂവ്വം, സുന്ദരമായാവിഷ്കരിക്കുന്നതാ ണ് കല.

## കലയുടെ ഉത്ഭവത്തെക്കുറിച്ചു

ഉൽകഷത്തിന്നുള്ള ഒടുങ്ങാത്ത ദാഹം മനുഷ്യൻെറ നൈസഗ്ഗികമായ ഒരുൽകൃഷ്ട സ്വഭാവമാണ്. പുരോഗമിക്കാനുള്ള ഈ ആഗ്രഹത്തിൻെറ സന്താനമാണ് കല എ ന്നു കരുതാം. ഒരു കാലത്തു് മനുഷ്യൻ പ്രാ കൃത വികാരങ്ങൾക്കു് അടിമയായിരുന്നു. തൻെറ സങ്കുചിതമായ ആവശ്യത്തെ നിവ ത്തിക്കുന്നതിലുപരിയായി അന്നു മനുഷ്യന്നു മററൊരു ചിന്തയില്ലായിരുന്നു. മൃഗത്തിൽ നിന്നു വളരെ അകന്ന ഒരു സ്വഭാവം അന്നു മനുഷ്യനുണ്ടായിരുന്നില്ല. കാലക്രമേണ ഈ സ്വഭാവത്തിൽ പരിവത്തനങ്ങളുണ്ടാ യി. വിശക്കുമ്പോൾ എന്തെങ്കിലും എങ്ങി നെയെങ്കിലും ഭക്ഷിക്കുക എന്ന അവൻെറ പ്രാകൃത സ്വഭാവത്തിന്നു് ചില മാററങ്ങ ളുണ്ടായി. കേവലം വികാരത്തിന്നടിമയാ യിരുന്ന അവൻ വികാരങ്ങളെക്കുറിച്ചു് പ ഠിക്കാനും അതിനുപരിയായി ചിന്തിക്കാനും തുടങ്ങി. അമ്മ, സഹോദരി, അച്ഛൻ മുത ലായ ബന്ധങ്ങളുണ്ടായി. അയൽവാസിക ളും, പരിചയക്കാരും, സുഹൃത്തുക്കളും...... അങ്ങിനെ മനുഷ്യൻ മൃഗത്തിൽനിന്നു വി ഭിന്നനാകാൻ തുടങ്ങി. മററു ചിലരെക്കൂടി സ്നേഹിച്ചപ്പോൾ അവന്നു അവരെക്കുറിച്ചു കൂടി ചിന്തിക്കേണ്ടിവന്നു. പ്രാകൃത വികാ രത്തിന്നെതിരായ ഒരു സാമൂഹ്യബോധം അവനിലുണ്ടായി. പൈദാഹശമനത്തിന്നു മാഗ്ഗം ലഭിക്കുമ്പോൾ മൃഗീയമായ ഒരാനന്ദം അനുഭവിക്കുകയും, പൈദാഹ ശമനത്തി ന്നുള്ള മാഗ്ഗമടയുമ്പോൾ ക്രൂരമായ ഒരു ദുഃഖം ഉണ്ടാവുകയും മാത്രം ചെയ്തിരുന്ന മനുഷ്യ ൻെറ ആനന്ദത്തിന്നും, വേദനകൾക്കും കാര ണം വദ്ധിച്ചു. ഇത്തരത്തിൽ മനുഷ്യൻെറ വൈകാരിക മണ്ഡലത്തെ—പ്രാകൃതവും, സ്വാത്ഥപരവുമായ വികാരങ്ങളെ—കൂടു തൽ സാമുദായികമാക്കുക എന്നതു് പുരോ ഗമനേച്ഛുവായ മനുഷ്യൻെറ ഒരാഗ്രഹമായി രുന്നു. അതിന്നുവേണ്ടി, മനുഷ്യനെ കൂടു തൽ സാമൂഹ്യജീവിയാക്കി ഉയത്താൻവേ ണ്ടി ഉണ്ടായതാണ് കല. മനുഷ്യൻെറ വൈകാരികവും, വിചാരപരവുമായ പുരോ ഗതി എന്നുണ്ടായോ അന്നുതന്നെ കലയുമു ണ്ടായിരിക്കണം. ആ പുരോഗതി എന്നെ ന്നുമുണ്ടാകും. അതിന്നനുസരിച്ചു കലകൾ ക്കും പുരോഗതിയുണ്ടാകും. മനുഷർ അന്യോ ന്യം മനസ്സിലാക്കാനും, ബന്ധപ്പെടാനും തുട ങ്ങിയപ്പോൾ കലകൾ ആവിർഭവിച്ചിട്ടു ണ്ട്. സമത്വസുന്ദരവും സ്നേഹപൂണ്ണവുമാ യ ബന്ധത്തിൽനിന്നുണ്ടാകുന്ന ആഹ്ലാദ ത്തെ കലാകാരൻ പകത്തുകയാണ് ചെയ്യു ന്നത്. സ്നേഹപൂണ്ണമായിരിക്കേണ്ട മനുഷ്യ രുടെ ബന്ധങ്ങൾക്കിടയിലുള്ള വൈരുദ്ധ്യ ങ്ങളെ, അതിലടങ്ങിയ വൈരൂപ്യത്തെക്കു റിച്ചു അദ്ദേഹം വേദനിക്കുന്നു. ഒരു കുഡും ബമെന്ന നിലയിൽ മനുഷ്യസമുദായം പുല ത്തേണ്ട മയ്യാദകളെ അദ്ദേഹം ചൂണ്ടിക്കാ ണിക്കുന്നു. ഐക്യവും, സ്നേഹവും നിറ ഞ്ഞ ഒരു ലോകത്തെ അദ്ദേഹം വിഭാവനം

ചെയ്യുന്നു. സ്നേഹത്തിൻെറ മാഹാത്മ്യത്തെ ക്കുറിച്ചു അദ്ദേഹം സ്വപ്നം കാണുന്നു, മഹത്തരങ്ങളായ ബന്ധങ്ങൾ വളരുന്നതിന്നെതിരായ ചുററുപാടുകൾ അദ്ദേഹം വെറുക്കുന്നു.

## ഉത്തമകലകളുടെ സ്വഭാവമെന്ത്?

മനുഷ്യൻെറ മാനസികമായ ആരോഗ്യത്തിന്നും, ഉന്നമനത്തിന്നും ഉതകുന്നതായിരിക്കും ഉത്തമകലകൾ, മനുഷ്യൻെറ സാംസ്കാരിക നിലവാരം ഉയർത്തുവാൻ അവ പര്യാപ്തമായിരിക്കും. പരിപൂർണ്ണമായ ഒരു സമുദായമാണല്ലോ കലയുടെ ലക്ഷ്യം. ഓരോ ഉത്തമ കലകളും അങ്ങോട്ടുള്ള ഓരോ കാൽവെപ്പായിരിക്കണം. കലയുടേയും, മനുഷ്യസമുദായത്തിൻെറയും ചരിത്രത്തെക്കുറിച്ചു ഒരു താരതമ്യപഠനം നടത്തിയാൽ കലകൾ സമുദായത്തിൻെറ ഓരോ കാലഘട്ടങ്ങളിലെ മാററങ്ങളിലും വഹിച്ചിട്ടുള്ള പങ്ക് നമുക്ക് മനസ്സിലാകും. ഓരോ കാലഘട്ടങ്ങളിലുള്ള പ്രധാന വൈരുദ്ധ്യങ്ങളെ—പരിപൂർണ്ണതയിലേക്കുള്ള സമുദായത്തിൻെറ പുരോഗതിക്കു തടസ്സമായി നിൽക്കുന്ന വിരൂപമായ സ്ഥിതിഗതികളെ—എടുത്തുകാണിച്ചു മാർഗ്ഗനിർദ്ദേശം ചെയ്യേണ്ടത് കലകളുടെ കടമയാണ്. അത്തരം കലകൾക്കേ സമുദായത്തിൽ ശാശ്വതസ്ഥാനങ്ങളുണ്ടാകൂ. രാമായണം മുതലായ പുരാണ സാഹിത്യങ്ങൾ കാലഘട്ടത്തിൻെറ സന്തതിയാണ്. അത് ആ കാലത്തെ പ്രധാന സത്യത്തെ പ്രഖ്യാപിക്കുന്നു; അധർമ്മത്തിൻെറ പരാജയത്തെ കാണിക്കുന്നു. അതു സമുദായത്തിൻെറ ഒരു മാററത്തിന്നു പ്രധാന സാക്ഷ്യം വഹിക്കുന്നു. അതിനാൽ അതിന്നു മനുഷ്യസമുദായത്തിൽ ഇന്നും ഉന്നതസ്ഥാനമുണ്ട്.

സമകാലികജീവിതത്തിലെ പ്രധാന പ്രശ്നമായിരിക്കണം ഉത്തമകലകളിൽ ഉൾക്കൊള്ളേണ്ടതെന്നു രാമായണം തെളിയിക്കുന്നു. പക്ഷെ കലാസൃഷ്ടികൾക്കുണ്ടാകേണ്ട സൌന്ദര്യം നഷ്ടപ്പെടരുതെന്നുമാത്രം. സമകാലിക ജീവിത വൈരുദ്ധ്യങ്ങളിലുള്ള അസൌന്ദര്യത്തെ എടുത്തുകാണിക്കുകയും, സ്നേഹപൂർണ്ണമായ ഒരു സമുദായജീവിതത്തിൻെറ സൌന്ദര്യത്തെ മനുഷ്യനെ പഠിപ്പിക്കുകയും ചെയ്യുന്നവയാണ് ഉത്തമകലകൾ.

## ജീവിതത്തിൽ കലകളുടെ സ്വാധീനം

ജീവിതത്തിൽ കലകൾ സ്വാധീനംചെലുത്തുമെന്നതു് അനിഷേധ്യമായ ഒരു സത്യമാണ്. എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. വ്യക്തിജീവിതത്തിൻെറ തത്വസംഹിതകളിൽ കലകൾ മാററം വരുത്തുമെന്നതിന്നു മഹാത്മാഗാന്ധിയുടെ ജീവിതംതന്നെ ഒരുദാഹരണമാണ്. തൻെറ സത്യത്തിലുള്ള വിശ്വാസം വേരൂന്നിയത് ''ഹരിശ്ചന്ദ്ര''നാടകം കണ്ടതിന്നു ശേഷമാണെന്നും, ''ടോൾസ്റ്റോയ്'' കൃതികളാണ് തൻെറ അഹിംസാ ആദർശത്തിൻെറ ഉറവിടമെന്നും ഗാന്ധിജിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരു മഹാവ്യക്തിയുടെ ജീവിതാദർശങ്ങൾ സൃഷ്ടിക്കാൻ സാഹിത്യാദികലകൾക്കു സാധിച്ചിട്ടുണ്ടെങ്കിൽ അത് എത്ര ജീവിതങ്ങൾക്കു ഉണർവ്വും, ഉത്തേജനവും നൽകുകയില്ല!

ഭരണകൂടങ്ങളെ മാററിമറിക്കാൻ കലകൾക്കു സാധിച്ചിട്ടുണ്ട്. ചരിത്രപരമായി പരിശോധിക്കുമ്പോൾ ഭരണപരമായ രാഷ്ട്രീയവിപ്ലവങ്ങളുടെ തുടക്കം കലാകാരനിൽനിന്നാണെന്നു കാണാം. ലോകചരിത്രം ഈ യാഥാർത്ഥ്യത്തിന്നു സാക്ഷ്യം വഹിക്കുന്നു. ഫ്രഞ്ചുവിപ്ലവവും, റഷ്യൻ വിപ്ലവവും നടക്കാൻ സാഹിത്യകാരന്മാരുടെ പ്രോത്സാഹനമുണ്ടായിട്ടുണ്ട്. എല്ലാരാജ്യങ്ങളുടെയും പുതിയ ഭരണകൂടസ്ഥാപനത്തിൻെറ പിന്നിൽ

കലാകാരൻെറ കഴിവുണ്ടെന്നത് വ്യക്തമാണ്. ഒരു പ്രദേശത്തിലെ ജനങ്ങളുടെ സാംസ്കാരികജീവിതത്തിൻെറ മാനദണ്ഡം ആ പ്രദേശത്തിലെ കലാസൃഷ്ടികളാണ. പുരാതന ഗ്രീക്കു സംസ്കാരത്തിൻെറ അളവുകോൽ അവിടുത്തെ കലകളാണല്ലോ. കേരളത്തിൻെറതന്നെ ഇന്നത്തെ ശോച്യാവസ്ഥക്ക് കാരണം നമ്മുടെ കലാപരമായ തകർച്ചയാണ്. പുരാതന കേരളത്തിന്ന് വിശിഷ്ട കലകളുണ്ടായിരുന്നു. അന്നൊരു പ്രത്യേക സംസ്കാരം നാം പുലർത്തിയിരുന്നുതാനും. പക്ഷെ നിർഭാഗ്യവശാൽ നമ്മുടെ കലകൾ നിരുത്സാഹപ്പെട്ടുകയും നശിപ്പിക്കപ്പെട്ടുകയും ചെയ്തതോടെ കേരളത്തിൻെറ സംസ്കാരികനിലവാരം ദയനീയമായി അധ:പതിച്ചിരിക്കുകയാണ്. കലകളാണ് ജനങ്ങളുടെ സംസ്കാരത്തിൻെറ ഹേതുവെന്നു വ്യക്തമായിരിക്കുമല്ലൊ.

### ഇന്നത്തെ കലാകാരൻെറ കടമ

പരിസരങ്ങളുടെ സമ്മർദ്ദത്താൽ സ്വഹൃദയത്തിലുളവാകുന്ന വികാരങ്ങളെ അനുവാചകഹൃദയങ്ങളിൽ അനുഭാവമുണ്ടാക്കത്തക്കവിധം സുന്ദരമായാവിഷ്കരിക്കുന്നതാണല്ലോ കല. സമകാലികപ്രശ്നവും നിവാരണവുമായിരിക്കും കലകളിലെ ഉള്ളടക്കം. മുൻപറഞ്ഞ സംഗതികളിൽനിന്നു ഈ കാര്യങ്ങൾ സ്പഷ്ടമായിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇന്നത്തെ പ്രധാനപ്രശ്നം രാഷ്ട്രങ്ങൾക്കിടയിലുള്ള സാഹോദര്യത്തെ വളർത്തുക എന്നതാണ്. ലോകരാഷ്ട്രങ്ങൾ ഇന്നു അന്യോന്യം ശത്രുമനോഭാവത്തോടെ കഴിയുന്നു, യുദ്ധഭീഷണികൾ മുഴക്കുന്നു. ഈ നില പരിപൂർണ്ണ സുഖപ്രദാനമായ ഒരു സമുദായം നിർമ്മിക്കാനുതകുന്നതല്ല. അതിനാൽ സമാധാനത്തിൻെറ ബീജം സമുദായത്തിന്നിടയിൽ വിതറുക എന്നതാണ് ഒരു കലാകാരൻെറ ഇന്നത്തെ പ്രധാനപ്പെട്ട കടമ. ഒരു കുടുംബമെന്ന നിലയിൽ ലോകരാഷ്ട്രങ്ങൾ ഉയരേണ്ട ആവശ്യകതയെ അദ്ദേഹം ഉണർത്തിച്ചേതീരൂ. അന്യോന്യം സാഹോദര്യ മനോഭാവത്തോടെ വർത്തിക്കുമ്പോഴുള്ള സ്വർഗ്ഗീയ സുഖത്തെ അദ്ദേഹം ലോകജനതയെ പഠിപ്പിക്കണം.

ഇന്ത്യക്കാരനായ ഒരു സാഹിത്യകാരനു—സാഹിത്യമാണല്ലോ കലയിലെ ഏററവും പ്രധാനമായ ഒരംശം—മററുചില കടമകൾ കൂടിയുണ്ട്. ഇന്ത്യ ദരിദ്രയാണ്. ഇന്ത്യയുടെ ഇന്നത്തെ പ്രധാനപ്രശ്നം അസമത്വമാണ്. സാമ്പത്തികമായും ജാതീപരമായും വമ്പിച്ച അസമത്വങ്ങൾ ഇന്ത്യയെ സാംസ്കാരികമായി അധ:പതനത്തിൻെറ അഗാധതയിലേക്കാഴ്ത്തുന്നു. ഈ സ്ഥിതിവിശേഷം സുഖപ്രദമല്ലല്ലോ. അതുകൊണ്ട് ഇന്ത്യക്കാരനായ ഒരു കലാകാരൻ ഈ അസമത്വങ്ങളിലെ അസൌന്ദര്യത്തെക്കുറിച്ചും സമത്വസുന്ദരമായ ഒരു സമുദായത്തിൻെറ ശ്രേയസ്സിനെക്കുറിച്ചും ഇന്ത്യൻജനതയെ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

ഇതിനെല്ലാം പുറമെ ചില വിശാലമായ ആവശ്യങ്ങൾ—കഠിനമായ ഹൃദയവിശപ്പുകൾ—മനുഷ്യനുണ്ടെന്ന സത്യം ഞാൻ വിസ്മരിക്കുന്നില്ല. ചിലപ്പോൾ ഇത് മനുഷ്യൻെറമാനസിക ഘടനയുടെ ദൌർഭാഗ്യകരമായചില ചാപല്യങ്ങളാവും. അത്തരം വികാരങ്ങളെ ആസ്പദപ്പെടുത്തിയുള്ള കലാനിർമ്മാണങ്ങൾ അസംബന്ധമാണെന്ന് പറയാൻ ഞാൻ ധൈര്യപ്പെടുന്നില്ല. കാരണം അത്തരംവികാരങ്ങളെ ആധാരമാക്കി ആവിഷ്കരിച്ച സുന്ദരകലകൾക്ക് മനുഷ്യസമുദായത്തിൽ പലപ്പോഴും സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. പക്ഷെ ആ വിധത്തിലുള്ള വികാരപ്രദമായകലകൾക്കു ഒന്നാംസ്ഥാനം നല്കിക്കൂടാ എന്നു് മാത്രമേ എനിക്കു് വിവക്ഷയുള്ളൂ.

# മാപ്പിളപ്പാട്ട് — ഒരു വിശകലനം

(കെ. ഇബ്രാഹിംകുട്ടി B. Sc. II)

കേരളീയ ഹൃദയങ്ങളിൽ ആനന്ദാനുഭൂതി ഉളവാക്കിക്കൊണ്ട് ഇന്നു് മാപ്പിളപ്പാട്ടുകൾ കൈരളീമലർവാടിയിൽ തത്തിക്കളിക്കുകയാണ്. മലയാളികളുടെ ചുണ്ടുകളിൽകൂടി മന്ദ്രസാന്ദ്രമായ അവയുടെ വരികൾ മന്ദമാരുതനുമായി ലയിച്ചു സ്വച്ഛന്ദം വിഹരിക്കുകയാണ്. കൈരളിക്ക് അതൊരു മുതൽക്കൂട്ടായി ശോഭിക്കുന്നു.

കുറച്ച് വർഷങ്ങൾക്കുമുമ്പ് മുസ്ലിംകൾ മാത്രം—ഒരു വിഭാഗം മുസ്ലിംകൾമാത്രം—ആസ്വദിച്ചാരാധിച്ചിരുന്ന മാപ്പിളപ്പാട്ടുകൾ ഇന്നു ജാതിമതവ്യത്യാസമെന്യെ ആസ്വദിക്കപ്പെടുന്നുണ്ടെന്നുള്ളതു് ചിന്താർഹമാണ്. കേരളീയരുടെ ഇടയിൽ മാപ്പിളപ്പാട്ടിന്നു് പ്രചുരപ്രചാരംസിദ്ധിക്കുവാൻ ഇടയാക്കിയ ചില സംഗതികളെക്കുറിച്ച് ഇത്തരുണത്തിൽ നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇവയിൽ സിനിമയും നാടകവും പ്രധാന പങ്കുവഹിച്ചിരുന്നുവെന്നു് പറയാതെ തരമില്ല. കാരണം, സിനിമയിൽക്കൂടിയും നാടകത്തിൽകൂടിയും മാപ്പിളപ്പാട്ടുകൾ ശ്രവിച്ചതിന്നുശേഷമാണ് പൊതുവെ ജനങ്ങൾക്കു അതുമായി പ്രത്യേക മമത തോന്നാൻതുടങ്ങിയതു്. മാപ്പിളപ്പാട്ടു മലയാളത്തിന്റെ അരുമസന്താനമാണെങ്കിലും തമിഴ് 'ഫിലിമിലാണ്' അതു് ആദ്യമായി കൈകാര്യംചെയ്തതു്: തമിഴരാണ് അതിലേക്കു, പഴയതിൽ പൊതിഞ്ഞ ആ പുത്തൻ രീതിയിലേക്ക്, ആദ്യമായി എത്തിനോക്കിയത്. അതിലവർ വിജയിക്കുകയുംചെയ്തു. തമിഴരുടെ ഈ വിജയം മലയാളികളെ കണ്ണുതുറപ്പിച്ചു. അങ്ങിനെ മലയാള സിനിമാവേദിയിലേക്ക് മന്ദം മന്ദം പിച്ചവെച്ചുകൊണ്ടു് മാപ്പിളപ്പാട്ട് രംഗപ്രവേശനംചെയ്തു. ഇന്നു് മാപ്പിളപ്പാട്ട് ഉൾപ്പെടാത്ത സിനിമയോ, നാടകമോ വിരളമാണെന്നുപറയുന്നതിൽ ഒട്ടും അതിശയോക്തിക്ക് അവകാശമില്ല. മാപ്പിളപ്പാട്ട് ജനഹൃദയത്തെ കവരുവാൻ തുടങ്ങിയപ്പോൾ നവകലാകാരന്മാർ അവരുടെ തൂലികകൾ അതിന്നുവേണ്ടി ചലിപ്പിക്കുവാൻ തുടങ്ങി. തൽഫലമായി ദൈനംദിനം നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങുകയും ചെയ്തു. അവരുടെ ഈ സംഭാവനകൾഹേതുവായി മാപ്പിളപ്പാട്ടുകൾക്ക് സഹൃദയരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ടെന്നത് വിസ്മരിക്കത്തക്കതല്ല.

മാപ്പിളപ്പാട്ടിനെക്കുറിച്ചു പറയുമ്പോൾ മഹാകവി മോയിൻകുട്ടി വൈദ്യരെക്കുറിച്ചുള്ള ചിന്തകളാണ് നമ്മുടെ സ്മൃതിപഥത്തിൽ പൊങ്ങിവരുന്നതു്. മാപ്പിളപ്പാട്ടിന്റെ മലർവാടിയിൽ വാടാമലരുകളായി അദ്ദേഹത്തിന്റെ കവിതകൾ ഇന്നും ശോഭിക്കുന്നുണ്ട്. മഹത്തായ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും നിർഗ്ഗളിച്ചമാധുര്യമേറിയ കാവ്യമധു ആസ്വദിക്കാത്ത കേരളീയർ ചുരുക്കമാണ്. അർത്ഥഗാംഭീര്യവും, ശബ്ദസൗന്ദര്യവും അലങ്കാരസൌഷ്ഠവവും തികഞ്ഞ അദ്ദേഹത്തിന്റെ മാപ്പിളപ്പാട്ടുകൾ സഹൃദയലോകത്തെ വശീകരിച്ചിട്ടുണ്ട്. "ഹുസ്നുൽ ജമാൽ" എന്ന കാവ്യകാമിനി വർണ്ണശബളമായ രൂപം പൂണ്ടു്, മധുരമോഹനമായ പ്രേമഗാനങ്ങൾ പൊഴിച്ചുകൊണ്ടു് കൈരളീവേദിയിൽ നൃത്തംചവിട്ടുമ്പോൾ ആനന്ദലഹരി

യിൽ ആവൃതമാകാത്ത ഒരൊററ കേരളീയ നേയും കാണുവാൻ സാദ്ധ്യമല്ല. പ്രേമത്തിൻെറ കൊച്ചരുവികൾ ഇടയ്ക്കിടെ പ്രതിരോധത്തിൻെറ പാറകളിൽ ചെന്നടിച്ചു കൊണ്ടു് ഒഴുകുന്നതാണ് ഈ കവിതയിൽ നമുക്കു കാണുവാൻ കഴിയുന്നതു്. അങ്ങിനെ അവിശ്വസനീയമായ ഒരു കഥയ്ക്കു അനുരാഗത്തിൻെറ ജീവൻ നൽകി അലങ്കാരത്തിൻെറ പട്ടമണിയിച്ചു് അരങ്ങത്തേയ്ക്കു നയിച്ചപ്പോൾ ഇതു ഒരൊന്നാന്തരം കാവ്യരത്നമായി തിളങ്ങി. മോയിൻകുട്ടിവൈദ്യരുടെ മററു് മോഹനങ്ങളായ പല കാവ്യങ്ങളും കേരളീയക്കു ലഭിച്ചിട്ടുണ്ടു്.

ചാക്കിരി മൊയ്തീൻകുട്ടിയുടെ "ബദർ യുദ്ധം" എന്ന കാവ്യം കൈരളിയ്ക്കു് മറെറാരു മുതൽക്കൂട്ടാണ്. മഹത്തായ ഒരു ചരിത്ര സംഭവത്തിൻെറ താളുകളാണ് ഈ കവിതയിൽക്കൂടി അദ്ദേഹം വിടർത്തിക്കാണിക്കുന്നതു്. ഇസ്ലാമികചരിത്രത്തിലെ എന്നെന്നും മായാത്ത അതിപ്രധാനമായ ഒരു യുദ്ധത്തെ തന്മയത്വത്തോടെ അദ്ദേഹം ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഏററവും ഗൌരവത്തോടും, കലാചാതുര്യത്തോടും, ഔചിത്യബോധത്തോടുംകൂടി ഈ കൃത്യം അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ടെന്നതിന്നു് കവിതയിലെ ഓരോ വരിയും സാക്ഷ്യംവഹിക്കുന്നുണ്ടു്. ആകെക്കൂടി വിശ്വാസാവിശ്വാസങ്ങളുടെ ഒരു സംഘട്ടനമാണ് ഈ കാവ്യത്തിൽ ഉടനീളം തിരതല്ലുന്നതു്. പല നല്ല മാപ്പിളപ്പാട്ടുകളും ഇദ്ദേഹത്തിൻെറ വകയായി കൈരളിയ്ക്കു് ലഭിച്ചിട്ടുണ്ടു്.

മഹാകവി മോയിൻകുട്ടിവൈദ്യരെ അനുകരിച്ചുകൊണ്ടു് മാപ്പിളപ്പാട്ടുകളെഴുതുന്നതിൽ അഗ്രഗണ്യനാണ് ടി. ഉബൈദ്. അണയാൻ പോകുകയായിരുന്ന മാപ്പിളപ്പാട്ടിന്നു് പുതുജീവൻ നല്കി ഉത്തേജിപ്പിച്ചതിൽ ടി. ഉബൈദിന്നു സ്തുത്യർഹമായ പങ്കുണ്ടു്. മനോഹാരിതയും, ഓജസ്സും, പദലാളിത്യവും അദ്ദേഹത്തിൻെറ കവിതയുടെ പ്രത്യേകതയാണ്. ചന്ദ്രികാ ആഴ്ചപ്പതിപ്പിൽക്കൂടിയും മററും കേരളീയക്കു് സുപരിചിതനായ അദ്ദേഹം ഇന്നും തൻെറ തൂലിക ചലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മഹത്തരങ്ങളായ കവിതകൾ കൈരളി അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കുന്നുണ്ടു്. മാപ്പിളപ്പാട്ടിൻെറ മണിക്കോവിലിൽ കെടാവിളക്കായി ശോഭിക്കുന്ന പരേതനായ വിദ്വാൻ ടി. സി. മമ്മി തൻെറ ചുരുങ്ങിയ കാലഘട്ടത്തിൽ ചുരുക്കം കവിതകൾകൊണ്ടു് മലയാളികൾക്കു് ആരാധ്യനായ ഒരു കവിയാണ്. ചന്ദ്രികാ ആഴ്ചപ്പതിപ്പിൽക്കൂടിയും മററും മഞ്ജുളതരങ്ങളായ അദ്ദേഹത്തിൻെറ മാപ്പിളപ്പാട്ടുകൾ രൂപംകൊണ്ടിട്ടുണ്ടു്. വിഭിന്നാശയഗതികളുടെ സമഞ്ജസ സമ്മേളനമാണ് അദ്ദേഹത്തിൻെറ കവിതകളിൽ നമുക്കു് കാണുവാൻ സാധിക്കുന്നതു്. ഏററവും ലളിതവും ആശയഗാംഭീര്യവുമുള്ള കവിതകൾ രചിക്കുന്നതിൽ അദ്ദേഹത്തിൻെറ തൂലികയ്ക്കു് ഒരു പ്രത്യേക വാശ്യതയുണ്ടു്. കൈരളീ ഭണ്ഡാകാരത്തിലേയ്ക്കു് മുതൽക്കൂട്ടായി മാപ്പിളപ്പാട്ടിൻെറ ഉത്ഭവചരിത്രത്തെക്കുറിച്ചു് എഴുതുവാൻ ടി. ഉബൈദുമായി കൂട്ടുപിടിച്ചു് ഒരു ശ്രമം നടത്തുമ്പോഴാണ് അദ്ദേഹം മരണത്തിൻെറ മണിയറയിലേയ്ക്കു് വിളിക്കപ്പെട്ടതു്. ഈ ഉദ്ദേശനിർവ്വഹണത്തിന്നുവേണ്ടി പഴയ മാപ്പിളപ്പാട്ടു പുസ്തകങ്ങളെക്കുറിച്ചു് ഈ ലേഖകനോടു് അദ്ദേഹം അന്വേഷിക്കുകയുണ്ടായി. നിർഭാഗ്യമെന്നുപറയട്ടെ, തൻെറ ഉദ്ദേശം സഫലീകൃതമാക്കുന്നതിന്നുമുമ്പുതന്നെ ഈ ലോകവുമായി അദ്ദേഹത്തിന്നു യാത്ര പറയേണ്ടിവന്നു. അദ്ദേഹത്തിൻെറ ഈ അകാലചരമം കേരളീയക്കു് നികത്താനാവാത്തതാണ്. ഇവരെക്കൂടാതെ മാപ്പിളപ്പാട്ടു

കൾ എഴുതുന്നതിൽ പല യുവ കവികളും ഔൽസുക്യം കാണിക്കുന്നുണ്ടെന്നുള്ളതു് ആശാവഹമാണ്. ഇവരിൽ പുന്നയൂർകുളം വി. ബാപ്പു, മെഹർ, പി. ഭാസ്കരൻ, മുബാറക്ക്, കൃഷ്ണകുമാർ എന്നിവർ പ്രാധാന്യമർഹിക്കുന്നു.

## വ്യതിയാനങ്ങൾ

ഭാഷയിലെ ഇതര കവിതകളിൽ വന്നിട്ടുള്ള മാററങ്ങൾപോലെ മാപ്പിളപ്പാട്ടുകളിലും ചില മാററങ്ങൾ വന്നിട്ടുണ്ടു്. അതു കാലത്തിൻെറ കാല്പാട്ടുകളെ തഴുകിക്കൊണ്ടു തുടന്നുപോവുകയാണ്. ഒരുതരത്തിൽ മലയാള കവിതകൾ ജനകീയകവിതകളാകണമെന്നു മുറവിളികൂട്ടിയിട്ടുണ്ടെങ്കിൽ മാപ്പിളപ്പാട്ടിനെക്കുറിച്ചു അങ്ങനെ ഒരു ശബ്ദം പുറപ്പെട്ടിട്ടില്ലെന്നുള്ള ഒരു വ്യത്യാസം മാത്രമേഉള്ളൂ. പക്ഷെ കാലത്തിൻെറ ഒഴുക്കുകളിൽപെട്ടു് അതിന്നും ചില വ്യതിയാനങ്ങൾ സംഭവിച്ചു. ആദ്യകാലത്തെ മാപ്പിളപ്പാട്ടുകൾ മലയാളം, അറബിക്ക്, ഉറുദു് തമിഴ് എന്നിവയുടെ ആകത്തുകയാണെന്നു പറയാം. കാരണം ഈ പദങ്ങളെല്ലാം കോർത്തിണക്കികൊണ്ടു് പണിത കാമ്യമായ കവിതയായിരുന്നു അതു്. തന്മൂലം എല്ലാ ഭാഷകളിലും പരിചയമുള്ളവർക്കേ അതിൻെറ പൂർണ്ണാശയം ഗ്രഹിക്കുവാൻ സാധിച്ചിരുന്നുള്ളൂ. മാപ്പിളപ്പാട്ടു് അന്നു അധികമാരും കൈകാര്യം ചെയ്യാതിരുന്നതിന്നുള്ള കാരണവും ഒരുപക്ഷെ ഇതുതന്നെയായിരിക്കാം. സംസ്കൃതപദങ്ങൾ മലയാളകവിതകളിലെന്നപോലെ ഈ പദങ്ങളെല്ലാം മാപ്പിളപ്പാട്ടുകളിൽ സാധാരണക്കാർക്ക ദഹിക്കാത്ത വസ്തുക്കളായി അലിഞ്ഞുചേർന്നിട്ടുള്ളതു് കാരണം അവർക്ക അതുമായുള്ള ബന്ധം കുറഞ്ഞുപോവുകയാണ് ചെയ്യുന്നതു്. മഹാകവി മോയിൻകുട്ടിവൈദ്യരുടെ ''ഹുസുനുൽജമാൽ'' എന്ന കാവ്യരത്നത്തിൻെറ ശോഭ അതിൻെറ വ്യാഖ്യാനം മുഖേനയാണ് സാധാരണക്കാർക്ക ആസ്വദിക്കുവാൻ സാധിക്കുന്നതു്. അതിലെ ചില വരികൾ ഇവിടെ ഉദാഹരിക്കാം.

''എല്ലാരും ഉറങ്ങിപ്പോയ്
പെരിയവൻ ഖുദ്റത്താൽ
എമ്പുന്ന നിസാമുദ്ദീൻ
ശൈഖ്റാവി—അപ്പോൾ
ഇസ്ലാംജിൻ ശിഹാബെണ്ടെ
പരിരാജൻെറമെയ്യെ—ഇരു
കൺമണി ചെമ്മണി പൊൻമകളാം
സുഫൈറത്തവർതാൻ''

നേരെമറിച്ചു് ഇന്നത്തെ മാപ്പിളപ്പാട്ടുകൾ സാധാരണക്കാരൻെറ ഹൃദയത്തിൽ എളുപ്പം പതിയത്തക്ക ലളിതവും സുന്ദരവുമാണ്. മുബാറക്കിൻെറ ''ആമിന''യിലെ ചില വരികൾ ഉദാഹരണത്തിന്നുവേണ്ടി ഇവിടെ ചൂണ്ടിക്കാണിക്കാം:

''എന്തുനീ പ്രേമഗായകാ
എന്നിനി കണ്ടിടുന്നഹാ
അങ്ങയെ നോക്കിഞാൻ സദാ
വിങ്ങിക്കരഞ്ഞിടുന്നിതാ''

അങ്ങനെ നിയമത്തിൻെറ ചട്ടക്കൂട്ടിൽ നിന്നും കുതറിപ്പായുവാൻ ഇന്നത്തെ കവികൾ ശ്രമിച്ചിട്ടുണ്ടെന്നതു പ്രത്യേകം എടുത്തു പറയത്തക്കതാണ്.

മഹത്തരവും, അമൂല്യവുമായ മാപ്പിളപ്പാട്ടിൻെറ മാഹാത്മ്യങ്ങളെ വകവെച്ചുകൊടുക്കാനുള്ള സന്മനസ്സ് ചിലർക്ക ഇന്നും കാണുന്നില്ലെന്നുള്ളതു്നിരാശാജനകംതന്നെയാണ്. വിവിധലകകൾക്കു പ്രോത്സാഹനം നൽകുന്ന കലാപരിഷത്തുകൂടി മാപ്പിളപ്പാട്ടിന്നു യാതൊരു സ്ഥാനവും നൽകാതിരുന്നതു് ഇതിന്നു പ്രത്യക്ഷോദാഹരണമാണ്.

ഈ ചിററമ്മനയത്തെ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ കഴിഞ്ഞകൊല്ലം നമ്മുടെ കലോത്സവത്തിൻെറ സമ്മേളനത്തിൽവെച്ച തന്നെ തുറന്നു പ്രഖ്യാപിച്ചതു് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. എങ്കിലും 'ചന്ദ്രികാ' ആഴ്ചപ്പതിപ്പ് മാപ്പിളപ്പാട്ടിൻെറ വളർച്ചയ്ക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾ പല ചെറുപ്പക്കാക്കും പ്രചോദനം നൽകുന്നുണ്ടു്. പുന്നയൂർകുളം വി. ബാപ്പുവിൻെറ "ഹുസ്നൽ ജമാൽ" എന്ന കാവ്യത്തിൻെറ വ്യാഖ്യാനവും, പറപ്പൂര് ടി. പി. യൂസഫിൻെറ "ബദർയുദ്ധ"ത്തിൻെറ വ്യാഖ്യാനവും ചന്ദ്രികാ ആഴ്ചപ്പതിപ്പിൻെറ മഹത്തായ സംഭാവനകളാണ്. സഹൃദയരുടെ പ്രചോദനാത്മകമായ സേവനങ്ങൾ ലഭിക്കുകയാണെങ്കിൽ മാപ്പിളപ്പാട്ടിനെ കൂടുതൽ ഉത്തുംഗപദത്തിലേക്കു എത്തിക്കുവാൻ സാധിക്കുമെന്നതിന്ന് പക്ഷാന്തരമില്ല.

"ഹാ വിജിഗീഷുമൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ."

—വൈലോപ്പിള്ളി.

"ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്തായൊരു ഭാവിയെ നെയ്യുന്നാം."

—വള്ളത്തോൾ.

# National Reconstruction

P. K. Hamza, B.Sc. II

IT is a fact known to everybody that India got only political freedom on 15th August, 1947. Economically, we are yet to become free. India is a Sovereign Democratic Republic. Our constitution envisages an economic and social set up based on equality of opportunity, social-justice and the right to work and to a living wage.

How should we achieve these objectives aimed at by the constitution? This is a problem confronting not merely the government of India but every citizen of the country. Our primary need is to achieve economic freedom since all kinds of progress can be won only after raising our standard of living. It is for this purpose the five year plans are prepared by the government of India.

The government of India have made it clear that we are aiming at a socialistic pattern of society. In effect it stresses that the objective of planning should be social gain rather than private profit. In other words, the plan sees that the extra wealth is used for the uplift of the less fortunate section of the society.

The planning Commission was set up in March 1950, by a resolution of the government of India and was entrusted with the task of preparing a plan for the 'most effective and balanced utilisation of the country's resources.' The first five year plan covered the period from April 1951 to March 1956. The out lay of the first plan was calculated to be Rs 2,356 crores. The main objective of the first five year plan was to raise the standard of living of the people and to give them equal opportunities. To a great extent the developmental programmes were successful.

What are the objectives of the second five year plan? As in the case of the fist five year plan the main objective of the second plan also is to raise the per capita income of the people. Agricultural development was given primary importance in the first plan. We are aiming at rapid industrialisation of the county with greater emphasis on basic and heavy industries. A large expansion of the employment opportunities, reduction of inequalities in the income etc, are also some of the objectives of the second plan. The second plan is a continuation of the process of the developments commenced by the first five year plan. Although primary importance in given to basic and heavy industries, cottage and small scale industries are given due place.

In the public sector, the proposed out lay of the second plan amounts to Rs 4800 crores, The amount is distributed to various programmes such as agriculture and community development, irrigation and power, industry and mining, transport and communications, social services etc. It is not an easy task to raise the funds required for the execution of the plan. We

are expecting Rs 800 crores as foreign aid and deficit financing will amount to Rs. 1200 crores. It in very difficult to get a considerable amount as foreign aid. As the reult of additional taxation and deficit financing prices of the commodities will go up. Consequently we will have to suffer a lot during the second plan period if the government are not taking proper and wise steps.

To develop social and economic life of the rural people through their initiative and participation and with the governmental assistance some programmes were formulated by the National Development Council. Community development, National Extension Service, Local Development, schemes etc. are some of them; If we closely observe the out lay of the first and second plans, we can see that a big amount is set apart for Social Services.

Community Development is the movement to bring about social and economic transformation oft he village life through the efforts of the people themselves. Improvement of agriculture, tackling of unemployment problem in rural areas, increasing the facilities for primary education, public health and recreation in villages, improving indigenous handicrafts, transport facilities etc. are some of the aims of community Development programme.

Social Education has got a prominent place in Community Development. Adult Education in a wider sense is called Social Education. To promote the development of rural areas through self help projects and impart knowledge about the developmental activities to villagers etc. are some of the aims of Social Education. Under this system of education women are given instruction in home science and family planning. Moreover steps are taken to foster up cultural interest in women by showing films, exhibition etc.

What is meant by National Extension Service? It is the agency through which Community Development programme is carried out. This was started in 1953 for rural welfare in India. The National Extension Service signifies the process of extending scientific method of cultivation to the illiterate farmers. Rural development is the backbone of the National Extension Service. Through N. E. S. the idea self-help is made practicable and principles of co-operation are applied in its various forms for the all round development of the people.

Besides, there are schemes like 'Local Development programme' by which people are enabled to construct small works of permanent benefit to the community and the 'key village schemes' to improve the condition of cattle in the country.

To meet the needs of the peasants the government have taken stepts to render financial assistance through co-operative agencies, to supply improved seeds and to encourage co-operative farming, to give technical assistance in the matter of production and marketing and to finance and promote cottage and small scale industries.

In the preparation of the second five year plan, the views and opinions, advice and suggestions of the students and teachers of the universities and colleges are sought by the government and many of their proposals are incorporated in the plan. The formation of U. P. F. awakes the creative interest of the youth of the country. This fact is obvions from the suggestion of the government that 'Planning Forums' should be formed in universities and colleges. The ideal of a socialist pattern of society neces-

sitates consultation with the public in the formation of basic policies of the government. It is the duty of the enlightened public to contribute their mighty little towards the national reconstruction. This will make the plan as democratic as possible. It was in December 1955 that many 'planning Forums' came into existance. Addressing the youths of the country President Rajendra Prasad once spoke, "what we call our rights ought necessarily to flow from the performance of duty. Everyone must perform his duty to society, his country and to humanity at large, and thus prepare himself to fulfil the task assigned to him."

As five year plans are steps to achieve the basic ideals of a Socialistic Pattern of Society, the important political parties of the country agree with the objectives of the plans. The Difference of opinion among political parties is only in the matter of the means to be adopted for achieving the goal.

It is a fact to be reiterated that there should be a keen sense of responsibility on the part of individuals and it is the duty of each and every individuals to study about the plan and to take active part in the reconstruction of national economy.

"A merely fallen enemy may rise again, but the reconciled one is truly vanquished."

—Sehtller

"There is no better gift from a father to a son than to give him a good education"

—Prophet

# നിൻെറ ഗാനങ്ങൾ ഞങ്ങൾ പ്രകീൎത്തിയ്ക്കും!

(ഇ. കേശവപണിക്കർ, Bsc. I)

ഭാരതാംബ!

നീ സുന്ദരിയായൊരു ദേവതയാണ്!
ദിവ്യജ്യോതിസ്സു പൊഴിച്ചുകൊണ്ടു നില്ക്കുന്ന ഒരു താരമാണ് നീ!. അനൎഘമായ ഒരു രത്നമാണ് നീ!.

നിൻെറ ചരിത്രം!

ലോകത്തിന്നതൊരു വഴികാട്ടിയാണ്!

നീ സമ്പൂൎണ്ണയായിരുന്നു!.

ക്ഷേമവും! സമ്പത്തും! സമൃദ്ധിയും! നിൻേറതായിരുന്നു! സമാധാനത്തിൻെറ പ്രതീകമാണ് നീ!

നിൻെറ വാതിൽക്കൽ മുട്ടിവിളിച്ചവരെ

നീ ആദരിച്ചു! നീ സല്ക്കരിച്ചു!

പക്ഷെ,

അവർ നിന്നെ ചതിച്ചു! അവരുടെ വഞ്ചന നീ ഓൎത്തില്ല!

നിൻെറ ആഭരണങ്ങളത്രയും അവർ തട്ടിയെടുത്തു. നിൻെറ സമ്പത്തത്രയും അവർ ഊററിയെടുത്തു! നിൻെറ മക്കളെ അവർ പട്ടിണിയിട്ടു!!

നിന്നെ നിരാധാരയാക്കി!!!

പക്ഷെ,

അന്നു ഞങ്ങൾ നിന്നെ കയ്യേററുവാങ്ങുവാൻ തയ്യാറായിരുന്നു. ഇന്ന് നീ ഞങ്ങളുടേതാണ്. ഇന്ന് നീ സ്വതന്ത്രയാണ്!
എന്നുമെന്നും നീ ഞങ്ങളുടേതായിരിക്കണം.

ഇന്ന് നിൻെറ ശബ്ദം ലോകത്തിൻേറതു മുഴുവനുമാണ്! നിൻെറ ഗാനങ്ങൾ! സമാധാനത്തിൻെറ പ്രതീകമാണ്!

നിനക്കൊരു വിശേഷതയുണ്ടു്!

നീ നിൻെറ ശത്രുക്കളെ മാപ്പാക്കി! അവരോട്ട് നീ പൊരുതിയില്ല! അവരെ നീ സ്നേഹിച്ചു!! വാളും കുന്തവും! അതു് നിൻേറതല്ല. അഹിംസ! സത്യം! അതാണ് നിൻെറ ആയുധം! അതിന്നു മുമ്പിൽ എത്തു മുട്ടുകുത്തുകയില്ല!!

സമാധാനം! അഹിംസ! ധൎമ്മം!

നിൻെറ ആദൎശങ്ങളാണ്!

ഇന്നു നിൻെറ ഗാനങ്ങൾ കേൾക്കുവാൻ ശ്രദ്ധിക്കുവാൻ!

ആൎത്തിയോടെ! ആശയോടെ!
ലോകം കാത്തുനില്ക്കുന്നു!

നീ നടക്കുമ്പോൾ സമാധാനത്തിൻെറ സന്ദേശം നിൻെറ ചിലമ്പൊലികളിൽ നിന്നും പുറത്തുവരുന്നു! നിൻെറ പമ്പാവു പവിത്രമായതാണ്! കളങ്കരഹിതമായതാണ്! അന്ന് നീ വിലപിച്ചു! ആരും നിന്നെ തുണച്ചില്ല! ഇന്നു നീ പാടുന്നു! ആസ്വാദകർ നിനക്കധികമാണ്!

പക്ഷെ,

ഇന്ന് നീ ദ....രി....ദ്ര... യാണ്! നിൻെറ സമ്പത്തുക്കളെത്രയും അവർ ഊററിക്കുടിച്ചു! അന്നാളുകൾ ഇനി വരികയില്ല! അവ ഇരുളിൻെറ യവനിക്കുള്ളിൽ, ഭൂതത്തിൻെറ പിടിവായിൽ പെട്ടു!

ഇന്നു നീ ഞങ്ങളുടേതാണ്!

നിൻെറ ശ്രേയസ്സ്! അതാണ് ഞങ്ങളുടെ ലക്ഷ്യം!

നിൻെറ ശ്രേയസ്സ് ഏഴ് കടലുകൾക്കുമപ്പുറം ഞങ്ങളെത്തിക്കും! നിൻെറ പാവ

നമായ ആശയ്യററ, നാമധേയം! അന്തരീക്ഷത്തിൻെറ വിശാലതയിൽ സുവർണ്ണലിപികളാൽ ഞങ്ങൾ എഴുതും! നിൻെറ ക്ഷേമം! നിൻെറ സമാധാനം! നിൻെറ സന്തോഷം! അതാണ് ഞങ്ങളുടെ സമ്പത്ത്! നിണക്കു വേണ്ടി ഞങ്ങൾ വിയർപ്പു പൊഴിക്കുന്നു!

നിനക്കുവേണ്ടി ഞങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്തു!

ഞങ്ങളുടെ പദ്ധതികൾ വിജയിച്ചാൽ!*

നിൻെറ സമ്പത്തത്രയും വീണ്ടെടുക്കാം! ഞങ്ങൾ! മോഷ്ടിച്ചല്ല! തട്ടിപ്പറിച്ചല്ല! ചൂഷണം ചെയ്തല്ല! അതു വീണ്ടെടുക്കുക!

അദ്ധ്വാനിച്ച്!!!

അദ്ധ്വാനത്തിൻെറ മഹിമ നീ ഞങ്ങളെ പഠിപ്പിച്ചു! അതു ഞങ്ങൾ പരത്തും! ഏററു ചെയ്യും! ഞങ്ങളുടെ പദ്ധതികൾ വിജയിച്ചാൽ! നീ ഒരു മാലാഖയെപ്പോലെ ശോഭിക്കും! ഗോളാന്തരങ്ങളിൽ നിൻെറ കീർത്തി അലയടിക്കും!

ഞങ്ങളുടെ പദ്ധതികൾ വിജയിച്ചാൽ!

നിൻെറ മാറിടത്തിൽ തളർന്നുവീണ

ആയിരമായിരം പാവങ്ങൾക്ക്!

അതൊരു രക്ഷയായിരിക്കും!

നിൻെറ മക്കൾ ഉയിർത്തെഴുനേല്ക്കും!

നിണക്കുവേണ്ടി,

നിന്നെ വകവെയ്ക്കാതെ പാഞ്ഞുപോകുന്ന നദികളെ ഞങ്ങൾ തടുത്തുനിർത്തും!!

ഉണങ്ങിവരണ്ട നിൻെറ ഭൂമിയിലേയ്ക്ക്! ഞങ്ങൾ നദികളെ തിരിച്ചുവിടും!!

നെല്ലും! ഗോതമ്പും!

തിനയും! ബാർല്ലിയും!

തെങ്ങും! കവുങ്ങും! കുരുമുളകും! ഏലവും! എല്ലാം എല്ലാം നിൻെറ ഭൂമിയിൽ വിളയും! അവയെല്ലാം നിൻെറ ഗാനങ്ങൾ പാടും!

കാററത്ത്! അവ നിൻെറ ഗാനത്തിനൊത്ത് നൃത്തംവെയ്ക്കും! നിൻെറ കീർത്തിയെ ഞങ്ങൾ പ്രകീർത്തിക്കും! നിൻെറ മക്കളിൽ! ഉറങ്ങിക്കിടന്നിരുന്ന സംസ്കാരം! ഒരു തീജ്ജ്വാലപോലെ പുറത്തുവരും! നിൻെറ സംസ്കാരം! ലോകമതു വകവെച്ചതാണ്!

ഞങ്ങളുടെ പദ്ധതികൾ വിജയിച്ചാൽ!!

നീ ലജ്ജിക്കേണ്ട! സർവ്വാഭരണവിഭൂഷിതയായി! നീ പരിലസിക്കും!! മററുള്ളവർ നിന്നോടസൂയ തോന്നിയേക്കാം!

എന്നാൽ!

നിനക്കുവേണ്ടി!!

അവരെ ഞങ്ങൾ സ്നേഹിക്കും!!

ഞങ്ങൾ!! നിൻെറ മക്കൾ! എല്ലാം ഒന്നാണ്!! ഒന്നായി ഞങ്ങൾ പ്രവർത്തിക്കും! നിൻെറ കീർത്തനങ്ങൾ ഞങ്ങൾ പാടും!!

നിൻെറ മക്കൾ—

ദേവരെപ്പോലെ പരിശോഭിക്കും!

ഞങ്ങൾ! നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നു!

നിനക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു! ഞങ്ങളുടെ പദ്ധതികൾ വിജയിക്കേണമേ!

ഞങ്ങളുടെ പദ്ധതികൾ വിജയിച്ചാൽ!

ഞങ്ങൾ! ഉറക്കെ ഉറക്കെ പാടും!

നിൻെറ കീർത്തനങ്ങൾ!!

ഏഴു കടലുകൾക്കുമപ്പുറം! അതു ചെന്നലയ്ക്കും!

ഭാരതാംബേ!

നീ ഞങ്ങളുടേതാണ്!

ഞങ്ങൾ ഇതാ നമിക്കുന്നു!

ജയ്ഹിന്ദ്!!!

ജയഭാരത്!!!

[ *ഇന്ത്യയുടെ പുരോഗമനത്തിന്നായി ഗവർമ്മേണ്ടംഗീകരിച്ച പഞ്ചവത്സരപദ്ധതികളും മററും.]

# സഹകരണവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ പുനർനിർമ്മാണത്തിൽ അതിനുള്ള പങ്കും

(ടി. കെ. മമ്മതു്, B. Sc. I)

ഇന്നു ഏററവുമധികം സംസാരവിഷയമായിട്ടുള്ളതും ലോകത്തിൻെറ സത്വരശ്രദ്ധ ഹഠാദാകർഷിച്ചിട്ടുള്ളതുമായ ഒരു വിഷയമാണു് സഹകരണം. സാമ്പത്തികവിദഗ്ദ്ധന്മാരും, രാഷ്ട്രീയചിന്തകന്മാരും, സമുദായനേതാക്കന്മാരുമെല്ലാം സാമ്പത്തികമായും സാമൂഹ്യമായും മനുഷ്യരാശിയെ ഉയർത്തുവാനുള്ള ഒരൊററമൂലികയായി സഹകരണപ്രസ്ഥാനത്തെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. 70 ശ. മാ. ജനങ്ങളും കൃഷിയെ ആശ്രയിച്ചു് ഗ്രാമങ്ങളിൽ നിവസിക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാഷ്ട്രത്തിൻെറ സമ്പദ്‌വ്യവസ്ഥയുടെ പുനർനിർമ്മാണത്തിൽ സഹകരണപ്രസ്ഥാനത്തിന്നുള്ള സുപ്രധാന പങ്കിനെ ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. ഈ വസ്തുത കണക്കിലെടുത്തുകൊണ്ടാണു് നമ്മുടെ പഞ്ചവത്സരപദ്ധതികളുടെ ആസൂത്രകന്മാർ ഗണ്യമായ തുകകൾ സഹകരണത്തിന്നുവേണ്ടി നീക്കിവെച്ചിട്ടുള്ളതു്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി ഗ്രാമീണസമ്പദ്‌വ്യവസ്ഥയുടെ പുനഃസംവിധാനത്തിൻെറ അടിസ്ഥാനം സഹകരണമായിരിക്കണമെന്നും, ഒരു "സഹകരണയോഗക്ഷേമരാഷ്ട്രം" കെട്ടിപ്പടുക്കലാണു് നമ്മുടെ ലക്ഷ്യമെന്നും വളരെ കൊല്ലങ്ങൾക്കു മുമ്പു് ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ടു്. ഈ നാട്ടിലെ ഗ്രാമീണരുടെ സാമ്പത്തികനില നന്നാക്കാനുള്ള ഏകമാർഗ്ഗം കൃഷിക്കാരുടെ സഹകരണസംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ മാത്രമാണെന്നു് നമ്മുടെ 'പ്ലാനിങ്ങ്‌കമ്മീഷ'ൻെറ അദ്ധ്യക്ഷൻകൂടിയായ പ്രധാനമന്ത്രി നെഹറു 1958 ആഗസ്റ്റ് 24-ാംതിയ്യതി മൈസൂരിൽവെച്ചുചേർന്ന കാർഷികസാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ പത്താം രാഷ്ട്രാന്തരീയസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് പ്രസ്താവിക്കുകയുണ്ടായി.

ഇന്നറിയപ്പെടുന്ന രൂപത്തിലുള്ള സഹകരണപ്രസ്ഥാനം ഒരു നൂററാണ്ടുമുമ്പു് ദുസ്സഹമായ സാമ്പത്തികപരാധീനതകളനുഭവിച്ചിരുന്ന ഇംഗ്ലണ്ടിലെ "റോക്ക്ഡെയിൽ" തൊഴിലാളികളുടെ ഇടയിലാണു് സമാരംഭിച്ചതു്. അതിൻെറ പ്രണേതാവായ റോബർട്ട്ഓവൻ കൊളുത്തിവെച്ച ആ മാർഗ്ഗദീപത്തിൻെറ വഴിത്താരയിലൂടെയാണു് ഇന്നും ആധുനികസഹകരണപ്രസ്ഥാനം അടിപതറാതെ പ്രയാണംചെയ്തുകൊണ്ടിരിക്കുന്നതു്. ഇന്നു് അമേരിക്ക, റഷ്യ, ഡെന്മാർക്ക്, ഫിൻലണ്ട്, ബൽജിയം, ബൾഗേറിയ, ആഫ്രിക്ക, ജാപ്പാൻ, ബർമ്മ, ഇന്ത്യ തുടങ്ങി ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള അവശരും മർദ്ദിതരും ചൂഷിതരുമായ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ഇടയിൽ സഹകരണപ്രസ്ഥാനം അതിൻെറ വിജയവൈജയന്തി നാട്ടിയിട്ടുണ്ടു്. ലോകത്തിലങ്ങോളമിങ്ങോളം സഹകരണപ്രസ്ഥാനത്തിന്നു് ലഭിച്ചുകൊണ്ടിരിക്കുന്ന അസൂയാവഹമായ സ്വീകരണം കണ്ടു് അതിൻെറ പ്രചരണത്തിന്നു് നേതൃത്വം നല്കാൻ 1895ൽ സാർവ്വദേശീയ പരസ്പരസഹായസംഘം (International co-operative alliance) എന്ന പേരിൽ ഒരു

സുശക്തസംഘടന സമുൽഘാടനം ചെയ്യപ്പെട്ടു. ഇന്ന് ഐക്യരാഷ്ട്രസഭപോലും അതിന്നു മാന്യമായ ഒരു സ്ഥാനം നല്കിയിട്ടുണ്ടു.

സഹകരണപ്രസ്ഥാനത്തിൻെറ ആദർശങ്ങളെയും തത്വങ്ങളെയുംകുറിച്ച് ചർച്ചചെയ്യുന്നതിന്നു മുമ്പ് നമ്മുടെ ഗ്രാമങ്ങളിലെ ഇന്നത്തെ ദയനീയസ്ഥിതിയെക്കുറിച്ചു നമുക്കൊന്നു് കൂലങ്കഷമായി ചിന്തിക്കാം. ഗ്രാമങ്ങളുടെ നാടായ ഇന്ത്യയിലെ ജനസംഖ്യയിൽ 83%വും ഗ്രാമങ്ങളിലാണ് നിവസിക്കുന്നതു്. ഇവരിൽ 70% കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നതെന്നു് ഞാൻ മുകളിൽ സൂചിപ്പിച്ചുവല്ലൊ. കൃഷിപ്പണി കഴിഞ്ഞാൽ കൊല്ലത്തിൽ 4 മുതൽ 6 മാസംവരെ രൂക്ഷമായ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കേണ്ടിവരുന്നവരാണ് നമ്മുടെ കർഷകരിൽ ഭൂരിപക്ഷവും. തറവാട്ടുസ്വത്ത് ഭാഗിച്ചുകിട്ടിയ ചെറിയ തുണ്ടുതുണ്ട് നിലങ്ങളാണ് ഭൂരിപക്ഷം കർഷകരുടെയും കൈവശമുള്ളത്. അതുതന്നെ സ്വന്തമായി കൃഷിചെയ്യാനുള്ള സാമ്പത്തികശേഷി അധികംപേർക്കും ഇല്ലോം പരിമിതമാണ്, ഉള്ള പണംതന്നെ വിവാഹം, ചാവ് മുതലായവക്കുവേണ്ടി അവർ നിർല്ലോഭം ചിലവഴിക്കുന്നു. കൃഷിയിൽ നിന്നുണ്ടാകുന്ന ലാഭം വളരെ തുച്ഛമാണ്. നമ്മെക്കാൾ 3ഉം 4ഉം ഇരട്ടി ഉല്പാദനം നടത്തുന്നത് ഇന്നു് പല രാഷ്ട്രങ്ങളിലുമുണ്ടു്. ദരിദ്രനായ ഒരു കൃഷിക്കാരനു് കൃഷിക്കാവശ്യമായ സാധനങ്ങളുംമററും വാങ്ങുവാൻ പലപ്പോഴും പണമുണ്ടായെന്നു വരില്ല. സ്വാഭാവികമായും അവൻ തൻെറ ഏകാവലംബമായ അടുത്തുള്ള ഒരു പണമിടപാടുകാരനെ ശരണംപ്രാപിക്കുന്നു. കർഷകൻെറ കയ്യിൽ പണം വാങ്ങുന്നതിന്നു് ലക്ഷ്യമൊന്നും കൊടുക്കാനില്ലാത്തതുകൊണ്ടു്, അവൻ അധിക പലിശക്ക് കടം വാങ്ങാൻ നിർബ്ബന്ധിതനാകുന്നു. എന്നാൽ കൃഷിയിൽനിന്നു് കിട്ടുന്ന ആദായം പലിശകൊടുക്കാനെല്ലാതെ മുതലിലേക്ക് കൊടുക്കാനില്ലാത്തതുകൊണ്ടു് ഉത്തമർണ്ണൻ പലിശക്ക് പലിശയുംകൂട്ടി തൻെറ കണക്കിൽ ചേർക്കുന്നു. എത്ര അദ്ധ്വാനിച്ചാലും അധമർണ്ണന്നു് ഇത് കൊടുത്തുതീർക്കാൻ സാദ്ധ്യമല്ല, ഇതും പോരാത്തതിനു്, കൂനിന്മേൽ കുരുവെന്നപോലെ ചിലപ്പോൾ അടിയന്തിരങ്ങൾക്കുംമററും കടം വാങ്ങുന്നു. അവസാനം നമ്മുടെ സാധു കർഷകൻെറ കിടപ്പാടവും കൃഷിസ്ഥലവും കന്നുകാലികളെപ്പോലും ആ നിഷ്ഠൂരനായ പണക്കാരൻ ജപ്തിചെയ്തു് കൈവശപ്പെടുത്തുന്നു. അങ്ങനെ നമ്മുടെ കർഷകൻ ഒരു കാർഷികതൊഴിലാളിയായി മാറുന്നു. ഇതു് നമ്മുടെ കൺമുമ്പിൽ, നാട്ടിൻപുറത്തു് പല സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഒരു ദുരന്ത നാടകമാണ്.

നമ്മുടെ കൈത്തറിനെയ്ത്തുകാരൻെറ നിലയും ഇതിൽനിന്നൊട്ടും വിഭിന്നമല്ല. അവനു് തുണിനെയ്യുന്നതിന്നാവശ്യമായ നൂൽ, ചായ മുതലായവ വാങ്ങുന്നതിന്നുള്ള കഴിവില്ലാത്തതുകൊണ്ടു് ഒരു മദ്ധ്യവർത്തിയെ ആശ്രയിക്കേണ്ടിവരുന്നു. മദ്ധ്യവർത്തി ഈ സാധനങ്ങൾ വാങ്ങുന്നതാകട്ടെ, വകപ്പടി കച്ചവടക്കാരനിൽനിന്നാണ്. വകപ്പടി കച്ചവടക്കാരൻെറ വാഹനച്ചിലവും ലാഭവുംകൂട്ടിയാണ് മദ്ധ്യവർത്തിക്ക് ഇവ കൊടുക്കുന്നത്. മദ്ധ്യവർത്തിയുടെ വാഹനചിലവും ഇഷ്ടപ്രകാരമുള്ള ലാഭവുമെടുത്തിട്ടാണ് നമ്മുടെ സാധു നെയ്ത്തുകാരൻെറ കയ്യിലം സാധനങ്ങളെത്തിച്ചേരുന്നത്.

ഈ ജീവന്മരണപ്രശ്നത്തിന്നൊരു പരിഹാരമേയുള്ളു. അതാണ് സഹകരണപ്രസ്ഥാനം. നമ്മുടെ അഭിവന്ദ്യനായ പ്രധാനമന്ത്രിമുതൽ അംശത്തിലെ കോൽക്കാരൻ വരെയുള്ളവർക്ക് ഇതിലഭിപ്രായവ്യത്യാസമില്ല. തല്പരൈക്യമുള്ള കുറെ ആളുകൾ

ഏതെങ്കിലുമൊരുദ്ദേശത്തെ മുൻനിറുത്തി ഒരു സംഘടനയുടെ കീഴിൽ യോജിച്ചു പ്രവൎത്തിക്കുക എന്നതാണ് ഇന്നത്തെ അൎത്ഥത്തിൽ ''സഹകരണം''കൊണ്ടു് വിവക്ഷിക്കുന്നത്. കൃഷിക്കാർ, കൈത്തൊഴിലുകാർ, ചില്ലറക്കച്ചവടക്കാർ തുടങ്ങി ചുരുങ്ങിയ വരുമാനക്കാരായ എല്ലാവൎക്കും ഇതിൽ അംഗങ്ങളാകാവുന്നതാണ്. ആദ്യമായി ഒരു ചെറിയ സംഖ്യ ഓരോ അംഗങ്ങളുടെ പക്കൽനിന്നും ഓഹരിപ്പണമായി പിരിക്കണം. ഏററവും നിൎദ്ധനനായ കൎഷകനുപോലും അംഗമാകത്തക്കവിധത്തിൽ ചുരുങ്ങിയതായിരിക്കണം ഈ ഓഹരിസംഖ്യ. അപ്പോൾ 'പലതുള്ളി പെരുവെള്ളമെ'ന്നപോലെ അതൊരു വലിയ സംഖ്യയായി പരിണമിക്കുന്നു. ഈ സംഘത്തിലെ അംഗങ്ങളിൽനിന്നുതന്നെ ഒരു പ്രവൎത്തകസമിതിയേയും അവരിൽനിന്നു് പ്രാപ്തന്മാരായ ഒരു പ്രസിഡണ്ടിനെയും ഒരു സെക്രട്ടരിയേയും സംഘത്തിൻെറ ദൈനംദിനഭരണനിൎവ്വഹണത്തിന്നായി സംഘാംഗങ്ങൾ യോഗംചേൎന്ന് തിരഞ്ഞെടുക്കേണ്ടതാണ്. സഹകരണത്തിൻെറ തത്വങ്ങളും പ്രവൎത്തനരൂപമറിയുന്ന പ്രതിഫലം പററുന്ന ഒരുദ്യോഗസ്ഥനെയും സംഘം നിയമിക്കേണ്ടതാണ്. നല്ല വിത്തു്, പരിഷ്കൃതരീതിയിലുള്ള വളങ്ങളും ആയുധങ്ങളും മൊത്തമായി ചുരുങ്ങിയ വിലക്കു് വാങ്ങി സംഘത്തിന്നു് അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യാവുന്നതാണ്. ഉല്പന്നങ്ങൾ സംഘംമുഖേന നല്ല വിലക്ക് വില്ക്കാനും കഴിയുന്നതാണ്. മുൻകടങ്ങൾ തീൎക്കുന്നതിന്നും കൃഷിഭൂമിയിൽ സ്ഥിരപരിഷ്കാരങ്ങളേർപ്പെടുത്തുന്നതിന്നും കൃഷി ആവശ്യത്തിന്നുവേണ്ടി കുളം, കിണറു് മുതലായവ കുഴിക്കുന്നതിന്നും മദ്ധ്യകാലാവധികടങ്ങളും ദീൎഘകാലാവധികടങ്ങളും അംഗങ്ങളായ കൎഷകൎക്ക് നല്കേണ്ടതാണ്. പരിശീലനം സിദ്ധിച്ച രണ്ടോ നാലോ സജീവപ്രവൎത്തകന്മാരുണ്ടെങ്കിൽ സംഘത്തിൻെറ പ്രവൎത്തനം വളരെ ഊൎജ്ജിതമായി നടക്കുമെന്നത് അനുഭവവേദ്യമായ ഒരു പരമാൎത്ഥമാണ്. ഇങ്ങനെ സംഘംചേൎന്ന് കൃഷി നടത്തുമ്പോൾ വെവ്വേറെ വേലിയും ജലസേചനവും കാവൽക്കാരും ആവശ്യമില്ല. അതുകൊണ്ടു് ഇത്തരത്തിലുള്ള ചെലവു് വളരെ ചുരുങ്ങുന്നു. അതുപോലെത്തന്നെ വിത്ത്, വളം കന്നുകാലികൾ മുതലായവ, സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒന്നായി വാങ്ങുമ്പോൾ വളരെ ആദായമുണ്ടാകുന്നതുമാണ്. കൃഷിക്കാർ തമ്മിൽ അന്യോന്യം മത്സരവുമുണ്ടാകയില്ല. സാധനങ്ങൾ വകപ്പടിയായി വാങ്ങുന്നതുകൊണ്ട് ദല്ലാളികളുടെ ആവശ്യം സംഘത്തിന്ന് നേരിടുന്നില്ല. കൎഷകൎക്ക് പലിശക്ക് പലിശകൂട്ടി ചൂഷണംചെയ്യുന്ന ഇടത്തട്ടുകാരനും നിൎദ്ദയനുമായ ആ പണമിടപാടുകാരനെ ശരണം പ്രാപിക്കേണ്ടതില്ല. സംഘംമുഖേന കൂട്ടലക്ഷ്യത്തിൽ മിതമായ പലിശക്ക് ആവശ്യമായ കടം കിട്ടുന്നതാണ്. അത് സംഘാംഗങ്ങൾ വാങ്ങി ചെറിയ ഗഡുക്കളായി തിരിച്ചടച്ചാൽമതി. തുല്യനിലയിലുള്ള പരസ്പരസഹായം കൃഷിക്കാരെ സ്വാശ്രയശീലരാക്കുന്നു. സഹകാരികൾക്കിടയിൽ സേവനമനസ്ഥിതിയും, ഐകമത്യവും. മിതവ്യയവും കാൎയ്യക്ഷമതയും ഉത്തരവാദിത്വബോധവും അവശ്യം ആവശ്യമാണ്. സഹകരണസംഘാംഗങ്ങൾ അന്യോന്യം അറിഞ്ഞെങ്കിൽ മാത്രമെ പരസ്പരം സഹായിക്കാൻ സാദ്ധ്യമാവുകയുള്ളൂ. മൎയ്യാദ, അച്ചടക്കം, കൃത്യനിഷ്ഠ ഇവയുടെ മൂൎത്തീകരണമായിരിക്കണം ഓരോ അംഗവും. ''ഓരോരുത്തൎക്കുംവേണ്ടി എല്ലാവരും; എല്ലാവൎക്കുംവേണ്ടി ഓരോരുത്തരും'' (All for each and each for all) എന്ന തത്വത്തെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടത് അവരുടെ അപരിത്യാജ്യമായ കടമയാണ്. സംഖ്യ കടം വാങ്ങിക്കഴിഞ്ഞാൽ അവധിക്ക് അടച്ചുതീൎക്കാനുള്ള സ

ന്മനോഭാവം ഓരോ അംഗത്തിനും അവശ്യം വേണ്ടതാണ്. സഹകരണപ്രസ്ഥാനത്തിൽ നിർബ്ബന്ധത്തിനു വലിയ സ്ഥാനമില്ല. ഇഷ്ടംപോലെ ചേരാനും വിട്ടുപോകാനും അംഗങ്ങൾക്ക് പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കണം. "ആക്കാനുംവേണ്ടി ഓക്കാനി"ച്ചാൽ അത്തരത്തിലുള്ള അംഗങ്ങളിൽനിന്ന് വേണ്ടവിധത്തിലുള്ള സഹകരണം സംഘത്തിന്ന് ലഭിക്കുന്നതല്ലെന്നുള്ളത് അവിതർക്കിതമാണ്. പക്ഷെ ബൽജിയം, ബൾഗേറിയ, റഷ്യ, ആഫ്രിക്ക, ബർമ്മ, ജാപ്പാൻ എന്നിവിടങ്ങളിൽ ഗവർമ്മെണ്ടുകൾ നിർബ്ബന്ധംതന്നെ ചെലുത്തിയിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കും അവകാശം ഒരുപോലെയായിരിക്കണം. ശുപാർശ, സേവ, സ്ഥാപിതതാല്പര്യം മുതലായവക്കൊന്നും സഹകരണപ്രസ്ഥാനത്തിൽ സ്ഥാനമുണ്ടായിരിക്കരുത്. എത്ര ഓഹരി എടുത്താലും "ഒരാൾക്ക് ഒരു വോട്ട്" എന്നതാണ് സഹകരണപ്രസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ള തത്വം. സർവ്വോപരി, സംഘത്തിൻെറ നടത്തിപ്പ് പരസ്യമായും പ്രജായത്തരീതിയിലും ആയിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷയുണ്ട്. സംഘത്തിന്ന് ഒരു മാനേജരുണ്ടായിരിക്കുന്നത് നല്ലതാണ്. വെറുതെയല്ല സുപ്രസിദ്ധ സഹകാരിയായ ഡോക്ടർ എൻ. വി. ജാക്സ് പറഞ്ഞതു് "ലോകത്തിലെ ഏററവും മനോഹരവും ഏററവും വിഷമം പിടിച്ചതുമായ കലയാണ് സഹകരണമെന്ന്". സഹകരണസംഘവും കൂട്ടുമുതൽകമ്പനി (Joint stock company) യും തമ്മിൽ അജഗജാന്തരമുണ്ട്. സഹകരണസമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി. കൂട്ടുമുതൽ കമ്പനിയിൽ അധികപണം മുടക്കിയ ആൾക്കാണ് കൂടുതൽ പ്രാധാന്യം നല്കപ്പെടുന്നത്. ജനതയുടെ ജീവിതത്തോതുയർത്തുന്നതിന്നു് പര്യാപ്തമായ സഹകരണപ്രസ്ഥാനത്തിന്നു് പ്രോത്സാഹനം നല്കുന്നതിന്നു് I. L. O. പ്രത്യേകവിഭാഗംതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. "ഇന്ത്യയുടെ കാർഷികാഭിവൃദ്ധിക്കും വൈവസായികവികസനത്തിന്നും തൊഴിലില്ലായ്മയുടെ പരിഹാരത്തിനും സഹകരണാധിഷ്ഠാനത്തിലുള്ള പ്രവർത്തനമാണ് കൂടുതൽ ഫലപ്രദമാകുക"—പല സാമ്പത്തികകാര്യാന്വേഷണക്കമ്മററികളും ഈ വസ്തുത ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഗവർമ്മെണ്ടിന്റെ പലവിധത്തിലുള്ള പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഏററവും പററിയ മാർഗ്ഗം സഹകരണമാണെന്നു ഐക്യരാഷ്ട്രകൃഷിസംഘടന (F. A. O)പോലും സമ്മതിച്ചിട്ടുണ്ട്. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ പുനഃസംവിധാനത്തിൽ കൃഷിക്കും കുടിൽവ്യവസായങ്ങൾക്കും ഗണ്യമായൊരു സ്ഥാനമുണ്ടെന്നത് ഒരു പച്ചപ്പരമാർത്ഥം മാത്രമാണ്. സഹകരണസംഘത്തിലെ തൊഴിലാളികൾക്ക് മററു തൊഴിലാളികളേക്കാൾ നല്ല വേതനം ലഭിച്ചുവരുന്നുണ്ട്. കേന്ദ്രഗവർമ്മെണ്ടും സ്റ്റേററ് ഗവർമ്മെണ്ടുകളും അഭിവൃദ്ധി പദ്ധതികളിൽ സഹകരണത്തിന്നു് സാരമായ സ്ഥാനം നല്കുന്നുണ്ടെന്നതിൽ രണ്ട്പക്ഷമില്ല. സഹകരണസംഘങ്ങളുടെ മേൽനോട്ടം നടത്താൻ സഹകരണഡിപ്പാർട്ട്മെണ്ട് എന്ന ഒരു പ്രത്യേക വിഭാഗംതന്നെയുണ്ട്. പഞ്ചവത്സരപദ്ധതികളിലെ പരിപാടികൾ നടപ്പിൽവരുത്തുന്ന സംഘങ്ങൾക്ക് മൂലധനസഹായവും സൌജന്യസഹായവും ഗവർമ്മെണ്ട് ചെയ്തുവരുന്നുണ്ട്. മുതലാളിത്തരാഷ്ട്രമായ അമേരിക്കയിലും കമ്യൂണിസ്റ്റ്‌രാഷ്ട്രമായ റഷ്യയിലും സാമ്പത്തികരംഗത്തിൽ സഹകരണം വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇന്ത്യയിലെയും കേരളത്തിലെയും സഹകരണപ്രസ്ഥാനത്തിൻെറ ചരിത്രത്തിലേക്ക് നമുക്കൊരു വിഹഗവീക്ഷണം നടത്തിനോക്കാം. ഇന്ത്യയിൽ കടംവായ്പആവശ്യത്തിന്നു് ജർമ്മനിയിലെപോലെ "റൈഫീസൻ"

സംഘങ്ങളാണ് ആദ്യമായി സ്ഥാപിച്ചത്. കഴിഞ്ഞ 50കൊല്ലം അനാവൃഷ്ടി, വിളനഷ്ടം ക്ഷാമബാധ, പകർച്ചവ്യാധി, മദ്ധ്യവർത്തികളുടെ ചൂഷണം മുതലായവയുടെ നടുവിൽകിടന്നു് നട്ടംതിരിയുകയായിരുന്ന നമ്മുടെ കർഷകർ. ഈ ദുരവസ്ഥക്ക് ഏകപരിഹാരം സഹകരണമാണെന്നു് ആദ്യമായി നിർദ്ദേശിച്ചത് ഫ്രെഡറിക നിക്കൾസൺ ആണ്. മദിരാശി, ഐക്യസംസ്ഥാനം, പഞ്ചാബ്. ബങ്കാൾ എന്നിവിടങ്ങളിലാണ് ആദ്യമായി സഹകരണസംഘങ്ങൾ ഉടലെടുത്തത്. 1904ലാണ് ഇന്ത്യാഗവർമ്മെണ്ട് പരസ്പരസഹായ ആക്ട് പാസ്സാക്കിയത്. നാണയവിനിമയ സഹകരണസംഘങ്ങളിൽനിന്ന് കർഷകർക്ക് കടംവാസ്സുമാത്രമാണ് നല്കിയിരുന്നത്. 1912ൽ ഇന്ത്യയിലെ 8000 പരസ്പരസഹായസംഘങ്ങളിൽ 4 ലക്ഷം അംഗങ്ങളുണ്ടായിരുന്നു. 1912ലെ ആക്ട് ഉല്പാദനം, ക്രയവിക്രയം, ഇൻഷൂറൻസ് മുതലായവക്കുള്ള സംഘങ്ങളെയും സഹകരണത്തിൻെറ വരുതിയിൽ കൊണ്ടുവരികയുണ്ടായി. 1915ൽ പരസ്പരസഹായസംഘടന പരിഷ്കരിക്കാൻ ചില നിയമനിർമ്മാണങ്ങളുണ്ടായി. 1919ൽ പരസ്പരസഹായസംഘങ്ങൾ സംസ്ഥാനഗവർമ്മെണ്ടുകളുടെ അധീനതയിൽ വന്നു. 19നു ശേഷം സംഘങ്ങൾക്ക് നല്ല പുരോഗതയുണ്ടായി. 1929–30 ആയപ്പോഴേക്കും 1,04,000 അംഗങ്ങൾ സഹകരണത്തിൽ ആകൃഷ്ടരായി. 1938–39നെ അപേക്ഷിച്ച് 1945–46ൽ സംഘങ്ങളുടെ എണ്ണം 41% കണ്ടും അംഗങ്ങളുടെ എണ്ണം 70% കണ്ടും പ്രവർത്തനമൂലധനം 54% കണ്ടും വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യാ–പാക്ക് വിഭജനം മററു പലതിനുമെന്നപോലെ സഹകരണപ്രസ്ഥാനത്തിനും ചില ഉടവുകൾ വരുത്തുവാൻ കാരണമായി. 1948ൽ ഇന്ത്യാഗവർമ്മെണ്ട് സഹകരണപ്രസ്ഥാനത്തിൻെറ വിവിധവശങ്ങളെക്കുറിച്ച് പഠിക്കാൻ മി. ആർ. ജി. സാരയ്യയുടെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധകമ്മററിയെ നിയമിക്കുകയുണ്ടായി. 1949ൽ ഒരു കോടി അംഗങ്ങളും 171 കോടി ഉറുപ്പികയുടെ പ്രവർത്തനവും 1½ലക്ഷം സംഘങ്ങളും ഇന്ത്യയിലുണ്ടായിക്കഴിഞ്ഞിരുന്നു. ഇതിൽ 1¼ ലക്ഷവും കർഷകസംഘങ്ങളാണ്. ഇപ്പോഴും ഡെന്മാർക്കിൽ 4 പേരിൽ ഒരാൾ (25%) കർഷകസംഘം മെമ്പർമാരാകുമ്പോൾ ഇന്ത്യയിൽ 82 പേരിൽ ഒരാൾമാത്രമാണ് മെമ്പറായിട്ടുള്ളത്. ഒന്നാം പഞ്ചവത്സരപദ്ധതിയിലും സഹകരണപ്രസ്ഥാനത്തിന്നു് ഗണ്യമായൊരു സ്ഥാനം നല്കിയിട്ടുണ്ട്.

മലബാറിൽ ആദ്യമായി 1910ലാണ് സഹകരണസംഘം സ്ഥാപിച്ചത്. 1912ൽ അവ 10 സംഘങ്ങളായും 1916ൽ 100 സംഘങ്ങളായും വർദ്ധിച്ചു. 1921ലെ മലബാർ ലഹളയുടെ ഫലമായി 325 സംഘങ്ങളിൽ 50 സംഘങ്ങൾക്കടവുതട്ടി. 1930ൽ 516പ്രാദേശികസംഘങ്ങളും 24 മേലന്വേഷണസംഘങ്ങളും ഉണ്ടായിക്കഴിഞ്ഞിരുന്നു. 1939ൽ പാലക്കാട്ട്, കോഴിക്കോട്ട്, തളിപ്പറമ്പ് എന്നിവിടങ്ങളിൽ ഓരോ ഉല്പന്നവിക്രയസംഘങ്ങൾ സ്ഥാപിച്ചു. 1943ൽ 63 സഹകരണസ്റ്റോറുകൾ റജിസ്റ്റർചെയ്തു. 1946ലാണ് ഉല്പാദകോപഭോക്തൃസംഘങ്ങൾ (പി. സി. സി. സംഘങ്ങൾ) ആവിർഭവിച്ചത്. ഇന്നു് മലബാറിലുള്ള 107 പി. സി. സി. സംഘങ്ങൾക്ക് 45ലക്ഷം ഉറുപ്പികയുടെ മൂലധനവും അത്രതന്നെ കരുതൽ ധനവുമുണ്ട്. സ്തംഭവനാവസ്ഥയിലെത്തിയിരിക്കുന്ന പി സി. സി. സംഘങ്ങൾക്ക് അടിയന്തിരമായി ചെയ്യാവുന്നത് സംഘാംഗങ്ങൾക്ക് ജാമ്യത്തിൽ കടംകൊടുക്കുക എന്നതാണ്. ഇന്ന് എല്ലാതരത്തിലുംകൂടി 1000ത്തോളം സഹകരണസംഘങ്ങളുണ്ട്. ഇവയിൽ പകുതിയിലധികവും കാർഷികകടംവാസ്സുസംഘങ്ങളാ

ണ്. മലബാറിലെ 'കുറി'യേയും ഒരുതരത്തിലുള്ള സഹകരണസംഘമായി കണക്കാക്കാവുന്നതാണ്. മലബാറിലെ 43% ഗ്രാമങ്ങളിലും സഹകരണസംഘങ്ങളുണ്ട്,

തിരുകൊച്ചിയിൽ സഹകരണപ്രസ്ഥാനമാരംഭിച്ചിട്ട് 40 വഷങ്ങളോളമായി 23 വഷങ്ങൾക്ക്മുമ്പാണ് സഹകരണപ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ ദേവധാർ കമ്മററിയെ നിശ്ചയിച്ചത്. മലയാളവഷം 1123ലെ കണക്ക് പ്രകാരം തിരുവിതാംകൂറിൽ 2014 സംഘങ്ങളും കൊച്ചിയിൽ 516 സംഘങ്ങളുമാണുണ്ടായിരുന്നത്. ഇതിൽ 246 കേന്ദ്രസംഘങ്ങളും 19 ബേങ്കുകളും 39 പരിശോധനസംഘങ്ങളുമുൾപ്പെട്ടും. സംയോജനത്തിനുശേഷം 1950ൽ ആകെയുള്ള 2650 സംഘങ്ങളാൽ 3 ലക്ഷത്തോളം അംഗങ്ങളാണുണ്ടായിരുന്നത്, 30000 ഏക്ര ഭൂമി സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ കൃഷിചെയ്യുകയുണ്ടായി. യുദ്ധജോലിയിൽനിന്നു് തിരിച്ചുവന്നവക്കുവേണ്ടി 24 സംഘങ്ങൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഒരു സഹകരണകോളേജുമുണ്ട്.

ഒന്നാം പഞ്ചവത്സരപദ്ധതികാലത്ത് മലബാറിലും. തിരു—കൊച്ചിയിലും സഹകരണപ്രസ്ഥാനത്തിന്നു് വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ട്. രണ്ടാം പദ്ധതിയിലും ഗണ്യമായ തുകകൾ പ്രസ്തുത ആവശ്യത്തിന്നുവേണ്ടി നീക്കിവെച്ചിട്ടുണ്ട്. ഐക്യകേരളരൂപീകരണത്തിന്നുശേഷം ഇന്നു്വരെ മലബാറിലെയും തിരു—കൊച്ചിയിലേയും സഹകരണസംഘങ്ങളെ മുഴുവനായി സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ ജനസംഖ്യയിൽ ഗണ്യമായൊരു വിഭാഗംവരുന്ന മത്സ്യത്തൊഴിലാളികളേയുംസഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടെന്നു് നമ്മുടെ സഹകരണമന്ത്രികൂടിയായ ശ്രീ. ജോസഫ് മുണ്ടശ്ശേരി കുറച്ചുമുമ്പ് ഒരു പത്രസമ്മേളനത്തിൽ വ്യക്തമാക്കുകയുണ്ടായി.

സാമ്പത്തികവും സാമുദായികവുമായ എല്ലാ ദോഷങ്ങളെയും പരിഹരിക്കുവാൻ സഹകരണപ്രസ്ഥാനത്തിന്നു കഴിഞ്ഞിട്ടില്ലെങ്കിലും ദുരാഗ്രഹികളായ പണക്കാരുടെ കെണിയിൽനിന്നു് കഷകരെ ഒട്ടൊക്കെ രക്ഷിക്കാനും, പലിശത്തോതു് പൊതുവെ ചുരുക്കികൊണ്ടുവരാനും, ചുരുങ്ങിയതോതിലാണെങ്കിലും പണം സമ്പാദിക്കാൻ കഷകരെ സഹായിക്കാനും അതിന്ന് സാധിച്ചിട്ടുണ്ടെന്ന് സമ്മതിക്കാതെ നിവ്വാഹമില്ല. ഇതിൻെറ ഫലമായി ഒരു നൂതനസംഘടിതജീവിതം കഷകരുടെ ഇടയിൽ ആവിർഭൂതമായിട്ടുണ്ട്. പണം കെട്ടിവെക്കുന്ന കാലാഹരണപ്പെട്ട സമ്പ്രദായത്തിന്നും ഊനംതട്ടിയിട്ടുണ്ട്. 'പരിഷ്കൃത കൃഷി, പരിഷ്കൃതജീവിതം, പരിഷ്കൃതവ്യാപാരം' എന്ന വിപ്ലവാത്മകമായ ആദശ്ത്തിൻെറ നാന്ദിയാണ് സഹകരണപ്രസ്ഥാനം കുറിച്ചിട്ടുള്ളത്. ക്ഷയോന്മുഖമായ കുടിൽവ്യവസായങ്ങളെപുനരുജ്ജീവിപ്പിക്കുന്നതിന്നും, അധഃപ്പതിച്ച സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്നും, തൊഴിൽതേടി പട്ടണത്തിലേക്കുപോകുന്നതിനെ തടയുന്നതിന്നും ചുരുങ്ങിയതോതിൽ അത്സഹായകമായിട്ടുണ്ട്. കോടതിവ്യവഹാരം, മദ്യപാനം, ദുവ്യയം മുതലായ ദുർഗ്ഗുണങ്ങളെ സംഘാംഗങ്ങളിൽനിന്നകററാൻ സഹകരണസംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ധ്വദ്വീപായ നമ്മുടെ നാട്ടിൻെറ വലുപ്പവും ജനസംഖ്യയും നോക്കുമ്പോൾ സഹകരണപ്രസ്ഥാനത്തിന്ന് ലഭിച്ചിട്ടുള്ള പ്രചാരം വളരെ പരിമിതമാണെന്ന് നമ്മുടെ നാട്ടിലെ സഹകരണപ്രസ്ഥാനത്തിൻെറ ചരിത്രം പരിശോധിച്ചാൽ അനായാസേന മനസ്സിലാക്കാം. പല സ്ഥലങ്ങളിലും അംഗങ്ങൾക്ക് കിട്ടുന്ന പണം അവരുടെ ആവശ്യനിവ്വഹണത്തിന്നു മതിയാകാറില്ല. ചിലേടങ്ങ

ളിൽ പലിശത്തോത് വളരെ കൂടുതലാണ്. പല അംഗങ്ങളും സഹകരണതത്വങ്ങളെ ശരിക്കും അനുഷ്ഠിക്കാറില്ല. ചില സ്ഥലങ്ങളിൽ ഉല്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കും കടംകൊടുക്കാറുണ്ട്. ഇന്ന് സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കടം വായ്പ ഒഴിച്ച് മറെറാന്നും വേണ്ടവിധത്തിൽ നടക്കുന്നില്ല. സംഖ്യ കടം വാങ്ങിയാൽ മടക്കി അടക്കുന്ന കാര്യത്തിൽ അംഗങ്ങൾ വലിയ കൃത്യ നിഷ്ഠർഷയൊന്നും കാണിക്കാറില്ല. സംഘങ്ങളുടെ മേൽനോട്ടവും അത്ര കാര്യക്ഷമമാണെന്ന് പറഞ്ഞുകൂടാ.

അംഗങ്ങളെ സംഘങ്ങളിലേക്കാകർഷിക്കുന്നതിന്ന് വേണ്ടി ഇന്നത്തെ പ്രാഥമികസംഘങ്ങളെ വിവിധോദ്ദേശസംഘങ്ങളാക്കി മാററണം, കടംകൊടുക്കുന്നത് പ്രധാനമായും കൃഷിസംബന്ധമായ കാര്യങ്ങൾക്കായിരിക്കണം. തിരിച്ചടക്കാനുള്ള കഴിവിൽ കവിഞ്ഞപണം അംഗങ്ങൾക്കൊരിക്കലും കടംകൊടുക്കരുത്. സേവ, ശുപാർശ, കള്ളത്തരം, കക്ഷിവഴക്ക് മുതലായവ സംഘടനയിൽനിന്ന് ദൂരീകരിക്കണം. സകഹരണത്തിൻെറ പ്രചരണം നാമുദ്ദേശിക്കുന്നവിധത്തിൽ മുന്നേറണമെങ്കിൽ നിരക്ഷരകുക്ഷികളായ നമ്മുടെ ഗ്രാമീണരെ സാക്ഷരരാക്കാൻ അവിശ്രമം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇന്ന് ഇന്ത്യയുടെ ജനസംഖ്യയിൽ വെറും 17%ത്തിന്നു് മാത്രമാണ് അക്ഷരജ്ഞാനമുള്ളത്. ഡെന്മാർക്കും ഫിൻലണ്ടും സഹകരണപ്രസ്ഥാനത്തിൽ മുന്നേറിയിട്ടുണ്ടെങ്കിൽ അതിൻെറ പ്രധാനമായ കാരണം അവിടത്തെ ജനത വിദ്യാഭ്യാസസമ്പന്നരാണെന്നതാണ്. 1832ൽ 880 സ്കൂളുകളാണ് സോവിയററ് റഷ്യയിൽ സഹകരണതത്വങ്ങൾ പഠിപ്പിക്കുന്നതിന്നു് വേണ്ടി പ്രവർത്തിച്ചിരുന്നത്. കൂടാതെ സഹകരണത്തെ വിശകലനം ചെയ്യുന്ന പ്രസിദ്ധീകരണങ്ങളും സിനിമകളും നാട്ടിലുടനീളം പ്രചരിപ്പിച്ചിരുന്നു. സഹകരണത്തിൻെറ മഹത്തായ തത്വങ്ങളെയും അനുഷ്ഠാനങ്ങളെയും പ്രചരിപ്പിക്കുന്ന സ്ഥാപനങ്ങളും നാട്ടിലുടനീളം ഉയർന്നുവരേണ്ടിയിരിക്കുന്നു. അങ്ങനെ ഐകമത്യം മഹാബലം എന്ന തത്വമനുസരിച്ച്, ചെറുകർഷകർക്ക് വൻതോതിൽ, ശാസ്ത്രീയസമ്പ്രദായത്തിൽ, ഇന്നത്തെ കലപ്പയുടെ സ്ഥാനത്ത് കൃഷിയന്ത്രങ്ങളും നവീനോപകരണങ്ങളുപയോഗിച്ച് കൃഷിനടത്തി ആദായമുണ്ടാക്കാൻ കഴിയുന്നതാണ്. ദരിദ്രർക്ക് ഈ വിധത്തിൽ ഋണഭാരവും ദാരിദ്ര്യവും ഇങ്ങിനിവരാത്തവണ്ണം പരാശ്രയംകൂടാതെ നിഷ്കാസനംചെയ്തു ഐശ്വര്യപൂർണ്ണമായൊരു നവീനേന്ത്യ കെട്ടിപ്പടുക്കാവുന്നതാണ്. ചൂഷകരും ചൂഷിതരുമില്ലാത്ത, മർദ്ദകരും മർദ്ദിതരുമില്ലാത്ത, എല്ലാവർക്കും അവസരസമത്വം വാഗ്ദാനംചെയ്യുന്ന, സമത്വസുന്ദരമായ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥ (Socialistic pattern of Society) യിലേക്കുള്ള ഇന്ത്യയുടെ ദ്രുതഗതിയിലുള്ള പ്രയത്നത്തിൽ സഹകരണപ്രസ്ഥാനത്തിന്ന് നിർണ്ണായകമായ ഒരു പങ്ക് വഹിക്കാനുണ്ട്, തീർച്ച.

# സോഷ്യലിസ്റ്റ് പാറ്റേണും ഫിസ്കൽനയവും

(ടി. അബ്ദുള്ള, എം. കോം; എം. എ. എൽ. എൽ. ബി.)

**1956** ഡിസമ്പറിൽ ആവടിയിൽ വെച്ച് ചേർന്ന ഇന്ത്യൻ നേഷനൽ കോൺഗ്രസ്സ് സമ്മേളനം പ്രഖ്യാപിക്കുകയുണ്ടായി, സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള ഒരു സാമൂഹ്യക്രമം കെട്ടിപ്പടുക്കുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്നു്. എന്നാൽ ഇങ്ങിനെ ഒരു സമുദായം കെട്ടിപ്പടുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, നൂററാണ്ടുകളായി വിദേശീയാധീനത്തിൽ കഴിഞ്ഞുകൂടിയ ഇന്ത്യയിൽ എവിടെ നോക്കിയാലും നാം കാണുന്നത് ഫ്യൂഡലിസത്തിൻേറയും മുതലാളിത്തത്തിൻേറയും അടിയുറച്ച വേരുകളാണ്. ഒരു ഭാഗത്തു വമ്പിച്ച മുതലാളിമാരും ജെമിന്ദാർമാരുമുണ്ടെങ്കിൽ, മറെറാരു വശത്തു് പാർപ്പിടമോ ഉടുതുണിയോ ഒരു നേരത്തെ ഭക്ഷണത്തിന്നു വഴിയോ ഇല്ലാത്ത ഒരുകൂട്ടം തെരുവുതെണ്ടികളെയാണ് നാം കാണുന്നതു്. ഇന്ത്യയുടെ സാമ്പത്തികഘടനയിൽ ഏററവും മുഴച്ചുനില്ക്കുന്ന ഒരു പോരായ്മയാണ് ഈ വൈരുദ്ധ്യങ്ങൾ.

ഈ കാര്യത്തെക്കുറിച്ചു പല സാമ്പത്തികശാസ്ത്രജ്ഞന്മാരും പലപ്പോഴായി പഠനങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായിട്ടുണ്ട്. ഉദാഹരണമായി, 1924-ൽ പ്രഫസർ കെ. ടി. ഷായും ശ്രീ: കാമ്പട്ടയും നടത്തിയ പഠനത്തിൻെറ ഫലമായി അവർ ഇപ്രകാരം പറയുകയുണ്ടായി:

ഒരു നൂറുറുപ്പിക നൂറാളുകൾക്കിടയിൽ വിതരണം ചെയ്യുകയാണെങ്കിൽ, അതിൽ ഏതാണ്ട് മുപ്പത്തിമൂന്നുറുപ്പികയോളം ധനിക വർഗ്ഗത്തിൽപ്പെട്ട ഒരു വ്യക്തിക്കും മറെറാരു മുപ്പത്തിമൂന്നുറുപ്പിക ഇടത്തരക്കാരിൽപ്പെട്ട മുപ്പത്തിമൂന്നുപേർക്കും ബാക്കി സംഖ്യ അറുപത്തിആറുപേർക്കും ലഭിക്കുന്നതാണ്. ഇത്രയും കടുത്ത സാമ്പത്തികാസമത്വം ഉള്ളേടത്തോളംകാലം നാട്ടിന്ന് യാതൊരുവിധ പുരോഗതിയും സാദ്ധ്യമല്ല. കാരണം, പുരോഗതിക്കുള്ള ഏതൊരു പദ്ധതിയും ഈ അസമത്വത്തെ കൂടുതൽ ഉഗ്രതരമാക്കുകയല്ലാതെ കുറയ്ക്കുകയില്ല. ഇതുകൊണ്ടുതന്നെയാണ് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണ് ഇന്ത്യയ്ക്കു് ആവശ്യമെന്ന് ആവടിയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം തീരുമാനിച്ചതും, കേന്ദ്രസംസ്ഥാനഗവമ്മേണ്ടുകൾ ഈ ഉദ്ദേശംവെച്ച് പ്ലാൻ തയ്യാറാക്കിയതും.

നമ്മുടെ ലക്ഷ്യം സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള ഒരു സമുദായം കെട്ടിപ്പടുക്കുകയാണെന്നുവെക്കുമ്പോൾ നമ്മുടെ സമുദായത്തിൽ ഇന്നു് കാണുന്ന സാമ്പത്തിക നിമ്നോന്നതത്വങ്ങൾ ക്രമേണയായി പരിഹരിച്ചേ പററൂ. അതായത് കൂടുതൽ ധനം കൂട്ടിവെച്ചിരിക്കുന്ന വ്യക്തികളിൽനിന്നു് നിർദ്ധനരായ വ്യക്തികളിലേക്ക് ക്രമേണയായി മാററുകയാണ് ഇക്കാര്യത്തിൽ ഗവർമ്മെണ്ടിൻെറ കടമ. എന്നാൽ ഇങ്ങിനെ ഒരു കൈമാററം നടത്തുന്നതിന്നു് ഗവമ്മേണ്ടു സ്വീകരിച്ചുവരാറുള്ള സാമ്പത്തികനയത്തിന്നാണ് സാധാരണയായി ഫിസ്കൽ പോളിസി എന്നു് പറയാറു്.

നമ്മുടെ രാജ്യത്തു് ഒരു സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി ഉളവാക്കാൻ ഗവർമ്മെണ്ടു് പണംകൈമാററുന്നത് ഏതെല്ലാം

വിധത്തിലാണെന്നു് നമുക്ക് പരിശോധിക്കാം.

ഒന്നാമതായി ചുമതലുടമയുടെ വർഷാന്തവരവിൽനിന്നു ഒരു നിശ്ചിതപരിധിക്കപ്പുറം, ഒരു ക്ലിപ്തനിരക്കിൽ, ഒരു തുക ഗവമ്മെണ്ടു് ഭണ്ഡാരത്തിലേക്കു കൊടുക്കേണ്ടതാണു്. ഇങ്ങിനെ നേരിട്ടു് മുതലിന്റെ ഒരു ഭാഗം ഗവമ്മെണ്ടു് ഈടാക്കുന്നതിന്നാണു് ആദായനികുതി എന്നു് പറയുന്നതു്.

ഇതിന്നുപുറമെ 1957 മുതൽ നികുതിയന്വേഷണക്കമ്മിററിയുടെ ശുപാർശയനുസരിച്ചു് ഒരു "സച്ചാർജ്ജു് കം കമ്പൾസറി ഡെപ്പോസിററു് സ്കീം" നടപ്പാക്കപ്പെടുകയുണ്ടായി. ഈ മേൽനികുതി, സാരമായി കമ്പനികളെയാണു് ബാധിക്കുന്നതു്. ഇങ്ങിനെ ഒരുസ്കീം പ്രവത്തിച്ചാൽ സമ്പാദ്യം നിക്ഷേപവും വർദ്ധിപ്പിക്കുവാൻ ആളുകൾക്കു് പ്രചോദനമുണ്ടാകും.

1953ൽ ഇതേ ഉദ്ദേശത്തോടെത്തന്നെ മരണനികുതിയെന്ന മറെറാരു നികുതിയും ജനങ്ങളുടെമേൽ ചുമത്തുകയുണ്ടായി. മരണപ്പെട്ട വ്യക്തിയുടെ സ്വത്തിന്റെ വിലയിൽ, ഒരു നിശ്ചിതപരിധിക്കപ്പുറം, ഒരു പ്രത്യേകതോതിൽ, ഒരു തുക ഗവർമ്മെണ്ടിലേക്കു് ലയിക്കേണമെന്നതാണു് ഈ നികുതിയുടെ ഉദ്ദേശം. ഈ നികുതിമുഖേന കുറെ തലമുറകൾക്കു്ശേഷം സ്വത്തു് ഗവമ്മെണ്ടിലേക്കു് ലയിക്കുന്നതാണു്. അങ്ങിനെ ലഭിക്കുന്ന സ്വത്തു് ക്രമേണ അർഹരായ നിർദ്ധനക്കു് ലഭിക്കുന്നതുമാണു്.

ഈ നികുതികൊണ്ടു് വലിയൊരു വരുമാനം പെട്ടെന്നു് ഗവമ്മെണ്ടിന്നുണ്ടാവുകയില്ലെങ്കിലും സാമ്പത്തിക സാമൂഹ്യരംഗത്തു നിശ്ശബ്ദവിപ്ലവം നടക്കുമെന്നാണു് ഈ നികുതിയെപ്പററി സംസാരിക്കുമ്പോൾ അന്നത്തെ ധനകാര്യമന്ത്രി ശ്രീ: സി. ഡി. ദേശ്മുഖ് പാർലിമെണ്ടിൽ പ്രസ്താവിച്ചതു്. ഈ വിപ്ലവം കൂടുതൽ കാര്യക്ഷമമാക്കുവാൻവേണ്ടി ഇപ്പോൾ നികുതിക്കു് വിധേയമാകുന്ന സംഖ്യാപരിധി ഒരു ലക്ഷത്തിൽനിന്നു് അമ്പതിനായിരത്തിലേക്കു് താഴ്ത്താനും തീരുമാനിച്ചിരിക്കയാണു്,

ഇതിന്നു് പുറമെ, സാമ്പത്തിക സമീകരണം ദ്രുതഗതിയിൽ നടപ്പിലാക്കാനായി ഗവമ്മെണ്ടു് മററുചില പുതിയ നികുതികൾ കൂടി ചുമത്തിയിട്ടുണ്ടു്. ഇതിലൊന്നാണു് ധനനികുതി. ഈ നികുതിസമ്പ്രദായമനുസരിച്ചു വ്യക്തിയുടെ ആകെസ്വത്തിൽ രണ്ടു ലക്ഷത്തിൽ കവിയുന്ന സംഖ്യക്കു് പ്രത്യേകതോതിൽ ഗവർമ്മെണ്ടിലേക്കു് നികുതികൊടുക്കേണ്ടതാണു്. ഹിന്ദു കൂട്ടകുടുംബസ്വത്തിന്നു് മൂന്നു ലക്ഷത്തിന്റെമീതെ സ്വത്തുണ്ടെങ്കിൽ മാത്രമെ ഈ നികുതി കൊടുക്കേണ്ടതുള്ളു. കമ്പനികൾക്കാണെങ്കിൽ നികുതിയിൽനിന്നൊഴിവാക്കിയ സംഖ്യാപരിധി അഞ്ചു ലക്ഷം ഉറപ്പിക്കയാണു്.

ഇങ്ങിനെയൊരു നികുതി ചുമത്തുമ്പോൾ സാധാരണയായി ആളുകൾക്കു നികുതിയിൽനിന്നു് രക്ഷപ്പെടാനായി കൂടുതൽ ചെലവാക്കാനുള്ള ഒരു വാസനയുണ്ടായേക്കാം. എന്നാൽ അങ്ങിനെ വൃഥാ ചിലവാക്കാതിരിക്കാനും ആ പണമെല്ലാം നാട്ടിന്റെ നിർമ്മാണാത്മകമായ പരിപാടികൾക്കു് ലഭിക്കാനുമായി വ്യയനികുതി എന്ന മറൊരു നികുതിയുംകൂടി ഗവമ്മെണ്ടു ചുമത്തുന്നുണ്ടു്.

ഇതിന്നു് പുറമെ മൂലധനമായി നിക്ഷേപിച്ചിട്ടുള്ള സ്വത്തിന്റെ ആദായത്തിന്നു് മൂലധനാദായനികുതിയെന്ന മറൊരു നികുതിയും സ്വത്തോ ധനമോ പലർക്കായി ദാനം ചെയ്തു മരണനികുതിയിൽനിന്നു രക്ഷപ്പെടാ

തിരിപ്പാനായി ദാനനികുതിയും ചുമത്താൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ട്.

ഇങ്ങിനെ പല ഇനത്തിലായി നികുതി വസൂലാക്കുകകാരണം ധനികരുടെധനം കുറേ ശ്ശയായി കുറഞ്ഞുവരുന്നു. എന്നാൽ അതു് എങ്ങിനെ മററുള്ളവക്ക് ലഭിക്കുന്നു എന്നുള്ളതാണ് ഇനിയത്തെ പ്രശ്നം.

പല ഇനത്തിലായി ഗവമ്മെണ്ടു ഈടാക്കുന്ന പണം പല ഉല്പാദനപദ്ധതികളിലും സാമൂഹ്യോൽല്കൃഷ്ട പദ്ധതികളിലും ചിലവാക്കുന്നു. അപ്പോൾ സാധാരണ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുകയും നാട്ടിൻെറ പൊതുസമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന്നുപുറമെ ജനങ്ങൾ തന്നെ പല പദ്ധതികളും സ്വന്തമായി നടത്തുവാനുദ്ദേശിക്കുന്നവെങ്കിൽ ആവശ്യമായിവരുന്ന സംഖ്യയിൽ പോരാതെ വരുന്നതുക ഗവമ്മേണ്ട് കടമായികൊടുക്കുന്നു. അങ്ങിനെ താഴ്ന്ന വരുമാനക്കാരുടെജീവിതനിലവാരവും വരുമാനവും വദ്ധിക്കുന്നു. ഇവരുടെ ഉദ്യമങ്ങൾക്ക് വേണ്ടത്രവിപണി ഉണ്ടാക്കാനായി ഗവമ്മേണ്ട് അവരുടെ താരിപ്പ് സമ്പ്രദായത്തിലും മാററങ്ങൾ വരുത്തുന്നു. ഇപ്പോൾതന്നെ മറുനാട്ടുകളിൽനിന്നുള്ള ഇറക്കുമതി വളരെ കുറച്ചിരിക്കയാണ്. മാത്രമല്ല നമ്മുടെ ഉൽപ്പാദന വസ്തുക്കൾ കൂടുതലായി കയററി അയക്കാനായിപ്രത്യേകം സാമ്പത്തികാനുകൂല്യങ്ങളും നികുതിയൊഴിവുകളും ഗവമ്മേണ്ട് നൽകുന്നു. കയററുമതിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കാനായി പ്രത്യേകം പ്രത്യേകം കയററുമതി കൌൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

ഇതിനെല്ലാം പുറമെ, പൊതുവിലെല്ലാവക്കും ആവശ്യമായതും സ്വകാര്യഉടമയിൽ വെച്ചിരുന്നാൽ അതു വേണ്ടത്ര പൊതുജനങ്ങൾക്ക് ഉപകാരപ്രദമാവുകയില്ലെന്ന് കാണുന്നതുമായ എല്ലാ സ്ഥാപനങ്ങളും ഗവമ്മേണ്ട് നേരിട്ട് നടത്തുകയോ അല്ലെങ്കിൽ ശരിയായ നിയന്ത്രണത്തിൽ കൊണ്ടുവരികയോ ചെയ്യുന്നുണ്ട്. പൊതുതാല്പര്യത്തിന്നായി എന്തും ഏതവസരത്തിലും പ്രതിഫലംനൽകി പിടിച്ചെടുക്കാനുള്ള നിയമവും ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇതോടൊപ്പംതന്നെ ചില സാധനങ്ങളുടെ വില്പനയും സ്റ്റെയിററ് നേരിട്ടു ഏറെറടുത്ത് നടത്തുന്നുണ്ട്. ഇങ്ങിനെ പലവിധേന ഗവമ്മെണ്ട് സ്വകാര്യഉടമയിൽ നടത്തുന്ന സാധനങ്ങളുടെമേൽ വേണ്ടത്ര നിയന്ത്രണം ചെലുത്തിയും, കുറേശ്ശയായി പല സ്ഥാപനങ്ങളും സ്റ്റേററ് ഉടമയിൽ കൊണ്ടുവന്നും ഒരു സാമ്പത്തിക സമീകരണത്തിന്നുള്ള എല്ലാനടപടികളും എടുത്തുകൊണ്ടിരിക്കയാണ്. പക്ഷെ റഷ്യയിലും മററും നിലവിലുള്ള മാതിരി ഒരൊററയടിക്ക് ഒരു സമീകരണമുണ്ടാക്കുവാൻ ഇന്ത്യ ഇഷ്ടപ്പെട്ടുന്നില്ല. കാരണം അങ്ങിനെയാവുമ്പോൾ വമ്പിച്ച ഭവിഷ്യത്തുകൾ നേരിടും. ചോരപ്പുഴതന്നെ ഒഴുക്കേണ്ടിവരും. വളരെ സമാധാനപരവും, അതേഅവസരത്തിൽ ഉല്കൃഷ്ടപരവുമായ ഒരു സാമ്പത്തികനയമാണ് ഇന്ത്യ കൈക്കൊണ്ടിട്ടുള്ളത്. പണ്ഡിററ് ജവഹരിലാൽ നെഹ്റു തന്നെ ഒരിക്കൽ പറയുകയുണ്ടായി "ഒരൊററയടിക്ക് സമീകരണം നടത്തി ദാരിദ്ര്യം ഭാഗിച്ചുകൊടുക്കുന്ന ഒരുസോഷ്യലിസമല്ല നമ്മുടെലക്ഷ്യമെന്നു." അതുകൊണ്ട് തന്നേയാണ് ഈ ലക്ഷ്യത്തെ ഒരു സോഷ്യലിസ്റ്റിക പാറേൺ എന്ന് വിളിക്കുന്നതും.

# സൈക്കോഫൻറ്

(എം. സി. കുഞ്ഞഹമ്മദ് III B. A.)

ലോകത്തെ ഒരു സ്റ്റേജായും മനുഷ്യരെ നടന്മാരായും ഷെക്‌സ്പിയർ കല്പിച്ചപ്പോൾ അദ്ദേഹം സൈക്കോഫൻറിനെ മനസ്സിൽ വെച്ചുകൊണ്ടുതന്നെയായിരിക്കണം അതു പറഞ്ഞതു്. ഈ വിശാലമായ ലോകത്തിൽ സൈക്കോഫൻറുമാർക്കുള്ള സ്ഥാനം എത്ര മാത്രമാണുള്ളതെന്നു് അളക്കാൻ പ്രയാസമാണു്. പരമാണുവെയും അതിന്നുള്ളിലെ ചില ഘടകങ്ങളേയും അളന്നുകണക്കാക്കി വേഗത നിർണ്ണയിച്ചു് സമാധാനം നിലനിർത്തുവാനുള്ള ശ്ലാഘനീയമായ ശ്രമം നടക്കുന്ന ഒരു കാലമാണല്ലൊ ഇതു്. എന്നാൽ, ശാസ്ത്രപടുക്കൾ സൈക്കോഫെൻറുമാർക്കുള്ള സ്ഥാനം ഇതുവരെ അളക്കുവാൻ യാതൊരുശ്രമവും നടത്തിയതായി നാം പറഞ്ഞു കേട്ടിട്ടില്ല. ശോചനീയം! അല്ലെങ്കിൽ സൈക്കോഫെൻറിനെ ഒഴിച്ചു നിർത്തി ലോകത്തിൽ വല്ലകാര്യവും ചെയ്യാനൊക്കുമോ? ഇവിടെയാണു് ലോകത്തിന്നുപററിയ ഭീമമായ അമളി. ഒരു മൂന്നാം ആഗോളയുദ്ധം ഉണ്ടാകുമോ, ഉണ്ടാകട്ടെ, ഉണ്ടാകരുതു്, ഉണ്ടായിട്ടെന്തു്, ഉണ്ടായാൽ......?—എന്നിങ്ങനെ പോകുന്ന ചിന്തകൾ മനുഷ്യമസ്തിഷ്കത്തെ പ്രശ്നങ്ങളുടെ തീച്ചൂളയിലിട്ടു തപിപ്പിക്കുന്ന ഒരു കാലഘട്ടവും കൂടിയാണല്ലൊ ഇതു്. ഈ കാലഘട്ടത്തിൽകൂടി സൈക്കോഫെൻറിന്നുള്ള അദ്വിതീയമായ സ്ഥാനം എത്രമാത്രമുണ്ടെന്നു അളന്നുകണക്കാക്കാത്തതിൻെറപേരിൽ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണശാലകളുടെ മുമ്പിൽ നിരാഹാരവ്രതം, കുത്തിയിരുപ്പുസത്യാഗ്രഹം മുതലായ അക്രമരാഹിത്യ പ്രതിഷേധമാർഗ്ഗങ്ങളുപയോഗിക്കേണ്ടതു് ജനതതിയുടെ ഇന്നത്തെ നീറുന്ന പ്രശ്നങ്ങളിൽ ഒന്നാണെന്നതിന്നു അഭിപ്രായം രണ്ടില്ല. [മനുഷ്യ മാരകായുധനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒന്നാംക്ലാസ് ശാസ്ത്രജ്ഞന്മാരെ ഇതിൽനിന്നു ഒഴിവാക്കുന്നതാണു്. അവരുടെ അക്ഷീണയജ്ഞം പുരോഗതിയിലേക്കിനിയും ഉയരട്ടെ!]

സൈക്കോഫൻറ് ആരാണെന്നു ഞാൻ പറയണൊ? വേണ്ട! പറയാതെതന്നെ അറിയുന്നവരോടു് പറയാതിരിക്കുന്നതൊരു രസമാണെന്ന വിശ്വാസമാണു് ഇപ്പോൾ എന്നെ കാക്കുന്നതു്. ഇനി ആ വാക്കിനെപ്പററി വല്ല സംശയികളുമുണ്ടെങ്കിൽ നിഘണ്ടുനോക്കട്ടെ. **Sycophant** നിഘണ്ടു നോക്കുന്നതു് നല്ലതാണെന്നു് പാർട്ടിഭേദമെന്യേ എനിക്കു പറയാൻകഴിയും. എന്തെന്തില്ലമൊക്കെ പറയുമ്പോൾ അതിന്നൊരു മൂലതത്വവും പരിണാമഗുപ്തിയുമൊക്കെ വേണമെന്നാണല്ലോ വാസനാവൈഭവമുള്ള ആസ്വാദകരുടെ ആവശ്യം. ബ്രഹ്മചാരികൾക്കു കൂടി അഭിപ്രായവ്യത്യാസമില്ലാത്ത ഒരു കാര്യമാണിതു്. പണ്ടൊക്കെ സന്യാസികൾ തപശ്ചര്യക്കു കാനനത്തിലേക്കു് പുറപ്പെട്ടപ്പോൾ ഓരോനിഘണ്ടുവും കയ്യിൽ കരുതാറുണ്ടെന്നു് ചില താളിയോല ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. എന്നാൽ ഇപ്പോഴത്തെ ചില നാടകങ്ങൾക്കുള്ളത്ര പിരിമുറുക്കമൊന്നും നിങ്ങളിക്കാര്യത്തിൽ പ്രതീക്ഷിക്കേണ്ടതില്ല.

കുറെയൊക്കെ പിരി അയവുവരുത്തിക്കൊണ്ടു് എഴുതണമെന്ന ഉദ്ദേശക്കാരനാണ് ഞാൻ. വിശിഷ്യാ, സൈക്കോഫൻറിനെക്കുറിച്ചു് എന്തുപറയുമ്പോഴും (പിരി വളരെ അയവാക്കിയേ അതിന്നു തുനിയാവൂ എന്നു് എൻെറ ഭാവനാദേവി പല പ്രാവശ്യവും എന്നോടു് പറഞ്ഞിട്ടുള്ളതാണ്. എൻെറ ഭാവനാദേവി ചില സമയങ്ങളിൽ ആപൽക്കരമായ ചിലപ്രസ്സുനോട്ടുകൾ ഇറക്കാറുണ്ടു്. സൈക്കോഫൻറു് അവളെ പലതവണ ഭീഷണിപ്പെടുത്തിയതു് കാരണമാണ് ഇത്തരം പ്രസ്സുനോട്ടുകളിറക്കുന്നതെന്നു് ജനങ്ങൾ പറയാറുണ്ടെങ്കിലും ഞാനതിനെ ബലമായി നിഷേധിക്കലാണ് പതിവ്. അപ്പോൾ ഇനി ഏതായാലും സൈക്കോഫൻറിനാൽ ചകിതയായ ആ ആയതാക്ഷിയുടെ ആക്ഷേപങ്ങളെ നിരസിക്കുവാൻ നിവ്വാഹമില്ല.

സൈക്കോഫൻറിനു ലോകത്തോടു പൊതുവായും എൻെറ ഭാവനാദേവിയോടു പ്രത്യേകമായുമുള്ള ചില ബന്ധങ്ങളുടെ തനിനിറം ഇതൊക്കെയാണെന്നു ഇതിനകം നിങ്ങൾക്കൂഹിക്കാനെങ്കിലും കഴിഞ്ഞിരിക്കും. നിങ്ങൾ ഊഹിക്കണം. ഊഹം രണ്ടുതരത്തിലാണെന്നു ലോജിക്പ്രകാരം പറയുന്നുണ്ടല്ലൊ. എന്നാൽ ഇവിടെ അതിൽ പറയുന്നപോലെ Immediate inference സാധിക്കുകയില്ല എന്നാണ് എൻെറ അനുഭവം. അല്ലെങ്കിലും ഊഹങ്ങളും സങ്കല്പങ്ങളുമാണ് ലോകത്തെ നിയന്ത്രിക്കുന്നതെന്ന വസ്തുത ഞാനെന്തിന്നു തിരസ്ക്കരിക്കണം? സൈക്കോഫൻറിനെപ്പററി നിങ്ങൾ യാതൊന്നും ഊഹിക്കേണ്ടതില്ല. നിങ്ങളുടെ ജീവിതം തൂങ്ങിക്കിടക്കുന്നതുതന്നെ സൈക്കോഫൻറിൻെറ ചുമലിലായിരിക്കുമെന്നു വളരെ ഉറപ്പിച്ചു പറയുവാനെനിക്കു കഴിയും. (എൻെറ അനുഭവം അങ്ങിനെയാണേ) ചില പുരുഷകേസരികൾ തങ്ങളുടെ ഭാര്യമാരുടെ ചൊൽപ്പടിയിൽ ജീവിക്കുന്നതായും മററും പറഞ്ഞുകേട്ടിട്ടുണ്ടു്. അങ്ങിനെയുള്ള പുരുഷപുംഗവരെ പെണ്ണൻ എന്നോ പെണ്ണാലിയെന്നോ പറയുന്നതിന്നു യാതോരുവിരോധവുമില്ലായെന്നു് പരക്കെ സമ്മതിച്ച ഒരു പരമാർത്ഥമാണ്. എന്നാൽ സൈക്കോഫൻറിൻെറ ചൊൽപ്പടിയിൽ നിൽക്കുന്ന ഒരാളെ മേല്പറഞ്ഞപോലെ വിളിക്കാൻ ഞാൻ അനുവദിക്കുകയില്ല. കാരണം? അതൊക്കെ ഒരു ടെക്നിക്കല്ലെ?

ചുരുങ്ങിയതു് ഒരു സൈക്കോഫൻറിനെക്കുറിച്ചെങ്കിലും പറയാനില്ലാത്ത ആളുകൾ ചുരുങ്ങും. അവരുടെ സാമ്രാജ്യം വിസ്തൃതമാണ്. ഓഫീസ്സുകളിൽ, കോളേജുകളിൽ, ഹോസ്റ്റലുകളിൽ, കോ–ഓപ്പറേററീവ് സൊസൈററികളിൽ, ("സൊസൈററിയെ തെററിദ്ധരിക്കാതിരിപ്പാൻ അപേക്ഷ. സാക്ഷാൽ മദ്യത്തിന്നു് സൊസൈററി എന്ന പേർ ചില മദ്യപാനികളും മദ്യജീവനക്കാരും നല്കിവരുന്നുണ്ടത്രെ! ഇത് ആശ്വാസകരംതന്നെയാണ്.) സക്സ്സ് കമ്പനികളിൽ, പട്ടാള പോലീസ്സുകേമ്പുകളിൽ, (മാതൃകാ പോലീസ്സുകാരുടെഇ - യിൽ ഉണ്ടോ എന്തോ) ബാങ്കുകളിൽ, (ഇവയെ കഫാലയമെന്നു ചില അല്പജ്ഞാനികൾ വിളിച്ചുവരുന്നതു് ആരോഗ്യപ്രദമല്ല)എന്നുവേണ്ട മക്കറോണി ഗവേഷണ ശാലകളിൽപോലും ഇപ്പോൾ സൈക്കോഫൻറുമാർ തങ്ങളുടെ സ്ഥാനം ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പൊതുവെ നോക്കുകയാണെങ്കിൽ എല്ലാ സൈക്കോഫൻറുമാർക്കും ചില കാര്യങ്ങളിൽ തമ്മിൽ തമ്മിൽ സാമ്യമുള്ളതായിക്കാണാം.

ആവശ്യമുള്ളിടത്തു നാരദനായി ചമയുക, (പക്ഷെ ഇവർ ഇതുവരെ യാതൊരു ശാപവും ഒരാൾക്കും കൊടുത്തിട്ടില്ലെന്നാണ് സൈക്കോഫൻറുമാരുടെ ഒരു അനിഷേധ്യ

നേതാവ് ഇന്നലെ രാത്രി എന്നോടുപറഞ്ഞതു്) അന്യക്കുവേണ്ടി മരിക്കാൻ തയ്യാറെടുക്കുക (ഇവിടെ ഹനുമാനെയാണ് ഓർമ്മവരുന്നതു്.) ആകൃതിയിലും ചില ഹനുമാൻമാർക്കു് സൈക്കോഫൻറുകൾ ആഫ്രിക്കയിലുള്ളതായി എൻെറ ഏററവും അടുത്ത സ്നേഹിതൻ അവിടെനിന്നുള്ള ഒരു കമ്പിസന്ദേശത്തിൽ അറിയിച്ചിരിക്കുന്നു.) എൻെറ ഭാവനാദേവിയുമായി സംഘർഷാവസ്ഥയിലിരിക്കുന്ന സൈക്കോഫൻറിൻെറ ആ തി ഞാൻ മരിച്ചാലും മറക്കുകയില്ല. ലോകത്തിൽവെച്ചു് ഞാനേററവും ഭയപ്പെടുന്ന ഒരു സത്വമാണത്. (മനുഷ്യനാണെ!) ഇന്നലെ ഞാൻ തൃശ്ശൂർ ടൗണിൽക്കൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ (സൊസൈററിയുടെ അരികിൽക്കൂടെയല്ല.) ഒരു വൃദ്ധൻ (വസ്ത്രംകൊണ്ട് അങ്ങിനെ തോന്നിയതോ എന്തോ) എൻെറ കയ്യിലേക്കു് ഒരു ചുകന്ന നോട്ടീസ്സ് ഇട്ടുതന്നു. വാസ്തവം പറഞ്ഞാൽ ഞാൻ കുറച്ചൊന്നു് ഭയപ്പെട്ടു. കാലം അതല്ലെ. Warning എന്ന അതിലെ തലവാചകം എന്നെ ഭയവിഹ്വലനാക്കി. ഞാനാ കടലാസ്സ് സ്ലാക്കിൻെറ പോക്കററിൽ വെച്ചു. സ്ലാക്കിൻെറ പോക്കററിൽ കടലാസ്സുവെക്കാനുള്ള സുഖം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. കുറെനടന്നു ആൾപെരുമാററമില്ലാത്ത ഒരു സ്ഥലത്തെത്തിയിട്ടാണ് ഞാനതു നിവർത്തിയതു്. ''യേശുക്രിസ്തു-ദൈവപുത്രൻ ഇതാവരുന്നു. നിങ്ങൾ നിങ്ങളുടെ കുററങ്ങളെപ്പററി എന്തുപറയുന്നു''? ഇതായിരുന്നു അതിലെ ഉള്ളടക്കം. ഞാനെന്തു് പറയാനാണ്. യേശുക്രിസ്തുവിനെ ചില്ലിത്തുട്ടുകൾക്കുവേണ്ടി ഒററിക്കൊടുത്ത ജൂതാസുകളുടെ കൂട്ടത്തിലും സൈക്കോഫൻറുമാരുണ്ടല്ലോ. എന്നാൽ അവരുടെ കാര്യം ഒരു ഭാഗത്താക്കിയിട്ടല്ലെ നമ്മുടെകാര്യം എടുക്കുകയുള്ളൂ. അതുവരെ സമാധാനമാണല്ലോ. പിന്നെ, എനിക്കാ Warning വെറും പുല്ലായിരുന്നു.

''കനകംമൂലം കാമിനിമൂലം കലഹം പല വിധമുലകിൽ സുലഭം'' ഈവക കാര്യങ്ങളൊക്കെ കലഹഹേതുവാണെന്നൊക്കെ പറഞ്ഞാലും സൈക്കോഫൻറിന്നതു തൃണസമാനമാണ്. തൻെറ അഭിപ്രായങ്ങളെന്തും വ്യക്തിത്വമുള്ളതല്ലെ. വ്യക്തിത്വമെന്നുപറഞ്ഞാൽ സ്വന്തം വ്യക്തിത്വമാവണമെന്നില്ലല്ലോ. തൻെറ മേൽപദവിക്കാരൻ എന്തുപറഞ്ഞാലും അതുതന്നെ തൻേറയും അഭിപ്രായം! അപ്പോൾ അതും ഒരാളുടെ വ്യക്തിത്വമാണല്ലോ. മററുള്ളവരുടെ കാര്യങ്ങൾ സ്വന്തമായേററനുഭവിക്കുന്നതു് വലിയ ത്യാഗമല്ലെ? അവനവനാത്മസുഖത്തിനാചരിക്കുന്നവ യപരന്നു ഗുണത്തിന്നായ്‌വരേണം''. ഈ തത്വപ്രകാരം അവനവന്നു നട്ടെല്ലുണ്ടായാലും, ഇല്ലെങ്കിലും, ഓ! കാര്യമെല്ലാം ശരി. ഇതാണ് ഒരു സൈക്കോഫൻറിൻെറ മർമ്മപ്രധാനമായ ലക്ഷണം.

''ചെരുപ്പുനക്കികളെന്നു'' മലയാളത്തിൽ പറയുന്നുണ്ടല്ലോ. ആ സ്വഭാവക്കാരാണ് നിഘണ്ടുപ്രകാരം ഒരു സൈക്കോഫൻറു്. ഈ ഒരുകാര്യം അവരുടെ ഭാഷയിൽ എത്ര നല്ലതാണ്! മഹാത്മാ ഗാന്ധിയെപ്പോലും 'വെള്ളക്കാരുടെ ചെരിപ്പുനക്കി'യെന്നു പറയാൻ മടിക്കാത്ത കപടലോകമല്ലെയിതു്! തങ്ങളും ചെരിപ്പുനക്കികളായി മാറിയാൽ തന്നെയെന്തു് എന്ന ന്യായം ഇവിടേയും പറയാം. ശരി. പിന്നെ ചില കിംവദന്തികളുണ്ടാക്കി തടിതപ്പാൻ ഒരു നല്ല സൈക്കോഫൻറിന്നറിയാതിരിക്കയില്ല,

പണത്തിൻെറ കാര്യംവന്നാൽ നിങ്ങളുടേയും എൻേറയും സൈക്കോഫൻറിൻെറ നയം ഒന്നാണ്. വേണമെങ്കിൽ കുറെ പഞ്ചശീല തത്വങ്ങളും ഇതിൽ അവർ കൊണ്ടുവന്നേക്കാം. പഞ്ചശീല തത്വങ്ങളെപ്പററി പറഞ്ഞപ്പോൾ ചില സൈക്കോഫൻറുമാരുടെ ഇടയിൽ നടപ്പുള്ള ചില പഞ്ചതന്ത്രങ്ങ

ളെപ്പററിയാണ് എനിക്ക് ഓൎമ്മ വരുന്നതു്. ഓരോ തന്ത്രങ്ങളേയും ഞാൻ വിവരിക്കാം.

